# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 ജൂലൈ 9 | ദീപം 53 | നാളം 10 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com










# തുള്ളി തുള്ളിയായി ദുരിതം പിഴിഞ്ഞ് കേന്ദ്രം



■ ജോർജ് കള്ളിവയലിൽ

**കൊ**ടിയ ദുരിതത്തിലുള്ള സാധാരണക്കാരന്റെമേൽ തുള്ളിതുള്ളിയായി കേന്ദ്രസർക്കാർ ദുരിതം സമ്മാനിക്കുകയാണ്. രാജ്യത്ത് പെട്രോൾ, ഡീസൽ വിലകൾ കഴിഞ്ഞ ജൂൺ ഏഴിനുശേഷം 22 തവണയാണു കൂട്ടിയത്. അതും അന്താരാഷ്ട്രവിപണിയിൽ എണ്ണവില താരതമ്യേന വളരെ കുറഞ്ഞുനിൽക്കുമ്പോൾ. കോവിഡും ലോക്ഡൗണുംമൂലം കഷ്ടതയനുഭവിക്കുന്നവരുടെ മേലാണ് ഇടിത്തീപോലെ ഇന്ധനവിലകൂട്ടലിന്റെ ഭാരവും അടിച്ചേല്പിക്കുന്നത്.

കേരളത്തിൽ ബസ് ചാർജ് കൂട്ടിക്കഴിഞ്ഞു. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരെയും സാധാരണക്കാരെയുമാണ് ഇതു പ്രതികൂലമായി ബാധിക്കുക. അരിയും ധാന്യങ്ങളും തുടങ്ങിയ അവശ്യസാധനങ്ങൾ മുതൽ പാലും മുട്ടയും മത്സ്യമാംസാദികളും പച്ചക്കറികളും പഴങ്ങളുംവരെയുള്ള എല്ലാ സാധനങ്ങൾക്കും വില കൂടുന്നു. വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ ഒഴിവാക്കാനാവാത്ത ഒട്ടേറെ ചെലവുകളും ദിനംപ്രതി ഉയരുകയാണ്. റബർ അടക്കമുള്ള കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചയ്ക്കു പിന്നാലെ നീണ്ടുനിന്ന ലോക്ഡൗണും സാധാരണക്കാരുടെ ജീവിതം പൊറുതിമുട്ടിക്കുന്നതിനു പുറമേയാണ് ഇന്ധനവിലയിലെ കൊടുംക്രൂരത.

പ്രയാസം അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസവും സംരക്ഷണവും നൽകേണ്ട സർക്കാർ പക്ഷേ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞ് ക്രൂരതയിൽ ആനന്ദം അനുഭവിക്കുന്ന ഒരുതരം സാഡിസ്റ്റ് മനോഭാവത്തിലാണ്. വൈദ്യുതിബില്ലുകൾകൊണ്ട് കേരളസർക്കാർ ഷോക്കടിപ്പിക്കുന്നതിന്റെകൂടെയുള്ള ഇന്ധനവിലകൂട്ടൽ സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. ജൂൺ ഏഴു മുതൽ 22 ദിവസത്തിനിടെ പെട്രോൾ ലിറ്ററിന് 8.28 രൂപയും ഡീസലിന് 10.34 രൂപയുമാണു കൂട്ടിയത്. രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും ശരാശരി വില ഇതോടെ 80 രൂപയ്ക്കു മുകളിലായി.

### ക്രൂഡ് ഓയിൽ വിലയിലെ കുറവ്

അന്താരാഷ്ട്രവിപണിയിലെ അസംസ്കൃത എണ്ണവില മുൻകാലങ്ങളിലേക്കാൾ കുറഞ്ഞുനിൽക്കുമ്പോഴാണ് ഇന്ത്യയിൽ പെട്രോളിന്റെയും ഡീസലിന്റെയും ചില്ലറ വില്പനവില കൂട്ടുന്നത്. ഇന്ത്യ വാങ്ങുന്ന ക്രൂഡ് ഓയിലിന്റെ വില കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കിലെത്തിയിരുന്നു. ഏപ്രിൽ 28ന് ബാരലിന് 16.19 ഡോളറായി കുറഞ്ഞു. ഏപ്രിലിൽ ക്രൂഡ് ഓയിലിന്റെ ശരാശരി വില ബാരലിന് 19.9 ഡോളറായിരുന്നു. മേയ് മാസത്തിൽ ഇത് ശരാശരി 30.60 ഡോളറായിരുന്നു. ജൂൺ 25ന് വില ബാരലിന് 40.66 ഡോളറായിരുന്നു വില. അപ്പോഴും അസംസ്കൃതഎണ്ണവില മുൻവർഷങ്ങളിലേക്കാൾ വളരെയേറെ താഴെയാണ്.

▶10

## അതിർത്തിയിലെ സംഘർഷം
# ആശങ്കയുടെ നാളുകൾ



■ തോമസ് കുഴിഞ്ഞാലിൽ

"ഇന്ത്യയുടെ മണ്ണിൽ ആരും അതിക്രമിച്ചുകയറിയിട്ടില്ല. യഥാർത്ഥ നിയന്ത്രണരേഖ ലംഘിക്കാനുള്ള ഏതു നീക്കത്തെയും ശക്തമായി നേരിടും. നമ്മുടെ രാജ്യത്തിന്റെ അതിർത്തി കാത്തുസംരക്ഷിക്കാൻ നാം ബാധ്യസ്ഥരാണ്. സമാധാനമാണ് ഇന്ത്യ എന്നും ആഗ്രഹിക്കുന്നത്."

ഈ മാസം 15-ാം തീയതി അർദ്ധരാത്രിയോടെ വടക്കുകിഴക്കൻ ലഡാക്കിലെ നിയന്ത്രണരേഖ കടന്നെത്തിയ ചൈനീസ് ഭടന്മാരുമായി ഇന്ത്യൻ സൈന്യം ഏറ്റുമുട്ടിയതിനെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തോടായി ചെയ്ത പ്രക്ഷേപണത്തിലെ ഏതാനും വാക്കുകളാണിവ. 1962 ലെ ഇന്ത്യാ-ചൈന യുദ്ധത്തിൽ നഷ്ടമായ അക്സായ് ചിന്നിനു പടിഞ്ഞാറുഭാഗത്തെ ഗൽവാൻ താഴ്‌വര കേന്ദ്രീകരിച്ചായിരുന്നു സംഘർഷം. ഏറ്റുമുട്ടലിൽ കമാൻഡിംഗ് ഓഫീസറായിരുന്ന കേണൽ ബി. സന്തോഷ് ബാബുവിന്റെയും 19 സൈനികരുടെയും ജീവൻ നഷ്ടമായി.

തന്ത്രപ്രധാനമായ ഗൽവാൻ താഴ്‌വര കൈവശപ്പെടുത്താനുള്ള ചൈനയുടെ ആസൂത്രിത നീക്കങ്ങൾക്കൊടുവിലാണ് ഏറ്റുമുട്ടൽ നടന്നത്. ചൈനയുടെ സൈനിക നീക്കങ്ങൾ ലാഘവബുദ്ധിയോടെ കണ്ടതിനാൽ അവരെ ഫലപ്രദമായി നേരിടുന്നതിൽ നാം പരാജയപ്പെട്ടു. ആയിരത്തോളം വരുന്ന ശത്രുസൈന്യത്തെ നേരിടാൻ നൂറോളം ഇന്ത്യൻ സൈനികർ മാത്രം! ഏറ്റുമുട്ടലിൽ 35 ചൈനീസ് ഭടന്മാരും കൊല്ലപ്പെട്ടുവെന്ന് സ്ഥിരീകരിക്കാത്ത വാർത്തയുണ്ടായിരുന്നു.

▶12



# പൗരോഹിത്യം സമ്പൂർണ്ണസമർപ്പണം



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

4




എമിരറ്റസ് ബെനഡിക്ട് പാപ്പാ യുടെ പഠനം നമ്മളെ നയിക്കുന്നത് പൂർണബ്രഹ്മചര്യം പുതിയ നിയമത്തിലെ പുരോഹിതന്റെ അസ്തിത്വത്തിന്റെ അവശ്യഘടകംതന്നെയാണെന്ന ബോധ്യത്തിലേക്കാണ്. വായനക്കാർക്കു തോന്നാവുന്ന പല സംശയങ്ങൾക്കും അദ്ദേഹവും കർദ്ദിനാൾ സറായും പിന്നാലെ മറുപടി നല്കുന്നുണ്ട്. ആദിമസഭയിൽ യഹൂദപാരമ്പര്യത്തിൽനിന്നുതന്നെയാണ് ഈ ജീവിതാവസ്ഥ ഉരുത്തിരിയുന്നത്.

കർത്താവിന്റെ സഭയിൽ പുരോഹിതൻ എല്ലാ ദിവസവുംതന്നെ ദിവ്യരഹസ്യങ്ങളുമായി സമ്പർക്കത്തിലായതിനാൽ വിവാഹം സാധ്യമല്ലാതായി. വിവാഹവും പൗരോഹിത്യംപോലെ സമ്പൂർണസമർപ്പണം ആവശ്യപ്പെടുന്നതിനാലാണിത്.

എന്നാൽ, ഇതെല്ലാം ശരീരത്തെയും ലൈംഗികതയെയും മോശമായ എന്തോ ആയി കണ്ടതിനാലാണെന്ന് ഇക്കാലത്ത് പലരും വളരെയെളുപ്പം തറപ്പിച്ചു പ്രസ്താവിക്കുന്നു. നാലാം നൂറ്റാണ്ടിൽത്തന്നെ ഇങ്ങനെ ഒരു വിമർശനമുണ്ടായിരുന്നു. എന്നാൽ, സഭാപിതാക്കന്മാർ ഈ വാദം തള്ളിക്കളഞ്ഞു. വിവാഹത്തെ ദൈവസ്ഥാപിതമായും കൂദാശയായുമാണ് ആദിമസഭ വീക്ഷിച്ചിരുന്നത്.

ആദിമസഭയിൽ വിവാഹിതർക്കു പട്ടംകൊടുത്തിരുന്നത് വിരക്തജീവിതം നയിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തശേഷമായിരുന്നു. ആ ദമ്പതികളുടെ ജീവിതത്തെ 'യൗസേപ്പിതാവിന്റെ ദാമ്പത്യം' എന്നു വിശേഷിപ്പിച്ചിരുന്നുവെന്ന് ബെനഡിക്ട് പാപ്പാ രേഖപ്പെടുത്തുന്നു. അപ്രകാരം ജീവിച്ചിരുന്നവർ ആദിമസഭയിൽ ധാരാളമുണ്ടായിരുന്നെന്നും അവരതിൽ അപാകത കണ്ടിരുന്നില്ലെന്നും അടുത്തകാലത്തു നടന്ന പഠനങ്ങളെ ഉദ്ധരിച്ച് ബനഡിക്ട് പാപ്പാ പ്രസ്താവിക്കുന്നു.

**മൂന്നു വിശുദ്ധഗ്രന്ഥഭാഗങ്ങളുടെ വിശദീകരണം**

തന്റെ പഠനത്തിന്റെ രണ്ടാം ഭാഗമായി എമിരറ്റസ് പാപ്പാ പൗരോഹിത്യവുമായി ബന്ധപ്പെട്ട മൂന്നു വിശുദ്ധഗ്രന്ഥഭാഗങ്ങൾ എടുത്തു വിചിന്തനം ചെയ്യുന്നു. മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുകാരാകുകവഴി അവിടുന്നുമായി നാം ഒന്നാവുകയും നമ്മുടേതായവ തിരസ്കരിക്കുകയും വേണം. ബ്രഹ്മചര്യവും ബലിയർപ്പണവും ആരാധനക്രമപ്രാർത്ഥനകളും ദൈവവചനപഠനവും സ്നേഹത്തിലുള്ള ഈ സമ്പൂർണ്ണസമർപ്പണത്തിന്റെ അടിസ്ഥാനത്തിലാണ്. ഭൗതികവസ്തുക്കളും സമ്പാദ്യങ്ങളും ത്യജിക്കുന്നതും ഇതിന്റെ ഭാഗമായിട്ടാണ്.

1. "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും, എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്. അഭികാമ്യമായ ദാനമാണ് എനിക്ക് അളന്നുകിട്ടിയിരിക്കുന്നത്. വിശിഷ്ടമായ അവകാശം എനിക്കു ലഭിച്ചിരിക്കുന്നു. (സങ്കീർത്തനം 16:5-6).

രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള കാലത്ത് ലത്തീൻ റീത്തിൽ ആസ്തപ്പാടു പട്ടം (tonsure) നല്കിയിരുന്നു. അതിലൂടെ വൈദികാർത്ഥി പുരോഹിതപദവിയിലേക്കുള്ള ആദ്യചുവടു വയ്ക്കുന്നു. ശിരസിന്റെ പിന്നിൽ ചെറിയൊരു ഭാഗം വൃത്താകൃതിയിൽ മുണ്ഡനം ചെയ്തിരുന്നു. വൈദികവസ്ത്രവും നല്കിയിരുന്നു.



*ജോസഫ് റാറ്റ്സിംഗർ (എമിരറ്റസ് ബെനഡിക്ട് മാർപാപ്പാ) തിരുപ്പട്ടസമയത്ത്*

ദൈവത്തിനു സമർപ്പിക്കപ്പെട്ടവനെന്നനിലയിൽ പുതിയ നിയമത്തിലെ പുരോഹിതൻ വിവാഹവും കുടുംബജീവിതവും പരിത്യജിക്കുന്നു. ദൈവം മാത്രമാണ് അവന്റെ അവകാശവും ആശ്രയവും.

പൗരസ്ത്യസഭയിലും പാശ്ചാത്യസഭയിലും ഏകദേശം അപ്പസ്തോലികകാലംമുതൽ എല്ലാ മെത്രാന്മാരും ലത്തീൻസഭയിലെ മുഴുവൻ വൈദികരും ഏറ്റെടുത്തിരുന്ന പൗരോഹിത്യബ്രഹ്മചര്യം മേൽപറഞ്ഞ അടിസ്ഥാനത്തിൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ എന്ന് ബനഡിക്ട് പാപ്പാ വിശദീകരിക്കുന്നു.

കർത്താവ് ആദ്യശിഷ്യന്മാരെ വിളിച്ചപ്പോൾ അവർ എല്ലാം ഉപേക്ഷിച്ച് അവനെ അനുഗമിച്ചു (ലൂക്കാ 5:11). ഭൗതികസമ്പാദ്യങ്ങൾ ത്യജിക്കാതെ പൗരോഹിത്യം പൗരോഹിത്യമാവുകയില്ലെന്ന് എമിരറ്റസ് പാപ്പാ പ്രസ്താവിക്കുന്നു. അദ്ദേഹം ടോൺഷർ സ്വീകരിക്കുന്നതിന്റെ തലേന്ന് ഈ സങ്കീർത്തനഭാഗം ധ്യാനിച്ചതിന്റെ ഓർമ്മ പാപ്പായിൽ ഇന്നും സജീവമായി തെളിഞ്ഞുനില്ക്കുന്നു.

തന്റെ ജീവിതം പൂർണ്ണമായും കർത്താവിനുള്ളതാണെന്നും കർത്താവു തന്നിൽ വിശ്വാസം അർപ്പിക്കുന്നു എന്നുമുള്ള ബോധ്യം തന്നിലുദിച്ചു എന്നാണു പ്രസ്താവിക്കുന്നത് (പേജ് 56).

2. "അക്കാലത്ത് കർത്താവിന്റെ ഉടമ്പടിയുടെ പേടകം വഹിക്കാനും അവിടുത്തെ സന്നിധിയിൽ അവിടുത്തേക്കു ശുശ്രൂഷ ചെയ്യാനും അവിടുത്തെ നാമത്തിൽ അനുഗ്രഹിക്കാനുമായി ലേവിയുടെ ഗോത്രത്തെ കർത്താവു വേർതിരിച്ചു" (നിയമാവർത്തനം 10:8) "നിങ്ങളുടെ സകല ഗോത്രങ്ങളിൽനിന്നും തന്റെ മുന്നിൽ നില്ക്കാനും തന്റെ നാമത്തിൽ ശുശ്രൂഷ ചെയ്യാനും അവനെയും അവന്റെ പുത്രന്മാരെയുമാണല്ലോ എന്നേക്കുമായി നിന്റെ ദൈവമായ കർത്താവു തിരഞ്ഞെടുത്തിരിക്കുന്നത്" (നിയമാവർത്തനം 18:5).

ലത്തീൻ റീത്തിലെ രണ്ടാമത്തെ കൃതജ്ഞതാസ്തോത്രപ്രാർത്ഥന (കാനൻ) യിൽ ഈ പഴയനിയമഭാഗം ഉദ്ധരിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നു: "ആകയാൽ കർത്താവേ, അവിടുത്തെ തിരുമുമ്പിൽ നില്ക്കുന്നതിനും അങ്ങയെ പരിചരിക്കുന്നതിനും അർഹരാക്കിത്തീർത്തതിനു നന്ദി പറഞ്ഞുകൊണ്ട് കർത്താവേ, ജീവന്റെ അപ്പവും രക്ഷയുടെ പാനപാത്രവും ഞങ്ങളർപ്പിക്കുന്നു."

പൗരോഹിത്യത്തിന്റെ സത്ത തന്നെയാണ് ഇവിടെ പ്രകടമാക്കുന്നത്. തിന്മയ്ക്കെതിരേ, ലോകഗതിക്കെതിരേ, ദൈവതിരുമുമ്പിൽ ജാഗ്രതയോടെ സധൈര്യം സത്യത്തിൽ ഉറച്ചുനില്ക്കുന്നവനാണ് പുരോഹിതൻ എന്ന് എമിരറ്റസ് പാപ്പാ വിശദമാക്കുന്നു.

3. "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ, അവിടുത്തെ വചനമാണ് സത്യം. അങ്ങ് എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു" (യോഹന്നാൻ 17:17-18).

സത്യത്താൽ അവരെ പവിത്രീകരിക്കണമേ എന്ന പ്രാർത്ഥനവഴി ശ്ലീഹന്മാരുടെ തിരുപ്പട്ടസ്വീകരണമാണു നടന്നതെന്ന് ബനഡിക്ട് പാപ്പാ പറയുന്നുണ്ട്. തന്റെ ദൗത്യത്തിൽ പങ്കുകാരാക്കാൻ അവരെ പൂർണ്ണമായും ഈശോമിശിഹാ സ്വന്തമാക്കുകയാണ്. പഴയനിയമത്തിൽ ദേഹശുദ്ധി വരുത്തിയശേഷമാണ് പുരോഹിതൻ അഭിഷേകം ചെയ്യപ്പെട്ടിരുന്നത്. പുതിയനിയമത്തിൽ വചനമാകുന്ന സത്യമാണ് ശുദ്ധീകരിക്കുന്നത്. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്. മിശിഹായാണ് എന്നിൽ ജീവിക്കുന്നത്." (ഗലാ 2:20).

തിരുപ്പട്ടസ്വീകരണത്തിന്റെ (29-6-1951) തലേദിവസം ഇപ്രകാരമുള്ള ബോധ്യങ്ങൾ തന്നിൽ ആഴത്തിൽ പതിഞ്ഞുവെന്നും "ആ അർത്ഥത്തിൽ, യോഹന്നാൻ 17-ാം അധ്യായം 17-ാം വാക്യം ഞാൻ കടന്നുപോയ ജീവിതവഴിയിലുടനീളം എനിക്കു വഴികാട്ടിയായിരുന്നു" (പേജ് 71) എന്നുമുള്ള മനോഹരസാക്ഷ്യത്തോടെയാണ് എമിരറ്റസ് പാപ്പാ തന്റെ ലേഖനം സമാപിപ്പിക്കുന്നത്.

മെത്രാനായപ്പോൾ 'സത്യത്തിന് നമ്മൾ സഹകാരികളാകാനായി' (3 യോഹന്നാൻ 8) എന്ന ആപ്തവാക്യം തിരഞ്ഞെടുത്തത് ഈ പ്രതിബദ്ധത കൊണ്ടാണ്. *(തുടരും)*

# ജനിതകവിളകളും അനന്തരഫലങ്ങളും

ഹരിതപാഠം 26



മാർ ജേക്കബ് മുരിക്കൻ

ജൈവസാങ്കേതികവിദ്യ കാർഷികമേഖലയിൽ വമ്പിച്ച മാറ്റങ്ങളാണു വരുത്തിക്കൊണ്ടിരിക്കുന്നത്. ഗുണനിലവാരമുള്ള സസ്യങ്ങളുടെ ഉത്പാദനത്തിൽ ജൈവസാങ്കേതികവിദ്യ വിപ്ലവാത്മകമായ ഫലങ്ങൾ ഉളവാക്കിയിരിക്കുന്നു. ജനിതകസാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപകാരപ്രദമായ പല ജീനുകളെയും ഒരു സസ്യത്തിന്റെ കോശത്തിൽ പ്രവേശിപ്പിക്കുവാൻ സാധിക്കുന്നു. കാർഷികമേഖലയിലെ ഏറ്റവും വലിയ ഭീഷണിയായ കീടങ്ങളെ നേരിടുവാൻ ജൈവസാങ്കേതികവിദ്യ പ്രയോജനപ്പെടും എന്നതാണ് ഇതിന്റെ നേട്ടം. കീടങ്ങളെ സ്വയം തടയാവുന്നതരത്തിൽ ജനിതകവ്യതിയാനം നടത്തിയ സസ്യങ്ങൾ ഈ സാങ്കേതികവിദ്യയുടെ സംഭാവനയാണ്. ജനിതകവിളകൾ ഉത്പാദിപ്പിക്കുവാൻ ബാസിലസ് തുറിഞ്ചിയെൻസിസ് (Bacillus thuringiensis) എന്ന ബാക്ടീരിയയെയാണ് കൂടുതൽ ആശ്രയിക്കുന്നത്. 1929-ലാണ് ഈ ബാക്ടീരിയയെ കണ്ടുപിടിക്കുന്നത്. അത്യുത്പാദനശേഷിയുള്ള ഇനം വിളകളാണ് ഈ ജൈവസാങ്കേതികവിദ്യയുടെ പ്രയോഗംവഴി ലഭിക്കുന്നത്. ബാസിലസ് തുറിഞ്ചിയെൻസിസിൽ കാണുന്ന 'ക്രൈ' എന്ന ജീൻ മാറ്റിവയ്ക്കുന്നതിലൂടെ വിളസസ്യങ്ങൾ ഷഡ്പദങ്ങൾക്കെതിരേ പ്രതിരോധശക്തി കൈവരിക്കുന്നു. ശാസ്ത്രം ഇപ്രകാരമുള്ള ജീൻമാറ്റിവയ്ക്കൽ ഇരുപതോളം വിളസസ്യങ്ങളിൽ നടത്തിയിട്ടുണ്ട്. ബാസിലസ് തുറിഞ്ചിയെൻസിസ് എന്നതിന്റെ ചുരുക്കരൂപമായ ബിടി മുമ്പിൽ ചേർത്താണ് ഇപ്രകാരമുള്ള സസ്യങ്ങൾ അറിയപ്പെടുന്നത്. ബിടി-ചോളം, ബിടി-പരുത്തി, ബിടി-ഉരുളക്കിഴങ്ങ്, ബി.ടി. വഴുതന തുടങ്ങിയവ നല്ല പ്രചാരം നേടിയിട്ടുണ്ട്. ഇപ്രകാരമുള്ള വിളകളിൽ ബിടി-വഴുതന ഒട്ടേറെ വിവാദങ്ങൾക്കും പ്രതിഷേധങ്ങൾക്കും ഇടയാക്കി. പരിസ്ഥിതിപ്രവർത്തകരുടെയും കൃഷിവിദഗ്ധരുടെയും എതിർപ്പുകാരണം ബിടി-വഴുതന ഇപ്പോൾ പ്രചാരത്തിലില്ല.

ജൈവസാങ്കേതികവിദ്യയുടെ പ്രയോഗം ഉത്പാദനത്തിലും കാര്യക്ഷമതയിലും വിപ്ലവാത്മകമായ ഫലങ്ങൾ ഉളവാക്കുമ്പോഴും പരിസ്ഥിതിപ്രശ്നങ്ങൾ ഗുരുതരമാകുന്നു എന്ന ആശങ്ക നിലവിലിരിക്കുന്നു. ബിടി ബാക്ടീരിയയിൽ കാണുന്ന 'ക്രൈ' എന്ന ജീൻ ഉത്പാദിപ്പിക്കുന്ന വിഷപ്രോട്ടീൻ (ക്രൈപ്രോട്ടീൻ) വാസ്തവത്തിൽ ഷഡ്പദങ്ങളുടെ അന്തകനാണ്. ബിടി-ചോളത്തിന്റെ പൂമ്പൊടി ഭക്ഷിക്കുന്ന മൊണാർക്ക് ശലഭത്തിന്റെ ലാർവകൾ നശിക്കുന്നതായി 1994 ൽ കോർണൽ സർവകലാശാലയിലെ ഗവേഷകർ കണ്ടെത്തുകയുണ്ടായി. മാറ്റിവയ്ക്കപ്പെട്ട ജീനുകൾ പരാഗണം (Pollination) തുടങ്ങിയ പ്രക്രിയകളിലൂടെ മറ്റു ജീവികളിലേക്കു കടക്കാനുള്ള സാധ്യത വളരെയുണ്ട്. മാത്രമല്ല, ഇവ കളസസ്യങ്ങളിൽ പ്രവേശിച്ചാൽ അവ കാർഷികവിളകളെക്കാൾ അതിജീവനശേഷിയുള്ള സൂപ്പർകളകൾ (Super Weeds) ആകാനുള്ള സാധ്യതയുമുണ്ട്. ഈ ജീനുകൾ ജലത്തിലും മണ്ണിലുമുള്ള സൂക്ഷ്മജീവികൾക്കും അപകടം വരുത്താം. കൂടാതെ, ജനിതകവ്യതിയാനത്തിലൂടെ ശത്രുകീടങ്ങളെ നശിപ്പിക്കുമ്പോൾ നിരവധി മിത്രകീടങ്ങളും നശിച്ചുപോകുവാനിടയാകുന്നു. ജനിതകവിളകളിൽനിന്നുള്ള പരാഗരേണുക്കൾ സൃഷ്ടിക്കുന്ന 'ജനിതകമലിനീകരണം' പരിസ്ഥിതിയിൽ ദോഷകരമായ ഫലങ്ങൾ ഉളവാക്കുന്നു. ജനിതകഭക്ഷണം പലതരത്തിലുള്ള 'അലർജി'കൾക്കു കാരണമാകുമെന്നുള്ള ഭയം നിലനില്ക്കുന്നു. ഇതിലെല്ലാമുപരി ജനിതകമേഖലയിലെ കുത്തകക്കമ്പനികൾ കൃഷിയും ഭക്ഷണവും നിയന്ത്രിക്കുന്ന സ്ഥിതിയുമുണ്ടാകും. □



## പെരുകുന്ന ആത്മഹത്യകൾ

# അവരെ ഒറ്റപ്പെടുത്തുന്നതാര്?



**ജോയ് കെ. മാത്യു**

**കേ**രളത്തിലെ വർധിച്ചുവരുന്ന ആത്മഹത്യകൾ തീർച്ചയായും ആശങ്ക ഉണർത്തുന്നതാണ്. പ്രായഭേദമോ സമൂഹത്തിലെ സ്ഥാനവ്യത്യാസമോ ഇല്ലാതെ എല്ലാ വിഭാഗത്തിലുംപെടുന്ന ആളുകളും ദൈവം നൽകിയ ജീവനെ അവസാനിപ്പിക്കാൻ ഒരു മടിയും കാണിക്കാത്ത ഒരു കാലത്താണു നാം ജീവിക്കുന്നത്. നമുക്കോരോരുത്തർക്കും പകർന്നുകിട്ടിയ ജീവനെ, ഈ ജീവിതത്തെ ഒരു വീണ്ടുവിചാരവും ഇല്ലാതെ 'ചുമ്മാ കിട്ടി, അതങ്ങു പൊയ്ക്കോട്ടെ' എന്ന നിലയിൽ ആളുകൾ അവസാനിപ്പിക്കുന്നതു നാം നേരിട്ടു കാണുന്നു; വായിച്ചു മനസ്സിലാക്കുന്നു. ഇതെല്ലാം എവിടെയോ നടക്കുന്നുവെന്നു കരുതി നാം മുന്നോട്ടുപോകുന്നു. അതു നമ്മുടെ അയലിലേക്കും തൊടിയിലേക്കും ഇടയിലേക്കും വരുന്നതുവരെ നാം നിസ്സംഗരായി തുടരുന്നു. പിന്നീട് നിസ്സഹായരായി മാറുന്നു.



സാക്ഷരതയിലെ ഒന്നാംസ്ഥാനവും സാമൂഹികവും സാമ്പത്തികവുമായ വികസനവും ഒന്നും നമ്മുടെ കൊച്ചുകേരളത്തെ ഇന്ത്യയിൽ ഏറ്റവുമധികം ആത്മഹത്യകൾ നടക്കുന്ന സംസ്ഥാനം എന്ന നിലയിൽനിന്നു പിന്നിലേക്കാക്കുവാൻ പര്യാപ്തമായില്ല എന്നത് നമ്മുടെ സജീവപരിഗണനയ്ക്കും ചിന്തയ്ക്കും വിഷയമാവേണ്ടതാണ്.

ഇത്തരം ഒരു സാഹചര്യത്തിലേക്കു കേരളം എത്തിയതിനെ നമ്മുടെ സാമൂഹികക്രമങ്ങളുടെ വളർച്ചയുമായി ചേർത്തുപഠിക്കേണ്ടിയിരിക്കുന്നു. സാംസ്കാരിക വളർച്ചയുടെ മുൻ വളവുകളിലും തിരിവുകളിലും നാം കണ്ടിട്ടില്ലാത്ത ഒന്നായിരുന്നു സ്വന്തം ജീവനെ അവസാനിപ്പിക്കൽ. എന്നാൽ, സാംസ്കാരികവളർച്ചയുടെ നിലവിലെ പടവുകളിൽ ആത്മഹത്യകളുടെ പെരുപ്പം അരങ്ങുതകർത്തു നിറഞ്ഞാടുകയാണ്. അതിന് ജാതി, മതം, വർണ്ണം, വർഗം, സാമൂഹികചുറ്റുപാട്, പ്രായം ഒന്നും ഒരു തടസ്സമായി നിൽക്കുന്നില്ല. ഇതിനു കാരണങ്ങൾ പലതായിരിക്കാം. ഭൂരിഭാഗം ആത്മഹത്യകൾക്കും കാരണം നാം തന്നെയാണ്. നമ്മൾ വളർന്നുവന്ന സാഹചര്യങ്ങളോ നമ്മളുമായി ബന്ധപ്പെട്ട വ്യക്തികളോ സംഭവങ്ങളോ ഒക്കെയാണ് എന്നു കാണാം.

ഒന്നേ ഉള്ളൂവെങ്കിലും ഉലക്കയ്ക്ക് അടിച്ചുവളർത്തണം എന്നു പറഞ്ഞു മനസ്സിലാക്കിയിരുന്ന കാരണവന്മാർ നമുക്കുണ്ടായിരുന്നു. ഇന്ന് എനിക്കൊന്നേയുള്ളൂ എന്നും പറഞ്ഞ് എല്ലാം വാരിക്കോരിക്കൊടുത്തു വളർത്തുന്ന മക്കൾ, പങ്കുവയ്പ് എന്തെന്നറിയിക്കാതെ വളർത്തപ്പെടുന്നവർ, ഒരിക്കൽ മക്കളുടെ നടത്താൻ പറ്റാത്ത ഒരു വലിയ ആഗ്രഹത്തിനു മുന്നിൽ നിസ്സഹായരായി നിൽക്കുമ്പോൾ പറയുന്ന ഒരു 'പറ്റില്ല' എന്ന വാക്കിൽ തടഞ്ഞു ജീവിതം അവസാനിപ്പിക്കുന്ന മക്കൾ. ഇവിടെയാണ് വീടുകളിലെ ഇല്ലായ്മയും വല്ലായ്മയും ഒക്കെ അറിയിച്ചു വളർത്താതിരുന്നതിന്റെ ബുദ്ധിമുട്ട് നാം തിരിച്ചറിയുന്നത്. ചെറുപ്പം മുതലേ പറ്റില്ലാത്ത കാര്യങ്ങൾ പറ്റില്ല എന്നു പറയാൻ മടിക്കുന്ന മാതാപിതാക്കൾ ചോദിച്ചുവാങ്ങുന്നതാണ് ഈ അവസ്ഥ. എന്റെ പിതാവിന് ഇതൊക്കെയേ സാധിക്കൂ എന്നു മനസ്സിലാക്കി വളരുന്ന കുട്ടി പലതും ത്യജിക്കാനും അഡ്ജസ്റ്റ് ചെയ്യാനും പഠിക്കും. അത്തരം പഠിപ്പിക്കലുകളുടെ അഭാവം പ്രശ്നങ്ങളിലേക്കെത്തിക്കും. ചെറിയ ശിക്ഷണങ്ങൾ ലഭിച്ചു വളരുന്ന മക്കൾ, അവരുടെ പരിമിതമായ സാഹചര്യങ്ങളിൽ സംതൃപ്തരാകാൻ പഠിച്ചുവളരുന്നവർ ആഗ്രഹങ്ങൾ സാധിക്കാതെ വരുമ്പോൾ പതറില്ല.

തുമ്പിയെക്കൊണ്ടു കല്ലെടുപ്പിക്കുന്ന കളിയാണ് പല മാതാപിതാക്കളും ഇപ്പോൾ കളിക്കുന്നത്. പലപ്പോഴും തുമ്പിക്കു കല്ലെടുക്കാൻ പറ്റാറില്ല. അപ്പോഴാണ് ഈ കളി പൊളിയുന്നത്. ഡോക്ടറും എഞ്ചിനീയറുമാകുന്നതു മാത്രമാണ് ജീവിതവിജയം എന്നു ചിന്തിച്ചു വളർത്തുന്ന മക്കൾ വിജയിക്കാതെ വരുമ്പോൾ, മാതാപിതാക്കളുടെ അമിതപ്രതീക്ഷകൾ പൂർത്തിയാക്കാൻ തന്നെക്കൊണ്ടു സാധിക്കില്ല എന്നു തിരിച്ചറിയുമ്പോൾ മാനസികമായി തകർന്നു ജീവിതത്തെ കൈവിടുന്നതു നാം കണ്ടിട്ടുണ്ട്. ഇത് സ്വന്തം കുഞ്ഞിന്റെ ശക്തിയും കഴിവും തിരിച്ചറിയാതെ പോകുന്ന മാതാപിതാക്കളുടെ പരാജയമാണ്. പലപ്പോഴും ഇത്തരം മാതാപിതാക്കൾ അവരുടെ വിദ്യാഭ്യാസകാലത്ത് അവർക്കു സാധിക്കാൻ പറ്റാത്ത കാര്യങ്ങൾ മക്കളിലൂടെ നേടിയെടുക്കുക എന്ന അജണ്ടയുടെ പൂർത്തീകരണമാണു ലക്ഷ്യം വയ്ക്കുന്നത്.

മക്കളെ കേൾക്കാൻ, അവർക്കുവേണ്ടി അല്പസമയം ചെലവിടാൻ ഇന്ന് എത്ര മാതാപിതാക്കൾക്കു കഴിയുന്നുണ്ട്? പുതിയ സാമൂഹികക്രമത്തിൽ മക്കൾക്കു മുൻപിൽ ചെവി ചായ്ച്ചുകൊടുക്കുവാൻ തയ്യാറാകാത്ത മാതാപിതാക്കൾ അവരുടെ വളർച്ചയിൽ ഫലപ്രദമായി ഇടപെടുവാനുള്ള അവസരമാണ് നഷ്ടമാക്കുന്നത്. അണുകുടുംബവ്യവസ്ഥയിലേക്കുള്ള മാറ്റം കുഞ്ഞുങ്ങൾക്കു കളിക്കൂട്ടുകാരായി ഉണ്ടായിരുന്ന ഒരു മുതിർന്ന തലമുറയുടെ ഇല്ലാതാകലിനാണു വഴിവച്ചത്. അതിലൂടെ കുഞ്ഞുങ്ങൾക്ക് അവരുടെ ചെറുതും വലുതുമായ സങ്കടങ്ങളും സന്തോഷങ്ങളും ആരോടും പറയാനില്ലാതെ ഉള്ളിൽത്തന്നെ തള്ളിയിടേണ്ടിവരുകയും തൽഫലമായി മാനസികപിരിമുറുക്കത്തിലേക്ക് അത് അവരെ എത്തിക്കുകയും ചെയ്യുന്നു.

വ്യക്തികളുമായുള്ള സൗഹൃദങ്ങൾ ഇല്ലാതാവുകയും മൊബൈൽ ഏക സുഹൃത്താവുകയും ചെയ്യുന്ന വർത്തമാനകാലത്തിൽ സാമൂഹികമാധ്യമങ്ങൾ നമ്മുടെ കുട്ടികളെയും മുതിർന്നവരെയും വല്ലാതെ സ്വാധീനിച്ചിരിക്കുന്നു. നല്ല ഒരു സുഹൃത്തിന്റെ കേൾക്കലിനും സാന്ത്വനത്തിനും ചേർത്തുപിടിക്കലിനും പരിഹരിക്കാവുന്ന പ്രശ്നങ്ങൾ തീർക്കാൻ സാമൂഹികമാധ്യമങ്ങൾക്കു കഴിയില്ല എന്ന തിരിച്ചറിവ് പലർക്കും ഇല്ല എന്നതും നാം നേരിടുന്ന പ്രശ്നമാണ്.

ജീവിതത്തെക്കുറിച്ചുള്ള അമിതപ്രതീക്ഷകൾ സഫലമാവാതെ വരുമ്പോൾ അത് പലരെയും മാനസികപിരിമുറുക്കത്തിലേക്കും, അത് പലപ്പോഴും ജീവൻ അവസാനിപ്പിക്കുന്നതിലേക്കും നയിക്കും. സാമൂഹികചിന്തയുടെ അഭാവം മനുഷ്യനെ അവനിലേക്കുതന്നെ ചുരുക്കുന്നു. അതിലൂടെ സമൂഹത്തെ മനസ്സിലാക്കുവാനും അടുത്തറിയുവാനും ചുറ്റുപാടും എന്തു സംഭവിക്കുന്നു എന്നു മനസ്സിലാക്കുവാനും കഴിയാതെ, അതിനു ശ്രമിക്കാതെ തന്നിലേക്കു തന്നെ ചുരുങ്ങി, ജീവിതയാഥാർത്ഥ്യങ്ങളെ സധൈര്യം അഭിമുഖീകരിക്കാൻ പറ്റാതെ നിരാശയുടെ പടുകുഴിയിലേക്കു പതിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സുരക്ഷിതവലയത്തിൽനിന്നും സംരക്ഷിതസാഹചര്യങ്ങളിൽനിന്നും പുറത്തു പോവേണ്ടി വരുമ്പോൾ ഭൂരിഭാഗം ചെറുപ്പക്കാർക്കും പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാറില്ല. അമിതമായ സംരക്ഷണത്തിൽ ചെറുപ്പത്തിൽ ജീവിക്കാൻ നിർബന്ധിതരാകുന്നവർ പരാജയപ്പെടുന്ന ഒരു സാഹചര്യം ഇതാണ്.

ഇതിനൊക്കെ കുടുംബത്തിൽ ചെറുപ്പം മുതലേ മാതാപിതാക്കൾ, അയൽക്കാർ, സമൂഹം ഒക്കെച്ചേർന്ന് ഒരു ശിശുവിനെ വളർത്തി വലുതാക്കിയ പഴയ സാമൂഹികക്രമത്തിൽ പരിഹാരം ഉണ്ടായിരുന്നു.

ദുരുപയോഗം ചെയ്യപ്പെട്ടു വളരുന്ന കുഞ്ഞുങ്ങളും ദുരുപയോഗത്തിനിരയാകുന്നവരും പലപ്പോഴും ആത്മഹത്യയിൽ അഭയം തേടുന്ന സാഹചര്യങ്ങളും ഉണ്ട്.

ഗുരുതര ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തികമായ ബാധ്യതകൾ, കുടുംബപ്രശ്നങ്ങൾ ഇവയൊക്കെ മനുഷ്യരെ ആത്മഹത്യയിലേക്കെത്തിക്കുന്ന മറ്റു ചില കാര്യങ്ങളാണ്. യാഥാർത്ഥ്യബോധമില്ലാത്ത ജീവിതമാണ് സാമ്പത്തികപ്രശ്നങ്ങളുടെയും പലപ്പോഴും കുടുംബപ്രശ്നങ്ങളുടെയും കാരണം. ജീവിക്കുക എന്നതിനപ്പുറം മറ്റുള്ളവരെപ്പോലെ ജീവിക്കുവാൻ ശ്രമിക്കുന്നത് പ്രശ്നത്തിൽ കലാശിച്ചേക്കാം.

ആത്മഹത്യകൾ വർധിക്കുന്നത് നമ്മുടെ ജീവിതത്തിലെ ധാർമ്മികത നഷ്ടമാകുന്നു എന്നതിന്റെ തെളിവാണ്. ധാർമ്മികതയിൽ അടിയുറച്ച ഒരു പുതു തലമുറയെ എങ്ങനെ വാർത്തെടുക്കാം എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പാഠ്യേതരപ്രവർത്തനങ്ങൾ ഈ ദിശയിൽ പുനഃക്രമീകരിക്കണം. നമ്മുടെ മത, സമുദായ, സാമൂഹികപ്രവർത്തനങ്ങൾ മാനസികാരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുവാൻ കഴിയുന്നതാവണം. മൂല്യങ്ങൾ പകർന്നുനൽകുന്ന, ആ മൂല്യങ്ങൾ ജീവിതത്തിൽ പകർത്താൻ കഴിയുന്നതാവണം നമ്മുടെ സാമൂഹികപ്രവർത്തനങ്ങളും ജീവിതവും.

മറ്റൊരുവന് ഏറ്റവും ആവശ്യമായ വേളയിൽ ചേർന്നുനിൽക്കുവാനും, ചേർത്തു നിർത്തുവാനും നമുക്ക് ഒരു സമൂഹമെന്ന നിലയിൽ കഴിഞ്ഞാൽ വർദ്ധിച്ചുവരുന്ന ആത്മഹത്യകളെ കുറച്ചുകൊണ്ടുവരുവാൻ നമുക്കു കഴിയും. കരുത്തായി കാവലായി കൂടെ നിൽക്കാം. ■

> പുതിയ സാമൂഹികക്രമത്തിൽ മക്കൾക്കു മുൻപിൽ ചെവി ചായ്ച്ചുകൊടുക്കുവാൻ തയ്യാറാകാത്ത മാതാപിതാക്കൾ അവരുടെ വളർച്ചയിൽ ഫലപ്രദമായി ഇടപെടുവാനുള്ള അവസരമാണ് നഷ്ടമാക്കുന്നത്. അണുകുടുംബവ്യവസ്ഥയിലേക്കുള്ള മാറ്റം കുഞ്ഞുങ്ങൾക്കു കളിക്കൂട്ടുകാരായി ഉണ്ടായിരുന്ന ഒരു മുതിർന്ന തലമുറയുടെ ഇല്ലാതാകലിനാണു വഴിവച്ചത്.

## ചൊൽക്കാഴ്ച

*നമുക്ക് ഒരുപാടു നല്ലതും ചീത്തയുമായ കാര്യങ്ങളുണ്ടാവും. മക്കളുടെ നല്ല ഗുണങ്ങളും കലാവാസനകളും കണ്ടറിഞ്ഞ് അതിനെ പരിപോഷിപ്പിക്കുക എന്നതാവണം മാതാപിതാക്കളുടെ ധർമ്മവും ലക്ഷ്യവും. സംഗീതമായാലും ഏതു കലയായാലും മനുഷ്യശരീരത്തിൽ ആ കലയുടെ ജീനിന്റെ അംശമുണ്ടായിരിക്കും എന്നതു ശാസ്ത്രസത്യമാണ്.*

*ഡോ. കെ.ജെ. യേശുദാസ്*





*നാടിനു വേണ്ടത് നല്ല പഠിപ്പുള്ള ചെറുപ്പക്കാരായ രാഷ്ട്രീയക്കാരെയാണ്. യൂറോപ്പിലെ പല രാജ്യങ്ങളിലും പ്രധാനമന്ത്രിമാരും മന്ത്രിമാരും അമ്പതു വയസ്സിൽ താഴെയുള്ളവരാണ്. പലരും സാമ്പത്തികവിദഗ്ധരാണ്. അങ്ങനെയുള്ള ചെറുപ്പക്കാരെ രാഷ്ട്രത്തിനു വേണം. പ്രായമായവർ ഉപദേശകർ മാത്രമാകട്ടെ. തീരുമാനിക്കുന്നതു ചെറുപ്പക്കാരാകണം.*

*എം.എ. യൂസഫലി*

# ലഹരി വിഴുങ്ങുന്ന കൗമാരം

ഫാ. ഡോ. ജോസ് ആന്റണി
സിഎംഐ

**കോ**വിഡ്-19നേക്കാൾ വലിയ മഹാദുരന്തത്തിലേക്കാണ് കേരളയുവതലമുറയുടെ പ്രയാണം. കൗമാരക്കാരും യുവതീയുവാക്കളും ഇന്ന് ലഹരിയുപയോഗസ്വാധീനത്തിലാണ്. ഇന്നതൊരു സ്റ്റൈലായി മാറിയിരിക്കുന്നു. മുൻകാലഘട്ടങ്ങളിൽ മുതിർന്നവരായിരുന്നു ലഹരിയുടെ ഇരയെങ്കിൽ ഇന്ന് സ്കൂൾ കുട്ടികളും യുവതീയുവാക്കളും ലഹരിയുടെ അടിമത്തത്തിലാണ്. ചെറുപ്രായത്തിൽ



മാനസികസമ്മർദ്ദത്തിൽപ്പെടുന്ന കുട്ടികൾക്കു സ്വന്തം പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിന് വിവേകപൂർണ്ണമായ കരുത്തില്ലാത്തതിനാൽ അവരെ സ്വാധീനിക്കാനും അടിമകളാക്കാനും ലഹരിമാഫിയയ്ക്ക് എളുപ്പമാണ്.

ഇന്ന് മയക്കുമരുന്നുമാഫിയയുടെ സാമ്രാജ്യം അതിവിപുലമായിക്കൊണ്ടിരിക്കുന്നു. ലഹരിയുപയോഗപരീക്ഷണത്തിലും സ്വാധീനത്തിലും അകപ്പെട്ടുപോകുന്ന കുട്ടികൾ പിന്നീട് രക്ഷപ്പെടാനാകാത്ത കുരുക്കിലാകുന്നു. ഇതുവഴി നിരവധി കുടുംബങ്ങളാണ് തകരുന്നത്. അക്രമം, കൊലപാതകം, ബലാത്സംഗം തുടങ്ങിയവയെല്ലാം ഇന്ന് കുടുംബങ്ങൾ കേന്ദ്രീകരിച്ചു വർദ്ധിക്കുന്നതിനു മുഖ്യകാരണം ലഹരിയുപയോഗമാണ്. ഇന്ത്യയിലെ ലഹരിയുപയോഗത്തിൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. കൊച്ചി ഇന്ന് ലഹരിമാഫിയയുടെ ഒരു പ്രധാന കേന്ദ്രമാണ്.

ഈ രംഗത്ത് ഓരോ വർഷവും കേസുകളുടെ എണ്ണം ഇരട്ടിയിലധികമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2004 ൽ 701 കേസുകളെങ്കിൽ 2018 അത് 7700 ഉം 2019 ൽ 12600 ഉം ആയി വർദ്ധിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള അതിക്രമങ്ങൾ പെരുകിവരുന്നതിന്റെ മുഖ്യകാരണം ലഹരിയാണ്.

ലഹരിയുപയോഗവും നിയമവിരുദ്ധക്കടത്തും വലിയ സാമൂഹികവിപത്തായി മാറിക്കഴിഞ്ഞു. എൻ ഡിപിഎസ് ആക്റ്റ് (The Narcotic Drugs and Psychotropic Substances Act, 1985) പൂർണമായും കൃത്യമായി നടപ്പിലാക്കേണ്ടതും ജെ ജെ ആക്ടിന്റെ (JJ Act) 77 ഉം/78 ഉം പരിധിയിൽ എക്സൈസ് വകുപ്പിനെ ഉൾപ്പെടുത്തേണ്ടതും കേസുകളും നിയമനടപടികളും വേഗത്തിൽ പൂർത്തിയാക്കേണ്ടതും അടിയന്തരാവശ്യങ്ങളാണ്. കുറ്റക്കാർക്കു കടുത്ത ശിക്ഷ നൽകുന്നതിനും ജാമ്യമില്ലാ വ്യവസ്ഥകൾ ശക്തിപ്പെടുത്തുന്നതിനും പിഴശിക്ഷ വർദ്ധിപ്പിക്കുന്നതിനും അടിയന്തരനടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ പിന്തുണയോടെ പരിചയസമ്പന്നരായ കൗൺസെലർമാരുടെ സേവനം സ്കൂളിൽ അനിവാര്യമാണ്. സാമൂഹിക പ്രവർത്തകർ, കൗൺസെലർമാർ, എന്നിവരെ ഉൾപ്പെടുത്തി ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ശക്തീകരണം, ജനബോധവത്കരണത്തിനായുള്ള നൂതനരീതികൾ ഇവയും അവലംബിക്കണം. പ്രശ്നത്തിൽ അകപ്പെടുന്ന കുട്ടികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും തുടർവിദ്യാഭ്യാസത്തിനും തൊഴിൽപരിശീലനത്തിനുമുള്ള സൗകര്യങ്ങളുടെ അപര്യാപ്തത അതീവപ്രാധാന്യത്തോടെ പരിഹരിക്കുകയും, കൂടുതൽ സെന്ററുകൾക്കു രൂപം നൽകുകയും ചെയ്യണം. നാഷണൽആക്ഷൻപ്ലാൻ ഫോർ ഡ്രഗ് ഡിമാൻഡ് റിഡക്ഷൻ (2018 2023) എന്നത് അവലോകനം നടത്തി തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

സന്നദ്ധസംഘടനവഴി കുട്ടികൾക്കായുള്ള കാവൽ പ്രൊജക്റ്റ് (Psycho-social Care and Rehabilitation of Children in Conflict with Law) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസും, ഗവ ഓഫ് ഇന്ത്യ നടപ്പാക്കുന്ന എൻ.ഐ.എസ്ഡി എന്ന പ്രൊജക്റ്റും ഏറെ പ്രയോജനകരമാണ്. ഇതിന്റെ പ്രവർത്തനങ്ങൾ നല്ല ഫലം ഉളവാക്കുന്നതും ഓരോ ജില്ലയിലും വിപുലമാക്കേണ്ടതുമാണ്. ലഹരിയുപയോഗവും ലഹരികടത്തലും ലോകത്തെ വിവിധ രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന വലിയ സാമൂഹികവിപത്താകുമ്പോൾ, നിലവിലുള്ള നിയമങ്ങൾ ശക്തമാക്കിയും പുതിയ നിയമനിർമ്മാണം നടത്തിയും നിയന്ത്രിക്കാനാകും.

■

# രോഗപ്രതിരോധത്തിന് ആയുർവ്വേദവിധികൾ



ഡോ. എൻ.കെ. മഹാദേവൻ

**ലോ**കത്തിനുതന്നെ മഹാമാരിയായി മാറിയ കൊറോണ പിടിപെടുന്നവരും മരണത്തിന് അടിമപ്പെടുന്നവരും ഭൂരിപക്ഷവും ആരോഗ്യപ്രശ്നങ്ങളുള്ളവരും ഇമ്യൂണിറ്റി ഇല്ലാത്തവരുമാണെന്നു സർവ്വേകൾ വെളിപ്പെടുത്തുന്നു. ഡെങ്കു, സ്ഫൈൻ ഫ്ളൂ, നിപ, ചിക്കുൻഗുനിയ, എലിപ്പനി, കുരങ്ങുപനി, ചെള്ളുപനി, ഇൻഫ്ളുവൻസ, മീസിൽസ്, ഹെർപ്പിസ്, മഞ്ഞപ്പിത്തം തുടങ്ങിയ എല്ലാ വൈറസ് രോഗങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. ഈ പട്ടിക ഇനിയും നീളാം. ആഗന്തുക വിഷജ്വരങ്ങൾ എന്ന പേരിലാണ് ആയുർവ്വേദം ഇത്തരം രോഗങ്ങളെ കണക്കാക്കുന്നത്. ഇവ വന്നു ചികിത്സിക്കുന്നതിലും ഭേദം പിടിപെടാതെ ശരീരത്തിനു രോഗപ്രതിരോധശക്തി വരുത്തുക എന്നതാണ്.



**ആഹാരം**

ആഹാരം മിതമായിരിക്കണം, എന്നാൽ പോഷകവും ആയിരിക്കണം. നമ്മുടെ ദഹനശക്തി നിലനിർത്തുകയാണ് പ്രധാനം (ജഠരാഗ്നി സംരക്ഷണം എന്ന് ആയുർവ്വേദം). പ്രധാന ആഹാരം രണ്ടുനേരം മാത്രം. അതും ഘനാഹാരം പകുതി വയർ, കാൽ ഭാഗം ജലം, ബാക്കി കാൽ ഭാഗം വായുസഞ്ചാരത്തിന് വെറുതെയിടണം. എങ്കിലേ സുഗമമായ ദഹനം നടക്കുകയുള്ളൂ. ആഹാരം ചവച്ചരച്ചു സമയമെടുത്തു കഴിക്കണം. നമ്മുടെ വയറ്റിൽ ആട്ടുകല്ലില്ലെന്ന് ഓർക്കുക.

**സമ്മിശ്രമായ ആഹാരം കഴിക്കണം**

പച്ചക്കറികളും പഴങ്ങളും ഇലക്കറികളും നന്നായി കഴിക്കണം. കൂടുതൽ മുളക്, മസാല, ഉപ്പ്, കൊഴുപ്പ് എന്നിവ നിയന്ത്രിക്കണം. ഫാസ്റ്റുഫുഡും ബേക്കറിപ്പലഹാരങ്ങളും രോഗങ്ങളെ ക്ഷണിച്ചുവരുത്തും എന്ന് എപ്പോഴും ഓർമ്മിക്കണം.

ഇഞ്ചി, മഞ്ഞൾ, വെളുത്തുള്ളി, മല്ലി, കടുക്, കറിവേപ്പില, കുരുമുളക്, ഉലുവ, ജീരകം എന്നിവ കറികളിൽ യുക്ത്യനുസരണം ചേർക്കുന്നതു ദഹനസംരക്ഷണത്തിനും വിഷനിർമ്മാർജ്ജനത്തിനും ഗുണം ചെയ്യും. നാരങ്ങാവെള്ളവും സംഭാരവും ജീരകവെള്ളവും ഇഞ്ചിച്ചമ്മന്തിയും രസവും എല്ലാം ആരോഗ്യസംരക്ഷകഗുണമുള്ളവയാണ്. ചെറുപയർ പ്രോട്ടീൻ കലവറയാണ്. കൊഴുപ്പില്ലെന്ന ഗുണവുമുണ്ട്.

ചായയും കാപ്പിയും മിതമാക്കണം. രാത്രിഭക്ഷണം നേരത്തേ കഴിക്കണം. ലഘുവാകണം. മദ്യപാനം, പുകവലി എന്നിവ നിഷിദ്ധമാണെന്നു പറയേണ്ടതില്ലല്ലോ.

**വ്യായാമം**

രോഗപ്രതിരോധത്തിൽ രണ്ടാംസ്ഥാനം വ്യായാമത്തിനാണ്. നടത്തം, സൈക്കിളിംഗ്, നീന്തൽ തുടങ്ങി പ്രകൃതിക്കിണങ്ങിയ വ്യായാമങ്ങളാണ് നല്ലത്. കളികളും ആകാം. വ്യായാമം ശരീരത്തിനു ബലം നൽകി വ്യാധിക്ഷമത (Immunity) കൂട്ടും.

യോഗവ്യായാമങ്ങൾ ശരീരത്തിനും മനസ്സിനും ബലം നൽകും. വീട്ടിലിരുന്നു പ്രാക്ടീസ് ചെയ്യുവാനും എളുപ്പമുണ്ട്. പ്രാണായാമംപോലുള്ളവ ശ്വാസകോശരോഗങ്ങളെ പ്രതിരോധിക്കും.

**വിഹാരം (Activities)**

ഗാത്രസ്പർശം, സഹഭോജനം, സാമൂഹികസംഗമം, മാർക്കറ്റിലെ ഭക്ഷണം എന്നിവകൊണ്ട് സാംക്രമികരോഗങ്ങൾ വ്യാപിക്കും എന്നു പണ്ടേ ആചാര്യന്മാർ പറഞ്ഞിട്ടുണ്ട്. ഇതു പ്രസക്തമാണെന്ന് ഇന്നിപ്പോൾ നമ്മൾ അനുഭവിക്കുന്നു. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായയും മുഖവും പൊത്തിവേണമെന്നു പഴമക്കാർ. ഇന്ന് അതിനുപകരം മാസ്കായെന്നുമാത്രം. പുറത്തുപോയി വീട്ടിൽ വരുമ്പോൾ കൈകാലുകൾ കഴുകിത്തുടച്ച് വീട്ടിൽ കയറണമെന്ന് ആചാരമുണ്ടായിരുന്നു. ഇന്നത് സാനിട്ടൈസറിനു വഴിമാറിയെന്നു മാത്രം. മരിച്ച വീട്ടിൽ പോയി വന്നാൽ കുളിച്ചിട്ടു വീട്ടിൽ കയറുന്ന സംസ്കാരം ഉണ്ടായിരുന്നു. അതും ആരോഗ്യരക്ഷയ്ക്കാണെന്നു മനസ്സിലാക്കാം. ദിവസവും രാവിലെ എണ്ണ തേച്ചു കുളിച്ചിരുന്നു. നല്ലെണ്ണ രോഗങ്ങളെ തടുക്കുമെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കുളിച്ചുവന്ന് വൃത്തിയും വെടിപ്പുമുള്ള വസ്ത്രം ധരിക്കണം.

എല്ലാവരോടും സ്നേഹത്തോടെയും ശാന്തതയോടെയും പെരുമാറണം. ഇന്ദ്രിയവിഷയങ്ങളിൽ സംയമനം വേണം. സത്യം, ദയ, ദാനം എന്നിവ വ്രതമാക്കണം. കാമം, ക്രോധം, ലോഭം, മദം, മാത്സര്യം എന്നിവ ഒഴിവാക്കണം. അതോടെ നമുക്കു മനശ്ശാന്തി, മനോബലം, മാനസികാരോഗ്യം എന്നിവ ലഭിക്കുന്നു. ഇതു രോഗപ്രതിരോധത്തിനു സഹായമാകുന്നു.

**രസായനങ്ങൾ**

ആയുർവ്വേദത്തിൽ പരാമർശിച്ചിരിക്കുന്ന രസായനങ്ങൾ പ്രധാനമായും രോഗപ്രതിരോധത്തെ ഉദ്ദേശിച്ചാണ് പ്രധാനമായും ഉള്ളത്. രോഗശമനത്തിനും പ്രയോജനപ്പെടും.

ച്യവനപ്രാശം ജരാനരകളെ തടുത്ത് യൗവനം നിലനിർത്തുന്നു. ധാരാളം ആന്റിഓക്സിഡന്റുകളും വൈറ്റമിൻ സിയും ധാതുലവണങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. അഗസ്ത്യരസായനം, ബ്രാഹ്മരസായനം, ഇന്ദുകാന്തഘൃതം, അശ്വഗന്ധരസായനം തുടങ്ങിയവയും പ്രധാനപ്പെട്ടവ തന്നെ.

കുഴമ്പുതേച്ചുള്ള കുളി, ഉഴിച്ചിൽ, വിവിധ കിഴികൾ, ഔഷധക്കഞ്ഞി സേവ, കർക്കിടകകാല സുഖചികിത്സ എല്ലാം രോഗപ്രതിരോധം നൽകി ആരോഗ്യം സംരക്ഷിക്കുന്നു.

**അപരാജിതധൂമം**

അണുനാശക ഔഷധങ്ങളടങ്ങിയ ഈ പൊടി പുകയ്ക്കുന്നതിലൂടെ രോഗവ്യാപ്തി തടയുമെന്ന് അനുഭവങ്ങളും പഠനങ്ങളും തെളിയിച്ചിട്ടുണ്ട്.

സർവ്വോപരി മനോബലമാണ് പ്രധാനം. അതിന് യോഗ, ധ്യാനം, പ്രാണായാമം, പ്രാർത്ഥന, കലാകായികവിനോദങ്ങൾ, സ്നേഹബന്ധം എല്ലാം പ്രധാനമത്രേ.

***(ഐങ്കൊമ്പ് ശ്രീകൃഷ്ണ ആയുർവേദ കേന്ദ്രത്തിലെ ചീഫ് ഫിസിഷ്യനാണ് ലേഖകൻ)***

# ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ


**ദൈവമേ, അങ്ങ് എന്നെ അനുഗ്രഹിച്ച് എന്റെ അതിരുകൾ വിസ്തൃതമാക്കണമേ! അങ്ങയുടെ കരം എന്നോടുകൂടെയായിരിക്കുകയും വിപത്തുകളിൽ എന്നെ കാത്തുകൊള്ളുകയും ചെയ്യണമേ!**

1 ദിനവൃത്താന്തം 4:10

**എഡിറ്റോറിയൽ**

## ചൂഷണത്തിനിരയാകുന്ന ബാല്യകൗമാരങ്ങൾ

സദാചാരമൂല്യങ്ങൾക്കും ധാർമ്മികനിയമങ്ങൾക്കും പണ്ടേ പുകൾപെറ്റ സാക്ഷരകേരളം, ഇന്നു കേൾക്കാനും പറയാനും അറപ്പുളവാക്കുന്ന വാർത്തകൾക്കുകൂടി സാക്ഷിയാകേണ്ടി വരുന്നു എന്നതു ലജ്ജാകരമാണ്. കുട്ടികളുടെ അശ്ലീലചിത്രങ്ങളും വീഡിയോകളും വിറ്റഴിക്കുന്ന വൻമാഫിയാസംഘങ്ങൾ സംസ്ഥാനത്തൊട്ടാകെ വിലസുന്നുണ്ടെന്ന നാണംകെട്ട വാർത്തയാണ് ഇക്കഴിഞ്ഞ ദിവസം കേരള ജനത കേൾക്കേണ്ടിവന്നത്.

'ഓപ്പറേഷൻ ഹണ്ട്' എന്ന പേരിൽ കുട്ടികളുടെ അശ്ലീലചിത്രങ്ങൾ പ്രചരിപ്പിക്കുന്നവരെ കുടുക്കാൻ കേരള സൈബർ ഡോമിന്റെയും കേരളാപോലീസിന്റെ കൗണ്ടറിംഗ് ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ (സി.സി.എസ്.ഇ.) വിഭാഗത്തിന്റെയും നേതൃത്വത്തിൽ നടന്ന മിന്നൽപ്പരിശോധനയിൽ കണ്ടെത്തിയത് ഞെട്ടിക്കുന്ന വിവരങ്ങളാണ്. 117 സംഘങ്ങൾ സംസ്ഥാനത്തു വിവിധയിടങ്ങളിൽ ഒരേ സമയം നടത്തിയ റെയ്ഡിൽ അറസ്റ്റിലായത് 47 പേർ. 89 കേസുകളാണ് രജിസ്റ്റർ ചെയ്തത്. മനുഷ്യജീവനെ സംരക്ഷിക്കുകയും ആദരിക്കുകയും ചെയ്യാൻ ഉത്തരവാദിത്വപ്പെട്ട ഒരു ഡോക്ടറും അറസ്റ്റിലായവരിൽപ്പെടുന്നു എന്നത് തീർത്തും ലജ്ജാകരം. വിവിധയിടങ്ങളിൽനിന്നു പിടിച്ചെടുത്ത മൊബൈൽ ഫോണുകൾ, ഹാർഡ് ഡിസ്കുകൾ, ലാപ്ടോപ്പുകൾ, പെൻഡ്രൈവുകൾ, മെമ്മറി കാർഡുകൾ ഉൾപ്പെടെയുള്ള 143 ഇലക്ട്രോണിക് ഉപകരണങ്ങളിൽ സൂക്ഷിച്ചിരുന്നത് നാട്ടിൽത്തന്നെയുള്ള ആറുമുതൽ പതിനഞ്ചു വരെ വയസ്സുള്ള കുട്ടികളുടെ അശ്ലീലദൃശ്യങ്ങൾ. ഇത്തരം ചിത്രങ്ങളും വീഡിയോകളും കൈമാറ്റം നടത്തുന്ന സമൂഹമാധ്യമഗ്രൂപ്പുകളിലെ 92 അഡ്മിൻമാരെ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് കേരള സൈബർഡോം നോഡൽ ഓഫീസറായ എ.ഡി.ജി.പി. മനോജ് എബ്രാഹം പറഞ്ഞു.

നിലവിലുള്ള നിയമപ്രകാരം കുട്ടികൾ ഉൾപ്പെടുന്ന അശ്ലീലദൃശ്യങ്ങൾ കാണുന്നതും പ്രചരിപ്പിക്കുന്നതും കൈവശമുള്ള ഇലക്ട്രോണിക് ഉപകരണങ്ങളിൽ സൂക്ഷിക്കുന്നതും ക്രിമിനൽ കുറ്റമാണ്. അഞ്ചുവർഷംവരെ തടവും പത്തുലക്ഷം രൂപവരെ പിഴയും ചുമത്താവുന്ന കുറ്റകൃത്യം.

വാട്സ് ആപ്പ്, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ പ്ലാറ്റുഫോമുകൾവഴിയുള്ള അശ്ലീലചിത്രങ്ങളുടെ നിർമ്മാണവും പ്രചാരണവും ഏറ്റവും കൂടുതലായത് ലോക്ഡൗൺ കാലത്താണെന്നു പോലീസ് വൃത്തങ്ങൾ പറയുന്നു. അശ്ലീലസൈറ്റുകൾ കാണുന്നവരുടെ എണ്ണത്തിലും വൻപെരുക്കമാണുണ്ടായതെന്ന് ഇന്ത്യൻ ശിശുസംരക്ഷണസമിതി കഴിഞ്ഞ ദിവസം റിപ്പോർട്ടു ചെയ്തിരുന്നു. മാത്രമല്ല, ലോക്ഡൗൺ കാലത്ത് വീടുകൾക്കുള്ളിൽത്തന്നെയാണ് കുട്ടികൾ ലൈംഗികാതിക്രമങ്ങൾക്കിരയായതെന്ന കറുത്ത സത്യം ഏറെ ഞെട്ടിക്കുന്നതാണെന്നും കണക്കുകൾ നിരത്തി പോലീസ് പറയുന്നു. സംരക്ഷകരാകേണ്ടവർതന്നെ ചൂഷകരുമായാൽ പിന്നെ ആത്മഹത്യയല്ലാതെ മറ്റു മാർഗ്ഗമില്ലെന്നു പാവം കുഞ്ഞുങ്ങൾ വിചാരിച്ചാൽ, ആരെയാണു നാം പഴിക്കേണ്ടതെന്നു പ്രബുദ്ധകേരളം ഉത്തരം പറയണം.

അശ്ലീലസൈറ്റുകൾക്കും മറ്റും നിയന്ത്രണമേർപ്പെടുത്തി സമൂഹമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം സാധ്യമാക്കണമെന്ന് സർക്കാർതലങ്ങളിൽ പലവട്ടം നിർദ്ദേശങ്ങളും നിയമങ്ങളും ഉണ്ടാകാറുണ്ടെങ്കിലും കർശനനടപടികൾ സ്വീകരിച്ച് സൈബർ ക്രൈമുകൾ തടയാനും നിരോധിക്കാനും സർക്കാരിനിനിയും ആർജ്ജവം പോരാ. അശ്ലീലപ്രചാരകരായ ബിസിനസ് മാഫിയാകളെ തളയ്ക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജാഗ്രത പുലർത്തണം.

പണത്തെയും പദവിയെയുംകാൾ പരിഗണന കല്പിക്കേണ്ടത് ധാർമ്മികനിയമങ്ങൾക്കും സദാചാരമൂല്യങ്ങൾക്കുമാണെന്ന് ഇനിയെന്നാണ് നമ്മുടെ സർവ്വകലാശാലകൾ വിദ്യാർത്ഥികളെ പഠിപ്പിച്ചുതുടങ്ങുന്നത്? ലൈംഗികാതിക്രമങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ ഇരകളോടു സഹതാപവും പീഡകരോടു ദേഷ്യവും തോന്നിയതുകൊണ്ടായില്ല, വികാരങ്ങൾക്കടിമപ്പെടാതെ, വിചാരാനുസൃതം വിവേകത്തോടെ പെരുമാറാനുള്ള ബോധോദയമാണ് പൊതുസമൂഹത്തിനു വേണ്ടത്. ലൈംഗികധാർമ്മികത മുതിർന്നുകഴിഞ്ഞല്ല, ചെറുപ്പം മുതലേ കുട്ടികൾക്കു പഠിപ്പിച്ചു കൊടുക്കണം. ലൈംഗികവിദ്യാഭ്യാസത്തെ നമ്മുടെ സ്കൂൾ-കോളജ്തലങ്ങളിൽ പൊതുകരിക്കുലത്തിന്റെ ഭാഗമാക്കാൻ സാക്ഷരകേരളത്തിലെ വിദ്യാസമ്പന്നന്മാർ ഇന്നും മടികാണിക്കുന്നതെന്താണ്? ഓൺലൈൻ വിദ്യാഭ്യാസം ഒരിടത്തു പൊടിപൊടിക്കുമ്പോഴും, മറ്റൊരിടത്ത് മാധ്യമമലിനതകൾ കുന്നുകൂടുകയാണെന്ന നഗ്നസത്യം അധ്യാപകരും രക്ഷിതാക്കളും കാണാതെ പോകരുത്. അവസാനമായി, ഏതൊരു വ്യക്തിയുടെയും വിശ്വാസ-ധാർമ്മികരൂപവത്കരണത്തിന്റെ കളരി അവന്റെ കുടുംബമാണെന്നും മാതാപിതാക്കളാണ് ആ വിദ്യാക്ഷേത്രത്തിലെ പ്രഥമാധ്യാപകരുമെന്ന് ഓർത്തിരുന്നാൽ നന്ന്.

■



## പ്രതികരണം

## ആശ്വാസമേകി മാധ്യമങ്ങൾ

കൊറോണാവൈറസ് വ്യാപനം തടയുന്നതിനു സർക്കാരുകൾ പ്രഖ്യാപിച്ച ലോക്ഡൗൺ മൂലം രണ്ടു മാസമായി പുറത്തിറങ്ങാതിരുന്ന ദീപനാളത്തിന്റെ പുതിയ ലക്കങ്ങൾ കിട്ടിത്തുടങ്ങിയപ്പോൾ ഏറെ സന്തോഷം തോന്നി. ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ വീട്ടിൽ ഒറ്റയ്ക്കു കഴിച്ചുകൂട്ടേണ്ടി വന്നു. വായിക്കുവാൻപോലും ഒന്നുമില്ലായിരുന്നു. ദീപികപ്പത്രമായിരുന്നു ഒരാശ്വാസം. ദീപനാളത്തിന്റെ മുൻലക്കങ്ങൾ വീണ്ടും വായിച്ചു തീർത്തു. ശാലോം, ഗുഡ്നെസ്, ഷെക്കെയ്ന എന്നീ ടെലിവിഷനുകളുടെ സേവനം എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. വിശ്വാസികളെ പുതിയ ഒരു പന്ഥാവിലേക്കു നയിക്കുവാൻ ഈ ടെലിവിഷൻ ചാനലുകൾക്കായി.

ചൈനയിലെ വുഹാനിൽനിന്നു പൊട്ടിപ്പുറപ്പെട്ട കൊറോണ വൈറസ് ലോകമൊട്ടാകെ വ്യാപിച്ച് ലക്ഷക്കണക്കിനാളുകൾ മരണമടഞ്ഞുകൊണ്ടിരിക്കുന്നു. അരക്കോടിയിലധികംപേർ രോഗബാധിതരാണ്. സൂര്യനസ്തമിക്കാത്ത ലോകരാഷ്ട്രങ്ങൾപോലും ഈ വൈറസിന്റെ മുമ്പിൽ പകച്ചുനിൽക്കുന്നു. മനുഷ്യനേത്രങ്ങൾക്കു കാണുവാൻ സാധിക്കാത്ത ഈ വൈറസിനെ തുരത്തുവാൻ ഫലപ്രദമായ മരുന്നു കണ്ടുപിടിക്കുവാൻ ആധുനികശാസ്ത്രലോകത്തിന് ഇനിയും കഴിഞ്ഞിട്ടില്ല.

വൈറസ് പടർന്നുകൊണ്ടേയിരിക്കും. ഒരു ലോക്ഡൗണിനും അതിനെ തടയുവാൻ സാധിക്കില്ല. തടയണമെങ്കിൽ സർവ്വശക്തനായ ദൈവത്തിന്റെ കരുണയുണ്ടാകണം.

**അഗസ്റ്റിൻ കുറുമണ്ണ്**
**കുഴിത്തൊളു, ഇടുക്കി.**

## ഹൃദയസ്പർശിയായ നോവൽ

ദീപനാളത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന അഗസ്ത്യായനം എന്ന നോവൽ വളരെയധികം ഹൃദയസ്പർശിയാണ്. അതിലെ ഓരോ അധ്യായവും നമ്മെ പഴമയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. നോവലിന്റെ ഓരോ അധ്യായത്തിലെയും പശ്ചാത്തലം നമുക്കു സുപരിചിതം തന്നെ. കുഞ്ഞച്ചനിലൂടെ പാവപ്പെട്ട ഒരു വിഭാഗം ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ എഴുത്തുകാരനു കഴിഞ്ഞു. പല അദ്ഭുതങ്ങളും കുഞ്ഞച്ചൻ എന്ന പുണ്യപുരോഹിതനു ചെയ്യാൻ കഴിഞ്ഞു. അതിലൂടെ ജനങ്ങളിലുണ്ടായ മാറ്റങ്ങൾ ഇന്നും അനുസ്മരിച്ചുകൊണ്ടിരിക്കുന്നു. നോവലിസ്റ്റ് ഗിരീഷ് കെ. ശാന്തിപുരത്തിന് അഭിനന്ദനങ്ങൾ. ഇതുപോലെയുള്ള കഥകൾ ദീപനാളത്തിൽ പ്രസിദ്ധീകരിക്കാൻ ദൈവം അതിന്റെ അണിയറപ്രവർത്തകരെ അനുഗ്രഹിക്കട്ടേയെന്നു പ്രാർത്ഥിക്കുന്നു.

**ആർട്ടിസ്റ്റ് മുരളി**
**കോട്ടയം**

## ചവിട്ടുനാടകത്തിന്റെ അമരക്കാരി

പരമ്പരാഗതക്രൈസ്തവകലാരൂപമായ ചവിട്ടുനാടകത്തിന്റെ അമരക്കാരി സബീന റാഫിയെ അനുസ്മരിച്ചുകൊണ്ട് ഫാ. ഡോ. വി.പി. ജോസഫ് എഴുതിയ ലേഖനം കാലോചിതമായി. പരമ്പരാഗത കലാരൂപങ്ങൾ, പ്രത്യേകിച്ച്, ക്രൈസ്തവകലാരൂപങ്ങൾ അന്യംനിന്നുകൊണ്ടിരിക്കുന്ന ഒരു നാട്ടിലാണു നാമിന്നു ജീവിക്കുന്നത്. അല്ലെങ്കിൽത്തന്നെ പുതിയ തലമുറയ്ക്ക് പഴമയുടെ സൗന്ദര്യങ്ങളെക്കുറിച്ച് എന്തറിയാം? അവരെ കുറ്റംപറഞ്ഞിട്ടു കാര്യമില്ല. മുതിർന്ന തലമുറയും വേണ്ടവണ്ണം ഇത്തരം കലാരൂപങ്ങളെ അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

ജോസഫ് വലിയവീട്ടിലച്ചനെ ഇന്ന് അധികമാളുകളും അറിയുന്നത് ആയിരങ്ങൾക്കാശ്വാസമായിത്തീർന്ന ഒരു ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ എന്ന നിലയിൽ മാത്രമാണ്. എന്നാൽ, പ്രാചീനക്രൈസ്തവകലാരൂപങ്ങളുടെ ഗവേഷണത്തിനും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി അച്ചനാരംഭിച്ച കൃപാസനം എന്ന സ്ഥാപനമാണ് പിന്നീട് ദൈവികമായ ഒരിടപെടലിലൂടെ ഒരു ധ്യാനകേന്ദ്രമായി മാറിയത് എന്ന സത്യം പലർക്കുമറിഞ്ഞുകൂടാ. സബീന റാഫിയുടെ സമഗ്രമായ ഒരു ചിത്രം നല്കുവാൻ ജോസഫച്ചനു കഴിഞ്ഞു. ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന ഈ ലേഖനത്തിലൂടെ ലേഖകൻ നിർവ്വഹിച്ചിരിക്കുന്നത് ഒരു സത്കൃത്യം തന്നെയാണ്. ജോസഫച്ചനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**സാബു ജോസഫ്**
**കൈനകരി**

## ചികിത്സിക്കേണ്ടത് ആത്മഹത്യകളുടെ മൂലകാരണങ്ങളെ

നാട്ടിൽ അനുദിനം ആത്മഹത്യകൾ പെരുകുന്നു. ജനജീവിതം വഴിമുട്ടുന്ന സാഹചര്യങ്ങൾ കൂടിവരുന്ന സ്ഥിതിക്ക്, മൂലകാരണങ്ങൾ ചികഞ്ഞെടുത്തു ചികിത്സിക്കുന്നില്ലെങ്കിൽ, ആത്മഹത്യകൾ ആവർത്തിക്കപ്പെടും.

പെട്ടെന്നുണ്ടാകുന്ന പ്രകോപനങ്ങളെ മാത്രം കണ്ടു പറയുന്നതും പ്രവർത്തിക്കുന്നതും ശരിയല്ല. പാരമ്പര്യം, കുടുംബപശ്ചാത്തലം, വീട്ടുകാര്യങ്ങൾ തുടങ്ങിയ മൂലകാരണങ്ങളെ കണ്ടറിഞ്ഞു പ്രതിരോധിക്കണം. ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർ ഉടൻ പ്രസ്താവനകൾ നടത്തരുത്. ഇത്തരക്കാരുടെ ഇടയിലും കൗൺസെലിങ്ങ് വേണ്ടവരുണ്ട്. കാര്യങ്ങൾ കാണാതിരുന്നിട്ടു കാര്യമില്ല.

കൊറോണ ഒരു രോഗം മാത്രമല്ല. മനുഷരുടെ കണ്ണു തുറപ്പിക്കേണ്ട വലിയൊരു അടയാളം കൂടിയാണ്.

ഈ നില തുടർന്നാൽ കൊറോണമരണത്തേക്കാൾ കൂടുതൽ ആത്മഹത്യകൾ ലോകത്തു സംഭവിച്ചെന്നു വരാം. സത്യത്തോട് ആദരം പുലർത്തുക, ഏതിനും ഏറ്റവും വലിയ ചികിത്സ അതു തന്നെ.

**അഡ്വ. ഫിലിപ്പ്**
**പഴേമ്പള്ളി, പെരുവ**

# സീനാമലമുകളിൽ




സഞ്ചാരം



ഫാ. ഫിലിപ്പ് ഞരളക്കാട്ട്

**സീ**നാമല ഒരു വിശുദ്ധമലയാണ്. മലയുടെ താഴ്‌വാരത്തുള്ള ഒരു കുന്നിൻചെരുവിലാണ് ജെത്രോയുടെ ആടുകളെ മേയിച്ചുകഴിഞ്ഞിരുന്ന മോശയ്ക്കു ദൈവം കത്തുന്ന മുൾപ്പടർപ്പിൽ പ്രത്യക്ഷനായത്. അവിടെവച്ചാണ് ദൈവം തിരഞ്ഞെടുത്ത ഇസ്രായേൽജനതയെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച് കാനാൻ ദേശത്തേക്കു നയിക്കുവാനുള്ള ദൗത്യം മോശയ്ക്കു അവിടുന്നു നൽകിയത്. കാനാൻദേശത്തേക്ക് ഇസ്രായേൽജനതയെ നയിച്ചുകൊണ്ടുള്ള യാത്രയിൽ വീണ്ടും അദ്ദേഹം സീനാമലയുടെ താഴ്‌വരയിലെത്തി. അവിടെ ഇസ്രായേൽജനം പാളയമടിച്ചു.

മോശ സീനാമലയിലേക്കു കയറിച്ചെന്നു. ദൈവം മോശയോടു സംസാരിച്ചു. ഈജിപ്തുകാരോട് ദൈവം ചെയ്ത കാര്യങ്ങൾ അവർ കണ്ടുകഴിഞ്ഞു. കഴുകൻ തന്റെ ചിറകുകളിൽ കുഞ്ഞുങ്ങളെ സംവഹിക്കുന്നതുപോലെ ഇസ്രായേലിനെ ദൈവം അവിടെവരെ കൊണ്ടുവന്നിരിക്കുന്നു. മോശയോട് ദൈവം പറഞ്ഞു: ഇസ്രായേൽ ജനതയോടു പറയുക: 'നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിലുംവച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ ജനമായിരിക്കും. നിങ്ങൾ എനിക്കു പുരോഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും' (പുറ. 19:5-6). ജനം സന്തോഷത്തോടെ ഇതു സ്വീകരിച്ചു. ദൈവം നിർദ്ദേശിച്ചതനുസരിച്ച് മോശ ജനത്തെ വിശുദ്ധീകരിക്കുകയും മലയുടെ ചുറ്റും അണിനിരത്തുകയും ചെയ്തു.

മൂന്നാംദിവസം പ്രഭാതത്തിൽ ഇടിമുഴക്കവും മിന്നൽപ്പിണരുകളുമുണ്ടായി. മലമുകളിൽ ദൈവസാന്നിധ്യം കാണിക്കുന്ന കനത്ത മേഘം പ്രത്യക്ഷപ്പെട്ടു. കാഹളധ്വനി മുഴങ്ങി. ദൈവത്തെ കാണുവാനായി ജനം മലയുടെ അടിവാരത്തു നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിൽ ഇറങ്ങിവന്നതിനാൽ സീനാമല മുഴുവൻ ധൂമാവൃതമായി. മല ശക്തമായി ഇളകിമറിഞ്ഞു. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കത്തിൽ ഉത്തരം നൽകുകയും ചെയ്തു. കർത്താവ് സീനാമലമുകളിൽ ഇറങ്ങിവന്ന് മോശയെ അങ്ങോട്ടു വിളിച്ചു. മോശ കയറിച്ചെന്നു (പുറ 19:16-20). കർത്താവ് മോശയോടു സംസാരിച്ചു. "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറേ ദേവന്മാർ നിനക്കുണ്ടാകരുത്..." പത്തു കല്പനകൾ പിറക്കുകയായിരുന്നു (പുറ.20:1-17). കർത്താവു മോശയോടു സംസാരിച്ച സീനാ ഒരു വിശുദ്ധമലയായിത്തീർന്നു.

പിന്നീടുള്ള കാലങ്ങളിൽ വിശുദ്ധജീവിതം കാംക്ഷിച്ച നിരവധി ഏകാന്തസന്ന്യാസികൾ ഈ പ്രദേശത്തുവന്നു ഭക്തജീവിതം നയിച്ചുതുടങ്ങി. ഈ വിശുദ്ധമലയിലേക്കു തീർത്ഥാടനവും കുറവായിരുന്നില്ല. മലയുടെ താഴ്‌വരയിൽ ഒരു ആശ്രമമുണ്ടായി. ധാരാളം ക്രൈസ്തവസന്ന്യാസികൾ അവിടെ ഭക്തജീവിതം നയിച്ചുവന്നു. ഇപ്പോൾ ഈ ആശ്രമം അറിയപ്പെടുന്നത് സെന്റ് കാതറൈൻ മൊണാസ്ട്രി എന്നാണ്. റോമൻ ചക്രവർത്തിയായിരുന്ന ജസ്റ്റീനിയൻ ആശ്രമത്തിനു ചുറ്റും കോട്ടകെട്ടി അവിടം സുരക്ഷിതമാക്കി. ചക്രവർത്തിതന്നെ റുമേനിയായിൽനിന്നും ഈജിപ്റ്റിൽനിന്നുമായി ഇരുനൂറു കുടുംബങ്ങളെ കൊണ്ടുവന്ന് ആശ്രമത്തിന്റെ സംരക്ഷണച്ചുമതല ഏല്പിച്ചു. നാളെ ഞങ്ങളുടെ തീർത്ഥാടകസംഘത്തിന്റെ ആദ്യപരിപാടി സെന്റ് കാതറൈൻ മൊണാസ്ട്രി സന്ദർശിക്കുകയാണ്. അതിനുമുമ്പ് വിശുദ്ധമലയായ സീനായിലേക്കുള്ള യാത്രയുമുണ്ട്.

അർദ്ധരാത്രിയോടെ ഞങ്ങളുടെ തീർത്ഥാടകസംഘത്തിലെ കുറെപ്പേർ സീനാമല കയറാനുള്ള തയ്യാറെടുപ്പിൽ ഒത്തുചേർന്നു. ഞാനുൾപ്പെടെ ഭൂരിപക്ഷം പേരും വിവിധ കാരണങ്ങളാൽ മലകയറ്റം വേണ്ട എന്നു തീരുമാനിച്ചു. മല കയറാൻ പോയവർ അവരുടെ അനുഭവങ്ങൾ പിന്നീട് വിശദമായി ഞങ്ങളോടു പങ്കുവച്ചു. മല കയറാനുള്ള തയ്യാറെടുപ്പോടുകൂടിയായിരുന്നു ചിലർ നാട്ടിൽനിന്നുതന്നെ പോന്നത്. ഷൂസും ടോർച്ചും കുടിവെള്ളവുമെല്ലാം കരുതിയാണ് അവർ നില്ക്കുന്നത്. മറ്റുചിലർ ഒരു തയ്യാറെടുപ്പുമില്ലാതെയാണ് ഇറങ്ങിയത്. അവർക്കു മല കയറാനുള്ള ആവേശം മാത്രമാണ് കൈമുതൽ. ഹോട്ടലിൽനിന്നു കുറച്ചുദൂരം ബസിൽ പോകാം. അതിനുശേഷം സീനാമലയുടെ ചുവട്ടിലേക്കു സാമാന്യം നല്ല കയറ്റമാണ്. കാൽനടയായോ ഒട്ടകത്തിന്റെ പുറത്തോ സഞ്ചരിക്കാം. അവിടെ ഒട്ടകങ്ങളുമായി കുറേപ്പേർ നില്പുണ്ട്. നിശ്ചിത തുക കൊടുത്താൽ ഒട്ടകത്തിന്റെ പുറത്തിരുന്നു മല കയറാം. പലരും നടക്കാൻതന്നെ തീരുമാനിച്ചു. ഒട്ടകത്തിന്റെ പുറത്തുകയറി സഞ്ചരിച്ചവർ പിന്നീട് അവരുടെ അനുഭവം വിവരിച്ചു. ഒട്ടകം മലമുകളിലേക്ക് ഓരോ ചുവടും വയ്ക്കുമ്പോൾ അതിന്റെ ഉയർന്നുപൊന്തിനില്ക്കുന്ന ഉപ്പുചുമൽ മുകളിൽ ഇരുന്നു സഞ്ചരിക്കുന്നവന്റെ വയറ്റത്തിടിക്കും. അടുത്ത ചുവടു വയ്ക്കുമ്പോൾ വയറിന്റെ മറുവശത്താണ് ഇടി. ഇങ്ങനെ കുറെദൂരം ഇടി വാങ്ങി സഞ്ചരിച്ചുകഴിഞ്ഞപ്പോൾ താഴെയിറങ്ങി ഒട്ടകക്കാരന്റെ പണവും കൊടുത്ത് കാൽനടയായി അവർ മല കയറി.

കുറെ മുമ്പോട്ടു പോകുമ്പോൾ തൂക്കായ കയറ്റമാണ്. വഴി ഇടുങ്ങിയതും ദുർഗമവുമാണ്. ആദ്യകാലസന്ന്യാസികൾ കല്ലിൽ നടകൾ വെട്ടിയുണ്ടാക്കിയിട്ടുണ്ട്. ആ നടകൾ കയറിയാണ് തീർത്ഥാടകർ മുകളിലേക്കു പോകുന്നത്. 864 നടകളുണ്ട്. ഉദ്ദേശം രണ്ടടി നീളത്തിലുള്ളവയാണ് കൽപ്പടവുകൾ. 'കുറിയേലൈസോൻ' (കർത്താവേ, അനുഗ്രഹിക്കണമേ) 'ക്രിസ്തേലൈസോൻ' (മിശിഹായേ, അനുഗ്രഹിക്കണമേ) എന്ന ഗാനം പാടിക്കൊണ്ടായിരുന്നു ആദ്യകാല തീർത്ഥാടകർ മല കയറിയിരുന്നത്. 'പറുദീസായിലേക്കുള്ള ഗോവണി' എന്നാണ് വി. ജോൺ ക്ലിമാകൂസ് ഈ നടകളെപ്പറ്റി പറഞ്ഞിട്ടുള്ളത്. അദ്ദേഹം സെന്റ് കാതറൈൻ മൊണാസ്ട്രിയിലെ ഒരു അന്തേവാസിയും 'പറുദീസയിലേക്കുള്ള ഗോവണി' (Ladder to Paradise) എന്ന ഗ്രന്ഥത്തിന്റെ കർത്താവുമാണ്. കൽപ്പടവുകൾ കയറിക്കഴിഞ്ഞാൽ കല്ലുംകൂട്ടം നിറഞ്ഞ ഇടുങ്ങിയ വഴിയാണ്. കുറേക്കൂടി മുകളിലേക്കു കയറുമ്പോൾ കൂടുതൽ ഇടുങ്ങിയ ഒരു ഭാഗമുണ്ട്. അതാണ് 'Door of Confession' - കുമ്പസാരവാതിൽ. തീർത്ഥാടകർ അവിടെയെത്തുമ്പോൾ മുട്ടിന്മേൽനിന്ന് അവരുടെ തെറ്റുകൾക്ക് ദൈവത്തോടു മാപ്പു ചോദിച്ചിരുന്നു. സങ്കീർത്തനം 24:3-4 ഉരുവിട്ട് അവർ പ്രാർത്ഥിച്ചിരുന്നു.

"കർത്താവിന്റെ മലയിലേക്ക് ആരു കയറും?
അവിടെ കാലുകുത്തുവാൻ ആർക്കു ധൈര്യമുണ്ടാകും.
പരിശുദ്ധമായ കരങ്ങളും
നിർമ്മലമായ മനഃസാക്ഷിയുമുള്ളവനും
സ്വയം വഞ്ചിച്ച് കള്ളസത്യം ചെയ്യാത്തവനും..."

മലമുകളിൽനിന്ന് 700 പടികൾ താഴെ ആംഫിതീയേറ്റർപോലെ ഒരു ഭാഗമുണ്ട്. പഴയ ചാപ്പലുകളുടെ ചില അവശിഷ്ടങ്ങൾ അവിടെയുണ്ട്. ചുരുക്കം ചില സൈപ്രസ് മരങ്ങളുടെ നേരിയ പച്ചപ്പും ആ ഭാഗത്തുണ്ട്. പാരമ്പര്യമനുസരിച്ച് നടുവിൽ കാണുന്ന പാറയിലാണ് മോശയും ജനനേതാക്കളും ദൈവത്തെ ധ്യാനിച്ചു കഴിഞ്ഞിരുന്നത് (പുറ. 24:1-2; 9-11). ആഹാസ് രാജാവിനെ ഭയന്ന് ഓടിരക്ഷപ്പെട്ട ഏലിയാ ഇവിടെയാണത്രേ അഭയം തേടിയത്. ഒരു കുളിർത്തെന്നലിൽ ഏലിയായ്ക്ക് ദൈവത്തിന്റെ ദർശനമുണ്ടായത് ഇവിടെയാണ് (1 രാജാ. 19:8-13). ഏലിയായുടെ ഗുഹ എന്നാണ് ഈ ഭാഗത്തെ വിളിക്കുന്നത്.

മലമുകളിലേക്ക് ഇവിടെനിന്ന് 700 പടികൾകൂടി കയറണം. ആ കൽപ്പടവുകൾ കാറ്റിന്റെ ശക്തിമൂലം തേഞ്ഞുപോയിരിക്കുന്നതുകൊണ്ട് കയറ്റം കൂടുതൽ പ്രയാസമാണ്. മലമുകൾ ഒരു പ്ലാറ്റുഫോംപോലെയാണ്. ഇവിടെ സമുദ്രനിരപ്പിൽനിന്ന് 2244 മീറ്റർ ഉയരമുണ്ട്. ഈ സ്ഥലത്തെ ജേബൽ മൂസാ-മോശയുടെ കൊടുമുടി - എന്നാണു വിളിക്കുന്നത്. ഇവിടെ സെന്റ് കാതറൈനിലെ സന്ന്യാസികൾ നാലാം നൂറ്റാണ്ടിൽ ഒരു ചാപ്പലുണ്ടാക്കി. ഇപ്പോഴും ഇവിടെ കല്ലുകൊണ്ടു കെട്ടിയ ഒരു ചാപ്പലുണ്ട്. ചുറ്റും നിറയെ പർവ്വതനിരകളാണ്. തീർത്ഥാടകർ ഇവിടെ നിന്നു സൂര്യോദയം ദർശിക്കുന്ന പതിവുണ്ട്. ലോകത്ത് മറ്റൊരു സ്ഥലത്തും കിട്ടാത്തതുപോലെയുള്ള മനോഹരമായ കാഴ്ചയാണത് എന്നാണ് തീർത്ഥാടകർ രേഖപ്പെടുത്തിയിരിക്കുന്നത്. സഭാപിതാവായ ഒരിജൻ ഒരിക്കൽ പറഞ്ഞത് വളരെ അർത്ഥവത്തായിത്തോന്നും: 'മരുഭൂമിയിൽ വായു കൂടുതൽ ശുദ്ധമാണ്, ആകാശം കൂടുതൽ അടുത്തും ദൈവം ഏറ്റവും സമീപത്തുമാണ്."

ഈ ഗിരിശൃംഗത്തിന്റെ കിഴക്കേച്ചെരുവിൽ ഒരു ഗുഹയുണ്ട്. മോശയുടെ ഗുഹ എന്നാണ് അറിയപ്പെടുന്നത്. അവിടെയാണത്രേ മോശ ദൈവത്തെ ധ്യാനിച്ച് നാല്പതുദിനരാത്രങ്ങൾ കഴിഞ്ഞുകൂടിയത്. ദൈവത്തിന്റെ മുഖം കാണാൻ മോശ ആഗ്രഹിച്ചെങ്കിലും ദൈവത്തിന്റെ മഹത്ത്വം കാണാൻ മാത്രമാണ് മോശയ്ക്കു സാധിച്ചത് (പുറ 33:19-23). ദൈവം മോശയോടു പറഞ്ഞു: "എന്നെക്കാണുന്ന ഒരു മനുഷ്യനും ജീവനോടെ ഇരിക്കുകയില്ല... എന്റെ മഹത്ത്വം കടന്നുപോകുമ്പോൾ നിന്നെ ഒരു പാറയുടെ ഇടുക്കിൽ ഞാൻ നിർത്തും. ഞാൻ കടന്നുപോകുമ്പോൾ എന്റെ കൈകൊണ്ട് നിന്നെ മറയ്ക്കും. അതിനുശേഷം ഞാൻ കൈ മാറ്റും. അപ്പോൾ നിനക്ക് എന്റെ പിൻഭാഗം കാണാം. എന്നാൽ, എന്റെ മുഖം നീ കാണുകയില്ല" (പുറ 33:22-23). കർത്താവ് മേഘത്തിൽ ഇറങ്ങിവന്ന് മോശയുടെ അടുക്കൽ നില്ക്കുകയും 'കർത്താവ് എന്നാണ് എന്റെ നാമം' പ്രഖ്യാപിക്കുകയും ചെയ്തു. അവിടുന്ന് ഇപ്രകാരം ഉദ്ഘോഷിച്ചുകൊണ്ട് അവന്റെ മുമ്പിലൂടെ കടന്നുപോയി: "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും കുറ്റങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ" (പുറ 34:6-7). ഉദാത്തമായ ദൈവികവെളിപാടുകളുടെ സ്ഥലമാണ് ഈ മലമുകൾ എന്നോർക്കുമ്പോൾ തീർത്ഥാടകന്റെ ഹൃദയം ദൈവസ്നേഹംകൊണ്ടു നിറയും.


സീനാമല

സീനാമലമുകളിലെ ദൈവാനുഭവം മോശയിൽ വരുത്തിയ മാറ്റത്തെപ്പറ്റി ബൈബിൾ നമുക്കു പറഞ്ഞുതരുന്നുണ്ട്. മലയിൽനിന്നു താഴെയിറങ്ങിവന്ന മോശയ്ക്ക് തന്റെ മുഖത്തുനിന്ന് ഒരു പ്രകാശം പ്രസരിക്കുന്നു എന്നു മനസ്സിലായില്ല. അതു മനസ്സിലാക്കിയപ്പോൾമുതൽ മോശ തന്റെ മുഖത്തിനു മുമ്പിൽ ഒരു തിരശ്ശീലയിട്ടു. മോശയുടെ മുഖത്തെ പ്രകാശം ദൈവവമഹത്ത്വത്തിന്റെ ഒരു പ്രതിഫലനമായിരുന്നു. ഹീബ്രുഭാഷയിൽ പ്രകാശരശ്മിക്കുപയോഗിക്കുന്ന വാക്കിന് 'കൊമ്പ്' എന്നർത്ഥമുണ്ട്. അതുകൊണ്ടാണ് മൈക്കലാഞ്ചലോയുടെ ഒരു ശില്പം മാർബിളിൽ കൊത്തിയുണ്ടാക്കിയപ്പോൾ തലയിൽ രണ്ടു കൊമ്പുകൾ വച്ചത്.

പിറ്റേദിവസം തീർത്ഥാടകസംഘത്തിലുള്ളവർ അന്നത്തെ സന്ദർശനപരിപാടികൾക്കു തയ്യാറെടുക്കവേ മലമുകളിലേക്കു പോയവർ തിരിച്ചുവന്നുതുടങ്ങി. മലകയറാൻ പോയവരിൽ രണ്ടുപേർ തിരിച്ചുവന്നിട്ടില്ല എന്നറിഞ്ഞപ്പോൾ എല്ലാവർക്കും ടെൻഷനായി. ഇപ്പോൾ തിരിച്ചെത്തും എന്ന പ്രതീക്ഷയിൽ എല്ലാവരും പ്രഭാതഭക്ഷണം കഴിച്ച് സെന്റ് കാതറൈൻ മൊണാസ്ട്രി കാണാനായി പുറപ്പെട്ടു. സമയം ഒൻപതുമണിയാകുന്നു. അപ്പോഴേക്കും കൂട്ടംവിട്ടുപോയ സുഹൃത്തുക്കൾ രണ്ടുപേരും ക്ഷീണിതരും വിവശരുമായി മലയിറങ്ങിവന്നു. തിരിച്ചുള്ള യാത്രയ്ക്കിടയിൽ വഴിതെറ്റി കുറേദൂരം സഞ്ചരിച്ചു. ചില പ്രദേശവാസികളുടെ സഹായത്തോടെ തിരിച്ചിറങ്ങിവരുകയായിരുന്നു. മരുഭൂമിയിലെ കനത്ത ചൂട് താങ്ങാൻ കഴിയാതെ അപകടത്തിൽപ്പെടാനുള്ള സാധ്യത ദൈവാനുഗ്രഹംകൊണ്ട് ഇല്ലാതായി. എല്ലാവരും ദൈവത്തിനു നന്ദിപറഞ്ഞ് കാതറൈൻ മൊണാസ്ട്രിയിലേക്കു നടന്നു.

*(തുടരും)*

# ചരിത്രവസ്തുതകൾ തമസ്കരിക്കരുത്






ഡോ. കുര്യാസ് കുമ്പളക്കുഴി

**ജൂ**ൺ 29ലെ പതിവുവാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നവോത്ഥാനനായകരിൽ ഒരാളായ കുമാരഗുരുദേവനെ അനുസ്മരിക്കുകയുണ്ടായി. പ്രത്യക്ഷരക്ഷാദൈവസഭ എന്ന ക്രൈസ്തവസമൂഹത്തിന്റെ സ്ഥാപകനായ കുമാരഗുരുദേവൻ (1879 –1939) പറയ സമുദായത്തിൽ നിന്നുയർന്നുവന്ന ഒരു സാമൂഹിക പരിഷ്കർത്താവും മതനേതാവുമാണ്. ഇരവിപേരൂർ സ്വദേശിയായ അദ്ദേഹം പൊയ്കയിൽ യോഹന്നാൻ ഉപദേശി, പൊയ്കയിൽ അപ്പച്ചൻ എന്നീ പേരുകളിലും അറിയപ്പെട്ടിരുന്നു. 1939 ജൂൺ 29 ന് അദ്ദേഹം സമാധിയടഞ്ഞു.

ഈ അനുസ്മരണം, വളരെ ശ്രദ്ധേയമായ ഒരു ചരിത്രവസ്തുതയെക്കൂടി സൂചിപ്പിക്കുന്നുണ്ട്. കേരളനവോത്ഥാനം, വിവിധ സമുദായതലങ്ങളിൽ, അതതുസമുദായത്തിൽനിന്നുയർന്നുവന്ന മഹാപുരുഷന്മാരുടെ നേതൃത്വത്തിലുണ്ടായ സാമൂഹികവും സാമുദായികവുമായ ഉണർവ്വിന്റെ ആകത്തുകയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ കേരളത്തിലാരംഭിച്ച വിദ്യാഭ്യാസവിപ്ലവത്തിന്റെ അനന്തരഫലംകൂടിയാണിത്.

മാർത്തോമ്മാസഭാസ്ഥാപകനായ പാലക്കുന്നത്ത് അബ്രാഹം മല്പാനിലാണ് (1796–1845) ഇതിന്റെ തുടക്കം. കത്തോലിക്കാസമൂഹത്തിൽ ചാവറയച്ചൻ (1805–1871), തെക്കൻതിരുവിതാംകൂറിലെ നാടാർ സമുദായത്തിൽ വൈകുണ്ഠസ്വാമികൾ (1809–1851), നായർ സമുദായത്തിൽ ചട്ടമ്പിസ്വാമികൾ (1853 –1924), ഈഴവസമൂഹത്തിൽ ശ്രീനാരായണഗുരു (1856–1928), പുലയസമൂഹത്തിൽ അയ്യങ്കാളി (1863–1941), മുസ്ലീംകൾക്കിടയിൽ വക്കം അബ്ദുൾഖാദർ മൗലവി (1873 –1932), നായർവിഭാഗത്തിൽ വീണ്ടും മന്നത്തു പത്മനാഭൻ (1878–1970), നമ്പൂതിരിമാർക്കിടയിൽ വി.ടി. ഭട്ടതിരിപ്പാട് (1896–1982) തുടങ്ങിയ മഹാപുരുഷന്മാർ നവോത്ഥാനാത്മകമായ ഉണർവ്വിനു നേതൃത്വം നല്കി.

ആധുനികവിദ്യാഭ്യാസം നേടി പ്രബുദ്ധരാവാനും ആധ്യാത്മികമായ ഉണർവ്വിലൂടെ നല്ല മനുഷ്യരാകാനുമാണ് ഈ മഹാപുരുഷന്മാർ സ്വസമുദായങ്ങളെ ഉപദേശിച്ചത്. ഈ പ്രബുദ്ധതയും നന്മയും അഭേദ്യമാംവിധം ഇഴചേർന്നപ്പോളാണ് നവോത്ഥാനസംഭാവന എന്നു വിശേഷിപ്പിക്കാവുന്ന കേരളത്തിലെ പരിഷ്കൃതസമൂഹം രൂപം കൊണ്ടത്. അതുകൊണ്ടാണ് സാമൂഹികപുരോഗതിയിൽ ഏറ്റവും മുന്നിൽ നില്ക്കുന്ന ഇന്ത്യൻ സംസ്ഥാനമായി കേരളം മാറിയതും.

ഇന്ത്യയിലും കേരളത്തിലുമുണ്ടായ നവോത്ഥാനം ആഗോളനവോത്ഥാനത്തിന്റെ ഭാഗമായിട്ടാണു വിലയിരുത്തപ്പെടേണ്ടത്. ലോകചരിത്രത്തിലെ പ്രഖ്യാതമായ നവോത്ഥാനത്തിന്റെ തുടക്കം പതിന്നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ഇറ്റലിയിലെ ഒരു സ്വതന്ത്രറിപ്പബ്ലിക്കായിരുന്ന ഫ്ളോറൻസിലാണ്. അതാവട്ടെ, നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ വിപ്ലവകരമായ പൊളിച്ചെഴുത്തിലൂടെയാണ് ആരംഭിച്ചതും. വ്യക്തിമഹത്ത്വമുള്ള സമഗ്രമനുഷ്യന്റെ രൂപവത്കരണത്തിനു വിദ്യാഭ്യാസം പ്രയോജനപ്പെടണം എന്നതായിരുന്നു പുതിയ കാഴ്ചപ്പാട്. ഇവിടെനിന്നാണ് ആധുനികവിദ്യാഭ്യാസചരിത്രം ആരംഭിക്കുന്നത്.

ഏതാണ്ടിതിനു സമാനമായ ഒരു സാഹചര്യത്തിൽനിന്നാണ് കേരളനവോത്ഥാനത്തിന്റെ സമാരംഭവും. 1806ൽ തെക്കൻതിരുവിതാംകൂറിലെത്തിയ ലണ്ടൻ മിഷനറി സൊസൈറ്റിയംഗം വില്യം തോബിയാസ് റിംഗിൾ ടോബ് എന്ന പ്രോട്ടസ്റ്റന്റുമിഷനറി നാഗർകോവിലിനു സമീപം മൈലാടിയിൽ, സുഹൃത്ത് വേദമാണിക്യത്തിന്റെ വീട്ടുമുറ്റത്താരംഭിച്ച വിദ്യാലയമാണ് കേരളത്തിൽ ആധുനികവിദ്യാഭ്യാസത്തിന്റെ ആദ്യസംരംഭമായി വിലയിരുത്തപ്പെടുന്നത്. അതൊരു പൊതുവിദ്യാലയമായിരുന്നു. ജാതിമതഭേദമില്ലാതെ എല്ലാ വിഭാഗം കുട്ടികൾക്കും ഒന്നിച്ചിരുന്നു പഠിക്കാൻ കേരളത്തിൽ ഒരുങ്ങിയ ആദ്യപാഠശാല. അതുവരെ ഗുരുകുലങ്ങളിലും ആശാൻകളരികളിലും സവർണസമൂഹത്തിനു മാത്രമാണല്ലോ വിദ്യാഭ്യാസസൗകര്യം ലഭിച്ചിരുന്നത്.

മിഷനറിമാർ അക്ഷരത്തോടൊപ്പം പരിഷ്കൃതജീവിതത്തിനുവേണ്ട പരിശീലനംകൂടി നല്കാൻ ആഗ്രഹിച്ചിരുന്നു എന്നതാണു ശ്രദ്ധേയമായ മറ്റൊരു വസ്തുത. അതു ശുചിത്വബോധത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും പ്രാഥമികപാഠങ്ങളായിരുന്നു. പല്ലുതേക്കണം, കുളിക്കണം, വസ്ത്രം ധരിക്കണം, മുഷിഞ്ഞ വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കി ധരിക്കണം, ഭക്ഷണത്തിനു മുമ്പും പിമ്പും കൈയും വായും കഴുകണം, രോഗം വരുമ്പോൾ ചികിത്സിക്കണം, മലമൂത്രവിസർജ്ജനത്തിനു പ്രത്യേക സൗകര്യമുണ്ടാക്കണം എന്നിങ്ങനെ. അത്തരം കാര്യങ്ങളിലൊക്കെ അലസതയും അശ്രദ്ധയും പുലർത്തിയിരുന്ന കീഴാളവിഭാഗങ്ങളെയാണ് മിഷനറിമാർ ഇത്തരത്തിൽ ഉണർത്തിയെടുക്കാൻ ശ്രമിച്ചത്.

ഇതോടൊപ്പം ജനതയുടെ ആധ്യാത്മികനവോത്ഥാനത്തിലും മിഷനറിമാർ ജാഗ്രത പുലർത്തി. അതാണ് പള്ളിയോടു ചേർന്നു പള്ളിക്കൂടം എന്ന ആശയത്തിന്റെ പശ്ചാത്തലം. റിംഗിൾ ടോബു മൈലാടിയിൽ തുടങ്ങാൻ ആഗ്രഹിച്ചത് പള്ളിക്കൂടം മാത്രമല്ല പള്ളിയുംകൂടിയായിരുന്നു. പുതിയ പള്ളി സ്ഥാപിക്കണമെങ്കിൽ സർക്കാരിന്റെ അനുവാദം വേണമായിരുന്നു. അന്ന് തിരുവിതാംകൂർ ദിവാൻ വേലുത്തമ്പിയാണ്. അദ്ദേഹത്തെ നേരിൽക്കണ്ട് റിംഗിൾ ടോബ് അനുവാദം ചോദിച്ചെങ്കിലും നടന്നില്ല. 'ഇവിടെ ഇപ്പോൾത്തന്നെ ആവശ്യത്തിലധികം മതങ്ങളുണ്ട്. ഇനി പുതിയൊരു മതംകൂടി ആവശ്യമില്ല്' എന്നായിരുന്നത്രേ വേലുത്തമ്പിയുടെ നിലപാട്. 1809 ൽ വേലുത്തമ്പി ആത്മഹത്യ ചെയ്തതിനു ശേഷമേ മൈലാടിയിൽ പള്ളി പണിയാൻ അനുവാദം ലഭിച്ചുള്ളൂ.



*കുമാരഗുരുദേവൻ*

പള്ളിയോടു ചേർന്ന് പള്ളിക്കൂടം എന്നത് ആഗോളകത്തോലിക്കാസഭയുടെ ഒരു കാഴ്ചപ്പാടാണ്. നവോത്ഥാനചരിത്രത്തിന് ഇങ്ങനെയൊരു പശ്ചാത്തലംകൂടിയുണ്ട് എന്ന വസ്തുത പലരും വിസ്മരിച്ചുകളയുന്നു. ഇതിന്റെ തുടക്കം ഒമ്പതാം നൂറ്റാണ്ടിലാണ്. എന്നുകരുതി, അന്നേ നവോത്ഥാനം ആരംഭിച്ചുവെന്നു വാദിക്കുകയാണെന്നു തെറ്റിദ്ധരിക്കരുത്. 826 ൽ പോപ്പ് എവുജേനിയൂസ് രണ്ടാമൻ വിളിച്ചു ചേർത്ത റോമൻ സിനഡിൽ ഒരു തീരുമാനമുണ്ടായി. കത്തീഡ്രലുകൾ, ഇടവകദൈവാലയങ്ങൾ, ആശ്രമങ്ങൾ എന്നിവയോടു ചേർന്നു മാത്രമല്ല, ആവശ്യമുള്ള ഇടങ്ങളിലൊക്കെ സ്കൂളുകൾ ആരംഭിക്കണമെന്ന്. അവിടെനിന്നാണ് യൂറോപ്പിലെ സാർവ്വത്രികവിദ്യാഭ്യാസപരിപാടിയുടെ തുടക്കം.

ഈ ആശയം ഇന്ത്യയിൽ ആദ്യം അവതരിപ്പിച്ചത് പ്രോട്ടസ്റ്റന്റു മിഷനറിമാരാണ്. യൂറോപ്പിലെ നവോത്ഥാനത്തിന്റെ പശ്ചാത്തലചരിത്രം അവർക്കു പരിചിതമായിരുന്നല്ലോ. റിംഗിൾ ടോബിന്റെ പിൻഗാമി ചാൾസ് മീഡ് തെക്കൻതിരുവിതാംകൂറിലെ മിഷൻ കേന്ദ്രങ്ങളിലെല്ലാം സ്കൂളുകൾകൂടി ആരംഭിക്കണമെന്ന് നിർദ്ദേശം നല്കിയതായി കാണുന്നുണ്ട്.

മാർത്തോമ്മാ സഭാസ്ഥാപകൻ അബ്രാഹം മല്പാൻ ഇടവകകൾ തോറും ഇംഗ്ലീഷ് സ്കൂളുകൾ ആരംഭിക്കണമെന്ന് അനുയായികളോട് ഉപദേശിച്ചിരുന്നു. 1856 ൽ വരാപ്പുഴ മെത്രാൻ ബർണർദീൻ ബാച്ചിനെല്ലി ദൈവാലയങ്ങളോടു ചേർന്നു സ്കൂളുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയതായി ലത്തീൻ സഭാവിഭാഗത്തിലെ ചരിത്രപണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. 1865ലെ പ്രശസ്തമായ സർക്കുലറിലൂടെ, എല്ലാ പള്ളികളോടുംചേർന്ന് പള്ളിക്കൂടങ്ങൾ ആരംഭിക്കണമെന്നു ചാവറയച്ചനും കല്പന നല്കിയിരുന്നുവല്ലോ.

ഇന്ന് കേരളത്തിലെ എല്ലാ ക്രൈസ്തവവിഭാഗങ്ങളും അവരവരുടെ ദൈവാലയങ്ങളോടു ചേർന്നു വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്. കേരളവിദ്യാഭ്യാസമേഖലയിലെ ആദ്യകാലപ്രണേതാക്കൾ ക്രൈസ്തവസമൂഹങ്ങളാണ്. അവരുടെ എല്ലാ സ്ഥാപനങ്ങളും എല്ലാ വിഭാഗം ജനങ്ങൾക്കുംവേണ്ടിയായിരുന്നു. ജാതിമതവർണവർഗ്ഗഭേദങ്ങളുടെ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും അവിടങ്ങളിൽ ഉണ്ടായിരുന്നില്ല.

കുമാരഗുരുദേവൻ ഉൾപ്പെടെയുള്ള നവോത്ഥാനനായകർ ഈ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഗുണഭോക്താക്കളാണ്. വിദ്യാഭ്യാസം ചെയ്യുന്നത് ആന്തരികനേത്രങ്ങൾക്കു കാഴ്ചശക്തി നല്കലാണ്. ഇതു സംഭവിക്കാതെ ഒരു വ്യക്തിക്കും വളരാനാവില്ല. ഈ വളർച്ച കേരളത്തിനു നല്കാൻ കഴിഞ്ഞു എന്നതാണ് കേരളത്തിലെ ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചാരിതാർത്ഥ്യം.

ഇതൊന്നും വസ്തുനിഷ്ഠമായും സഹിഷ്ണുതയോടെയും മനസ്സിലാക്കാൻ തയ്യാറല്ലാത്തവരാണ് കേരളനവോത്ഥാനത്തിന്റെ കുത്തക ചിലർക്കു മാത്രമായി സംവരണം ചെയ്യുന്നത്. അങ്ങനെയല്ല, വിഭിന്നസമുദായങ്ങൾ, അതതു സമുദായത്തിൽ ജനിച്ചുവളർന്ന ചരിത്രപുരുഷന്മാരിലൂടെ കൈവരിച്ച സമഗ്രവികസനത്തിന്റെ ആകത്തുകയാണ് കേരളനവോത്ഥാനം. അത് ഒറ്റപ്പെട്ട പ്രക്രിയയല്ല സംയുക്തസംരംഭമാണ്.

അവകാശവാദങ്ങൾ ഉന്നയിക്കുകയല്ല, ചരിത്രവസ്തുതകൾ തമസ്കരിക്കരുത് എന്നു സൂചിപ്പിക്കുകമാത്രമാണ്.

□

പാട്ടിന്റെ പാലാഴി – 60

ളാക്കാട്ടൂർ പൊന്നപ്പൻ

സംഗീതാചാര്യന്മാർ

## ത്യാഗരാജസ്വാമികൾ

സംഗീതത്രിമൂർത്തികളിൽ അഗ്രഗണ്യനാണ് ത്യാഗരാജസ്വാമികൾ. മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രികൾ എന്നിവരാണു മറ്റു രണ്ടുപേർ. തിരുവാരൂരിലെ രാമബ്രഹ്മം എന്ന വൈദികബ്രാഹ്മണന്റെ മകനായി 1767 ൽ ത്യാഗരാജൻ ജനിച്ചു. തിരുവാരൂരിലെ മുഖ്യദേവനായ ശിവന് ത്യാഗരാജൻ എന്നാണു പേര്. രാമബ്രഹ്മം, തന്റെ മകന് അതുകൊണ്ടാണ് ആ പേരിട്ടത്.

രാമബ്രഹ്മം കുടുംബസമേതം തിരുവയ്യാറിലേക്കു താമസം മാറ്റി. പുത്രന്റെ സംഗീതത്തിലുള്ള താത്പര്യം മനസ്സിലാക്കി സംഗീതവിദ്വാൻ സൊണ്ടി വെങ്കിടരമണയ്യായുടെ ശിഷ്യനാക്കി.



അച്ഛൻ മരിച്ചപ്പോൾ ത്യാഗരാജനും ജ്യേഷ്ഠനും മാത്രമായി കുടുംബത്തിൽ. സ്വത്തു വീതിച്ചപ്പോൾ കിട്ടിയത് തുച്ഛമായ ധനവും ശ്രീരാമവിഗ്രഹവുമായിരുന്നു. ഇതിനിടയിൽ പാർവ്വതി എന്ന ഒരു സ്ത്രീയെ വിവാഹവും കഴിച്ചു. ജീവിക്കാൻ മാർഗ്ഗമില്ലാതെവന്നപ്പോൾ ഉഞ്ഛവൃത്തി (ഭിക്ഷാടനം) നടത്തി കഴിയേണ്ടിവന്നു. ആയിടയ്ക്ക് രാമകൃഷ്ണയതീന്ദ്രന്റെ ഉപദേശപ്രകാരം രാമമന്ത്രം 96 കോടി ജപിക്കുകയും ശ്രീരാമദേവനെ പ്രത്യക്ഷനാക്കുകയും ചെയ്തതായി പറയപ്പെടുന്നു. അഠാണരാഗത്തിലുള്ള 'ഏല നീ ദയരാദു' എന്ന കീർത്തനമാണ് അദ്ദേഹത്തിന്റെ ആദ്യകൃതിയെന്നും പറയപ്പെടുന്നു. നാരദമഹർഷി ദർശനം നല്കി 'സ്വരാർണവം' എന്ന ഗ്രന്ഥം സമ്മാനമായി കൊടുത്തതായും കഥയുണ്ട്.

ത്യാഗരാജന്റെ കീർത്തി ലോകമെങ്ങും പരന്നു. പല സ്ഥലത്തുനിന്നും ധാരാളം വിദ്വാന്മാർ അദ്ദേഹത്തെ സന്ദർശിച്ചു. തിരുവിതാംകൂറിൽനിന്ന് സ്വാതിതിരുനാളിന്റെ സദസ്സിലെ വിദ്വാൻ ഗോവിന്ദമാരാർ അദ്ദേഹത്തെ സന്ദർശിക്കുകയും ആറു കാലങ്ങളിൽ പാടാനുള്ള തന്റെ കഴിവ് അവതരിപ്പിക്കുകയും ഷഡ്കാലഗോവിന്ദമാരാർ എന്ന ബഹുമതിക്കു പാത്രമാവുകയും ചെയ്തു. ഷഡ്കാലഗോവിന്ദമാരാരെ ഉദ്ദേശിച്ചാണത്രേ 'എന്ദരോ മഹാനുഭാവുലു' എന്ന പഞ്ചരത്നകൃതി അദ്ദേഹം രചിച്ചത്.

പല രാജാക്കന്മാരും പ്രഭുക്കന്മാരും ത്യാഗരാജനെ തങ്ങളുടെ ആസ്ഥാനവിദ്വാനായി ക്ഷണിച്ചു. ധനം വാഗ്ദാനം ചെയ്തുകൊണ്ട് തങ്ങളെക്കുറിച്ചു ഗാനങ്ങൾ രചിക്കുവാനുള്ള അപേക്ഷയും അദ്ദേഹം നിരസിച്ചു. നരസ്തുതിയെക്കാളും നല്ലത് നാരായണസ്തുതിയാണെന്നു പറഞ്ഞ്, 'നിധിചാലസുഖമാ' എന്ന കല്യാണരാഗകൃതി മറുപടിയായി കൊടുത്തുവിടുകയും ചെയ്തു. ഈ വിവരമറിഞ്ഞ അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഏറെ കുപിതനായി ത്യാഗരാജൻ പൂജിച്ചിരുന്ന രാമവിഗ്രഹം എടുത്ത് കാവേരി നദിയിൽ എറിഞ്ഞു. പ്രാർത്ഥിച്ചുതന്നെ ആ വിഗ്രഹം വീണ്ടെടുത്തതായി ഐതിഹ്യം. ശ്രീരംഗം, കാഞ്ചീപുരം, തിരുപ്പതി, തിരുവറ്റിയൂർ, കോവൂർ, നാഗപട്ടണം എന്നിവിടങ്ങളിലെ ദൈവാലയങ്ങൾ സന്ദർശിച്ച് തിരുപ്പതിയിൽ എത്തിയപ്പോൾ ക്ഷേത്രം അടഞ്ഞുകിടന്നിരുന്നു. 'ഗളിപന്തു' രാഗത്തിൽ 'തെരതീയഗരാദ' (തിരശീല നീങ്ങട്ടെ) എന്നു പാടി ദേവനെ ദർശിച്ചതായും, 'ശ്രീരാമപാദവാ' എന്ന് അമൃതവർഷിണിരാഗത്തിൽ പാടി, അന്തരിച്ച ഒരു ബ്രാഹ്മണക്കുട്ടിയെ ജീവിപ്പിച്ചതായും കഥയുണ്ട്. 2500 ൽപ്പരം കൃതികൾ രചിച്ച ഇദ്ദേഹത്തിനുണ്ടായ ശിഷ്യസമ്പത്ത് ആർക്കുമില്ല. 1847 ൽ പുഷ്യബഹുളപഞ്ചമിദിവസം അദ്ദേഹം സമാധിയടഞ്ഞു.

■

# ബിൽ ഗേറ്റ്സ് പടിയിറങ്ങി ജനസാമാന്യത്തിനു നടുവിലേക്ക്



പ്രിൻസ്‌രാജ്

ലോക്ഡൗണിനിടെ എത്തിയ ലോകവാർത്തകളിൽ ഒന്നായിരുന്നു ബിൽ ഗേറ്റ്സ് മൈക്രോസോഫ്റ്റിന്റെ പടിയിറങ്ങി എന്നത്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു കൂടുതൽ സമയം കണ്ടെത്തുന്നതിന് എന്ന വിശദീകരണവുമായാണ് 64 വയസ്സുകാരനായ ബിൽഗേറ്റ്സിന്റെ പടിയിറക്കം. 64 എന്നത് ഒരു പ്രതിഭാധനനെ സംബന്ധിച്ചു വലിയ പ്രായമൊന്നുമല്ല. എന്നിട്ടും ബിൽ ഗേറ്റ്സ് സീറ്റൊഴിഞ്ഞുകൊടുത്തു. അതും ലോകത്തെ ഏറ്റവും മൂല്യമേറിയ കമ്പനിയുടെ തലപ്പത്തുനിന്ന്. അദ്ഭുതങ്ങൾ പ്രവർത്തിക്കുവാനായി ജനിച്ചവനാണു താനെന്ന് ഒരിക്കൽക്കൂടി ബിൽഗേറ്റ്സ് തെളിയിച്ചിരിക്കുന്നു; അതും പടിയിറക്കത്തിലൂടെ.

1975 ൽ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കു സോഫ്റ്റ്വെയർ നിർമ്മിച്ചുകൊണ്ടായിരുന്നു മൈക്രോസോഫ്റ്റിന്റെയും ബിൽഗേറ്റ്സിന്റെയും തുടക്കം. എം.എസ്.ഡോസ്, എം.എസ്. വേഡ് എന്നീ ആദ്യകാലസോഫ്റ്റ്വെയറുകൾ വികസിപ്പിച്ചതുവഴി കമ്പ്യൂട്ടർ രംഗത്തു വിപ്ലവകരമായ മാറ്റത്തിനാണു ബിൽഗേറ്റ്സും കൂട്ടരും നാന്ദി കുറിച്ചത്. സാധാരണക്കാർക്കും കമ്പ്യൂട്ടർ പ്രാപ്യമാക്കുകയായിരുന്നു അവർ. അതുവഴി പുതിയൊരു ലോകംതന്നെ പിറവികൊണ്ടു. ബിൽഗേറ്റ്സിന്റെ ചുവടുപിടിച്ചുതന്നെയാണു കമ്പ്യൂട്ടർ സാങ്കേതികവിദ്യയിൽ ലോകം ഇന്നും മുന്നേറിക്കൊണ്ടിരിക്കുന്നത്. ലോകം കണ്ടതിൽവച്ച് ഏറ്റവും മികച്ച ടെക്നോക്രാറ്റും ബിസിനസ് ടൈക്കൂണും ആണു താനെന്നതിനൊപ്പം ഹൃദയനൈർമല്യമുള്ള, സാമൂഹികപ്രതിബദ്ധതയുള്ള ഒരു പച്ചയായ മനുഷ്യസ്നേഹികൂടിയാണെന്നു പ്രഖ്യാപിക്കുന്നതാണ് ബിൽഗേറ്റ്സിന്റെ ബിസിനസ് പ്രവർത്തനങ്ങൾ. ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻതന്നെ അതിന് ഏറ്റവും വലിയ തെളിവാണ്. ആരോഗ്യ, വിദ്യാഭ്യാസമേഖലയിൽ ലോകമെമ്പാടും പ്രവർത്തനം വ്യാപിപ്പിച്ചുകഴിഞ്ഞ ഒരു സന്നദ്ധസംഘടനയാണത്. ശതകോടിക്കണക്കിനു രൂപയാണ് അതുവഴി ചെലവഴിച്ചുവരുന്നത്. സാധാരണയിൽ സാധാരണക്കാരായ പതിനായിരക്കണക്കിനു കുഞ്ഞുങ്ങൾക്ക് ആ സംഘടന കൈത്താങ്ങും അഭയവുമാകുന്നു. ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളിൽ മുഴുവൻസമയവും വ്യാപരിക്കാനാണു ബിൽഗേറ്റ്സിന്റെ തീരുമാനം.




അമേരിക്കയിലെ സിയാറ്റിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. സ്കൂൾപഠനകാലത്തേ കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിലും അനുബന്ധപ്രവർത്തനങ്ങളിലും പ്രായത്തിനതീതമായ മികവു പ്രകടിപ്പിക്കുകയുണ്ടായി ബിൽ ഗേറ്റ്സ്. 1975 ൽ ബാല്യകാലസുഹൃത്ത് പോൾ അലനുമായി ചേർന്ന് മൈക്രോസോഫ്റ്റ് സ്ഥാപിച്ചതു ജീവിതത്തിൽ വഴിത്തിരിവായി, അതും ഹാർവാർഡ് സർവകലാശാലയിലെ പഠനം പാതിവഴിയിൽ ഉപേക്ഷിച്ച്.

മൈക്രോസോഫ്റ്റ് വളർന്നതിനൊപ്പം ബിൽഗേറ്റ്സും വളർന്നു. ലോകപ്രശസ്തനായി. ലോകത്തെ ഏറ്റവും വലിയ ധനികനും. ഏഴര ലക്ഷം കോടി രൂപയാണ് ബിൽ ഗേറ്റ്സിന്റെ ഇപ്പോഴത്തെ ആസ്തി. ആ മഹാസമ്പത്തിനെക്കാൾ പത്തരമാറ്റു മൂല്യവും തിളക്കവുമുണ്ട് അദ്ദേഹത്തിലെ മനുഷ്യസ്നേഹിക്ക്.

അരങ്ങും അണിയറയും 22



ജോസ് താന

# കരവിരുതിലെ കലാവിരുന്നുകൾ

നാടകം കാണുമ്പോൾ അതു പൂർണ്ണമായി ആസ്വദിക്കണമെങ്കിൽ അഭിനേതാക്കൾ കഴിവുറ്റവരായിരുന്നാൽ മാത്രം പോരാ, അതിലെ പശ്ചാത്തലവും സംഗീതവും ലൈറ്റപ്പും എല്ലാം നന്നായിരിക്കണം. രംഗപടമൊരുക്കുന്ന ആർട്ടിസ്റ്റ് സുജാതൻ നാടകത്തിന്റെ വിജയത്തിനു വലിയ പങ്കു വഹിക്കുന്ന ഒരാളാണ്.

വർഷങ്ങൾക്കുമുമ്പ് വർക്കലഭാഗത്തൊരിടത്ത് ഒരു കല്യാണത്തിൽ പങ്കെടുത്തത് എനിക്ക് ഒരിക്കലും മറക്കാനാവില്ല. ഓഡിറ്റോറിയത്തിൽ കാലു കുത്തിയപ്പോൾത്തന്നെ ഞാൻ അന്തിച്ചുനിന്നുപോയി. എവിടെയാണു ഞാൻ എത്തിച്ചേർന്നിരിക്കുന്നത്, ദേവലോകത്താണോ? അതോ ഭൂമിയിൽത്തന്നെയോ? അല്പം സമയമെടുത്തു കാര്യങ്ങൾ ശരിക്കു മനസ്സിലാകാൻ. പരമശിവന്റെ കൈലാസം സുജാതൻ അതേപടി പുനർസൃഷ്ടിച്ചിരിക്കുകയായിരുന്നു അവിടെ. വരനും വധുവും ശിവപാർവതിമാരെപ്പോലെ വെട്ടിത്തിളങ്ങുന്നു. വന്നുചേർന്ന അതിഥികളെല്ലാം ഒരുപോലെ കണ്ണുമിഴിച്ചു കാഴ്ച കാണുകയാണ്. എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു. ഇതു കൂടാതെ എത്രയോ ഘോഷയാത്രകളിലും ഉത്സവങ്ങളിലും അദ്ദേഹത്തിന്റെ കരവിരുത് നേരിട്ടുകണ്ടിട്ടുണ്ട്! ഗുരുവായൂരപ്പൻ, ഏറ്റുമാനൂരപ്പൻ തുടങ്ങി എത്രയെത്ര അവതാരങ്ങൾ ആ കരങ്ങളിലൂടെ ജന്മംകൊണ്ടിരിക്കുന്നു!

കോട്ടയത്തിനടുത്ത് തിരുവാതുക്കലാണ് അദ്ദേഹത്തിന്റെ സ്റ്റേജ് ക്രാഫ്റ്റ് എന്ന സ്ഥാപനം. വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പലപ്പോഴും കണ്ടിട്ടുള്ള ഒരു കാര്യമുണ്ട്, ഇടയ്ക്കിടെ കൈയിലെ ബ്രഷ് ചായത്തിൽ മുക്കി മുന്നിലെ ക്യാൻവാസിൽ എന്തോ തോണ്ടുന്നു. കുറച്ചുകഴിയുമ്പോൾ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു ഒരു തെങ്ങ്, പ്ലാവ്, കുറ്റിച്ചെടികൾ!

മേയ് മാസംമുതൽ ഒരു നാലഞ്ചു മാസം കൊണ്ടാണ് ഓരോ സമിതിയും പുതിയ നാടകത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയാക്കുക. ആ സമയത്ത് ദിവസവും നാലും അഞ്ചും നാടകവണ്ടികൾ അദ്ദേഹത്തിന്റെ സ്ഥാപനത്തിനു മുമ്പിൽ കാത്തുകിടപ്പുണ്ടാകും. അദ്ദേഹത്തിന്റെ അനാസ്ഥമൂലം ഒരു നാടകത്തിന്റെയും ഉദ്ഘാടനം മുടങ്ങിയിട്ടില്ല. സമയബന്ധിതമായി എല്ലാക്കാര്യങ്ങളും സുജാതൻ ചെയ്തിരുന്നു. ഒരു നാടകസംവിധായകൻ തന്റെ പുതിയ നാടകത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ സുജാതൻ ഒരു റഫ് സ്കെച്ച് വരച്ചുകാണിക്കും. മിക്കപ്പോഴും അതു സംവിധായകന്റെ ഭാവനയ്ക്കും അപ്പുറമായിരിക്കും. ഉദാഹരണത്തിന്, നമ്മൾ പറയുകയാണ്: "ഒരു ഇടത്തരം വീട്, മുറ്റത്തു കിണർ, ഒരു ഭാഗത്ത് ഒരു കുടുംബക്ഷേത്രം, ഇടതുവശത്ത് മറ്റൊരു വീടിന്റെ മേൽക്കൂര കാണാം." ഇത്രയും കിട്ടിയാൽ മതി, അദ്ദേഹം ഉടനേ വരച്ചുകാണിക്കുന്നു. കിണർ മാത്രമല്ല, വെള്ളം കോരാനുള്ള ചാടും കയറും ചുറ്റുമതിലുമൊക്കെ ചിത്രത്തിൽലുണ്ടാകും.



*കോട്ടയം തിരുവാതുക്കൽ ആർട്ടിസ്റ്റ് കേശവൻ സ്മാരക കലാമന്ദിരത്തിൽ 'മരീചിക' നാടകത്തിന്റെ റിഹേഴ്സൽ വേളയിൽ ആർട്ടിസ്റ്റ് സുജാതൻ കലാകാരന്മാർക്കു നിർദ്ദേശം നൽകുന്നു*

തുടക്കത്തിൽ ഒരു പെൺകുട്ടി ഒരു കുടം വെള്ളവുമായി വരുന്ന രംഗമാണ് എന്നു സങ്കല്പിക്കുക, നാടകത്തിന്റെ തുടക്കത്തിൽ സ്റ്റേജിൽനിന്നുതന്നെ വെള്ളം കോരുന്ന സീൻ കാണിക്കാൻ പറ്റും. ഇങ്ങനെ പുതിയ മാനങ്ങൾ സൃഷ്ടിക്കാൻ ഉതകുന്നവിധത്തിലാണ് അദ്ദേഹത്തിന്റെ ഓരോ സെറ്റിംഗ്സും. കേരളത്തിൽ മാത്രമല്ല, ഗൾഫ്നാടുകളിൽ അദ്ദേഹം രംഗപടം ഒരുക്കിയിട്ടുണ്ട്. കുവൈത്തിലെ കല്പക തിയേറ്റേഴ്സിന്റെ 'ഒഥല്ലോ' നാടകത്തിന്റെ രംഗപടം ഒരുക്കിയതിലൂടെ പാശ്ചാത്യ ശൈലിയും തനിക്കിണങ്ങുമെന്ന് അദ്ദേഹം തെളിയിച്ചു.

കോട്ടയം തിരുവാതുക്കൽ ആർട്ടിസ്റ്റ് കേശവൻ സ്മാരകകലാമന്ദിരത്തിന്റെ ആഭിമുഖ്യത്തിൽ നാടകങ്ങൾ അരങ്ങേറാറുള്ള ചില നാടകങ്ങളിൽ അദ്ദേഹം അഭിനയിക്കുക മാത്രമല്ല, സംവിധാനം നിർവ്വഹിക്കുകകൂടി ചെയ്യാറുണ്ട്. വിശ്വപ്രസിദ്ധമായ 'ഡ്രാക്കുള'യുടെ നാടകാവിഷ്കാരം സുജാതനും കൂട്ടരും അവതരിപ്പിച്ചത് ഞാൻ കണ്ടിരുന്നു. പ്രൊഫഷണൽ ട്രൂപ്പായ കലാനിലയത്തിന്റെ നാടകങ്ങളോടു കിടപിടിക്കുന്ന സെറ്റിംഗ്സും ലൈറ്റപ്പും ആ നാടകത്തിനുണ്ടായിരുന്നു. സീരിയസ് റോളുകൾ മാത്രമല്ല, കോമഡിയും അദ്ദേഹത്തിനു നന്നായി ഇണങ്ങും.

1951 മേയ് 8 നാണ് അദ്ദേഹത്തിന്റെ ജനനം. അടുത്ത വർഷം അദ്ദേഹത്തിന്റെ സപ്തതിയാണ്.

# തോരാത്ത കണ്ണീർമഴയിൽ രോഹിംഗ്യർ



ഫാ. വർക്കി ചക്കാലയിൽ
സി.എം.ഐ.



**വേ**ട്ടയാടലിന്റെയും നാടുകടത്തലിന്റെയും കദനകഥ ഒരു സമൂഹത്തിനു പറയുവാനുണ്ടെങ്കിൽ അത് മ്യാൻമറിലെ (ബർമ്മ) രോഹിംഗ്യരുടേതാണ്. ബംഗ്ലാദേശിലും ഇതരരാജ്യങ്ങളിലുമുള്ള അഭയാർത്ഥിക്യാമ്പുകളിലെ കണ്ണീരിൽ കുതിർന്ന മണ്ണിലിരുന്നാണ് അവർ ഈ കഥ പറയുന്നത്. പിറന്ന വീടും നടന്ന നാടും നഷ്ടപ്പെട്ട് വിദേശമണ്ണിൽ ലോക്ഡൗണിൽ കഴിയുന്ന ഈ പീഡിതസമൂഹത്തിന്റെ നെടുനിശ്വാസം ആകാശത്തു കരിമേഘങ്ങളായി ഉരുണ്ടുകൂടുന്നു. ദുഃഖമഴയായി അത് പെയ്തിറങ്ങി മനുഷ്യസ്നേഹികളുടെ ഹൃദയങ്ങളെ ആർദ്രമാക്കുന്നു. സ്വന്തം രാജ്യത്തെ പട്ടാളത്തിന്റെയും ഭരണാധികാരികളുടെയും ഭീകരമർദ്ദനത്തിന്റെ കറുത്ത വടുക്കളുമായി പത്തോ നൂറോ അല്ല, പത്തു ലക്ഷം രോഹിംഗ്യരാണ് ബംഗ്ലാദേശിലെ അഭയാർത്ഥിക്യാമ്പുകളിൽ കഴിയുന്നത്. ഇന്ത്യയിൽ നാല്പതിനായിരം ഉണ്ടെന്നാണു കണക്ക്. കുറെ ആയിരങ്ങൾ ഗൾഫ് നാടുകളിലും മലേഷ്യയിലും ഉണ്ട്. ഒഴിഞ്ഞുപോകലിനുശേഷം മ്യാൻമറിൽ എത്ര രോഹിംഗ്യർ അവശേഷിച്ചിട്ടുണ്ടെന്ന് അറിഞ്ഞുകൂടാ. ലോകത്തിലെ ഏറ്റവും വലിയ പീഡിതസമൂഹത്തിന്റെ പട്ടികയിലാണ് ഐക്യരാഷ്ട്രസഭ രോഹിംഗ്യരെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹിറ്റ്ലറുടെ നാസിഭീകരതയോടു മത്സരിക്കുംവിധത്തിലുള്ള നരനായാട്ടാണ് മ്യാൻമറിൽ നടക്കുന്നത്. ചെറുപ്രാണിയെപ്പോലും കൊല്ലരുതെന്നു പറയുന്ന അഹിംസാവാദികളായ ബുദ്ധന്മാർ തൊണ്ണൂറു ശതമാനമുള്ള നാട്ടിൽ ഈ മനുഷ്യവേട്ട നടക്കുന്നതിലാണ് വിരോധാഭാസം.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിനു കിഴക്കിനപ്പുറത്ത് ബംഗ്ലാദേശ്, ചൈന, മലേഷ്യ, ഇന്ത്യ, തായ്‌ലണ്ട് എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ഒരു ചെറുരാജ്യമാണ് മ്യാൻമർ അഥവാ ബർമ്മ. ആറുലക്ഷത്തിയെഴുപത്താറായിരത്തി അഞ്ഞൂറ്റിയെഴുപത്തെട്ട് കിലോമീറ്റർ വിസ്തീർണ്ണമുള്ള (മദ്ധ്യപ്രദേശിന്റെ ഇരട്ടി) ഒരു കൊച്ചുരാജ്യം. ആറു കോടിയാണ് ഇവിടുത്തെ ആകെ ജനസംഖ്യ. ജനങ്ങളിൽ തൊണ്ണൂറു ശതമാനവും ബുദ്ധമതവിശ്വാസികളാണ്. ആറുശതമാനം ക്രൈസ്തവരുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും പ്രൊട്ടസ്റ്റന്റ് വിഭാഗമാണ്. ബാക്കിയുള്ള നാലു ശതമാനമാണ് അതിക്രൂരമായ വംശീയവിവേചനത്തിനും പീഡനത്തിനും ഇരയാകുന്ന രോഹിംഗ്യർ. ഇവർ ഇസ്ലാംമതവിശ്വാസികളാണ്. ഇസ്ലാംമതത്തിലെ വിശാലമായ സുന്നി-ഷിയ ഗണത്തിലോ ഉയർന്ന വിഭാഗത്തിലോ പെടാത്തതുകൊണ്ടായിരിക്കും ഇസ്ലാമിക്‌രാജ്യങ്ങളിലും രോഹിംഗ്യർക്കു സ്വീകാര്യത ഇല്ലാത്തത്.

'രോഹിംഗ്യർ' എന്ന പദത്തിന്റെ അർത്ഥം രഖാനയിൽ വസിക്കുന്നവർ എന്നാണ്. മ്യാൻമറിന്റെ വടക്കുഭാഗത്താണ് രഖാന. ബംഗ്ലാദേശിനോടു ചേർന്നുകിടക്കുന്ന ഈ പ്രദേശം രോഹിംഗ്യരുടെ ഭൂരിപക്ഷമേഖലയാണ്. ഇവർ മുസ്ലീമുകൾ ആയതുകൊണ്ടും ഇവരുടെ ഭാഷ ബംഗാളിയുടെ വകഭേദമായതുകൊണ്ടും രോഹിംഗ്യർ ബംഗ്ലാദേശിൽനിന്നു കുടിയേറിയവരാണെന്നു ന്യായമായി സംശയിക്കാം. സംശയത്തിന് അടിസ്ഥാനമില്ലെന്നാണ് മറുവാദം. മ്യാൻമറിന്റെ പ്രാചീന നാമം അരാക്കാൻ എന്നായിരുന്നു. ഇസ്ലാംമതത്തിന്റെ ആരംഭകാലത്തുതന്നെ അറേബ്യയിൽനിന്നും ഇസ്ലാംമതപ്രവാചകർ അരാക്കാനിൽ എത്തിയെന്നും തദ്ദേശീയരിൽ ഒരു വിഭാഗത്തെ മുസ്ലീംമതത്തിൽ ചേർത്തെന്നുമാണു വാദം. ആയിരം വർഷത്തെ പാരമ്പര്യവും ഇവർ അവകാശപ്പെടുന്നു. രോഹിംഗ്യർ ബംഗ്ലാദേശിൽനിന്നു കുടിയേറിവരാണെങ്കിലും ആദിവാസിസമൂഹത്തിൽനിന്നു മതം മാറിയവരാണെങ്കിലും ശരി, നൂറ്റാണ്ടുകളായി മ്യാൻമറിൽ (ബർമ്മ) കഴിയുന്നവരാണവർ. അവരിന്ന് നാടും വീടും ഇല്ലാത്തവരായി അന്യനാട്ടിൽ അലയുകയാണ്.

ഇന്ത്യാ ഉപഭൂഖണ്ഡവും സമീപരാജ്യങ്ങളും ഒരു കാലത്ത് ബ്രിട്ടീഷ്കോളനികളായിരുന്നല്ലോ. മ്യാൻമറും ഇതിന്റെ ഭാഗമായിരുന്നു. അന്ന് വർഗീയലഹളകൾ ശക്തമായിരുന്നില്ല. 1948 ജനുവരി നാലിന് ബർമ്മ സ്വതന്ത്രമായി. അന്നുതൊട്ട് 1962 വരെ. രാജ്യം ഒരു റിപ്പബ്ലിക്കായി നിലനിന്നു. 1962 ൽ മ്യാൻമർ പട്ടാളഭരണത്തിന്റെ കീഴിലായി, രോഹിംഗ്യരുടെ ദുരിതവും ആരംഭിച്ചു. 1982 വരെ നിയമനിർമ്മാണസഭയിൽ രോഹിംഗ്യർക്കു പ്രാതിനിധ്യം ഉണ്ടായിരുന്നു. 82 ൽ പട്ടാളഭരണകൂടം പാസ്സാക്കിയ ബിൽ പ്രകാരം രോഹിംഗ്യരുടെ പൗരത്വവും പൗരാവകാശവും റദ്ദു ചെയ്തു. രോഹിംഗ്യർ അനധികൃതകുടിയേറ്റക്കാരായി മുദ്രകുത്തപ്പെട്ടു. പൊതുനിരത്തിൽ സഞ്ചരിക്കണമെങ്കിലും പാസ്സെടുക്കണം. ഉന്നതവിദ്യാഭ്യാസവും ഗവണ്മെന്റ് ജോലികളും നിഷേധിക്കപ്പെട്ടു. രോഹിംഗ്യരുടെ കൃഷിയിടങ്ങൾ പിടിച്ചെടുത്ത് ഭൂരിപക്ഷത്തിനു കൊടുത്തു. വിവാഹിതർ കുട്ടികളെ ജനിപ്പിക്കാൻപോലും പാടില്ലെന്ന് നിഷ്കർഷ ഉണ്ടായി. ഇതിനും പുറമേ രോഹിംഗ്യരുടെ സമൂലനാശം ലക്ഷ്യംവച്ചുകൊണ്ടുള്ള ആക്രമണം കൂടക്കൂടെ ഉണ്ടായി. 1979, 91, 92, 2012, 2015 വർഷങ്ങളിൽ അതിഭീകരമായ ആക്രമണമാണ് രോഹിംഗ്യർക്കെതിരേ പട്ടാളം നടത്തിയത്. ഓരോ ആക്രമണത്തിലും ആയിരങ്ങൾ കൊല്ലപ്പെട്ടു. രോഹിംഗ്യർ സ്ത്രീകളും പെൺകുട്ടികളും അതിക്രൂരമായ ബലാത്സംഗത്തിന് ഇരയായി. ഗ്രാമങ്ങൾ അഗ്നിക്കിരയാക്കി. പ്രാണരക്ഷാർത്ഥം പതിനായിരങ്ങൾ നാടുവിട്ടു. പട്ടാളത്തിനെതിരേ ശബ്ദിക്കാൻ ആൾബലമോ ആയുധബലമോ ഉള്ളവരല്ല രോഹിംഗ്യർ. എന്തിനേറെ ഉന്നതവിദ്യാഭ്യാസമുള്ള ഒരാൾ പോലും അവരുടെ ഇടയിലില്ല.

പട്ടാളത്തിന്റെ ജനാധിപത്യവിരുദ്ധഭരണത്തിനെതിരേ സംസാരിക്കാൻ മ്യാൻമാറിൽ ഒരു സ്ത്രീയുണ്ടായിരുന്നു 1991 ൽ സമാധാനത്തിനുള്ള നോബൽസമ്മാനം നേടിയ ഓംഗ് സാൻ സ്യൂകി. ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തമായിരുന്നു അവരുടെ സമരമാർഗ്ഗം. ആ വർഷം നടന്ന തിരഞ്ഞെടുപ്പിൽ സ്യൂകിയുടെ നാഷണൽ ലീഗ് ഫോർ ഡെമോക്രസി പാർട്ടി തൊണ്ണൂറു ശതമാനം വോട്ട് നേടി. പക്ഷേ, അധികാരം കൈമാറാൻ പട്ടാളം തയ്യാറായില്ല. പകരം സ്യൂകിയെ വീട്ടുതടങ്കലിലാക്കി. പതിനഞ്ചു വർഷം അവർ വീട്ടുതടങ്കലിലായിരുന്നു. 2015 ൽ നടന്ന തിരഞ്ഞെടുപ്പിലും സ്യൂകിയുടെ പാർട്ടിക്കു നല്ല ശതമാനം വോട്ടു കിട്ടി. എന്നാൽ, പ്രസിഡന്റ് ആകാൻ ചില സാങ്കേതിക കാരണങ്ങൾ അവരെ അനുവദിച്ചില്ല. അവരുടെ ഭർത്താവും മകനും വിദേശപൗരത്വമുള്ളവരാണ്. പ്രധാനമന്ത്രിക്കു തുല്യമായ പദവിയുള്ള സ്റ്റേറ്റ് കൗൺസിലറാണ് സ്യൂകി. കൂട്ടിലടയ്ക്കപ്പെട്ട ഒരു കിളി മാത്രമാണവർ. തട്ടിക്കൂട്ട് ജനാധിപത്യസർക്കാർ മ്യാൻമറിൽ ഉണ്ടെങ്കിലും ചരട് പട്ടാളത്തിന്റെ കൈയിലാണ്.

ഇത്രയേറെ പൗരാവകാശലംഘനവും മനുഷ്യക്കുരുതിയും മ്യാൻമറിൽ നടന്നിട്ട് അതിനെതിരേ സംസാരിക്കാനോ, ഉപരോധം ഏർപ്പെടുത്താനോ ഒരു ലോകപോലീസും തയ്യാറായില്ല എന്നതാണു സത്യം. കാരണം, മ്യാൻമറിൽനിന്നു കുഴിച്ചെടുക്കാനോ കടത്തിക്കൊണ്ടുപോകാനോ ഒന്നുമില്ല. ഐക്യരാഷ്ട്രസഭയും അതിന്റെ മനുഷ്യാവകാശ ഏജൻസികളും ലോകത്തിലെ ഏറ്റവും വലിയ പീഡിതസമൂഹമായി രോഹിംഗ്യരെ പ്രഖ്യാപിക്കുകയും അവിടുത്തെ മനുഷ്യാവകാശധ്വംസനത്തെ അപലപിക്കുകയും ചെയ്തതല്ലാതെ ഒരു നടപടിയും എടുത്തില്ല. കാട്ടാന ചെരിഞ്ഞാലും കാട്ടുപന്നി ചത്താലും അനുശോചിക്കുകയും കേസെടുക്കുകയും ചെയ്യുന്ന മൃഗസ്നേഹികൾ മ്യാൻമറിലെ മനുഷ്യമൃഗങ്ങളുടെ കൂട്ടക്കുരുതിയെ അപലപിക്കുകയോ അതിനിരയായിത്തീർന്ന മനുഷ്യാത്മാക്കൾക്കു വേണ്ടി അന്താരാഷ്ട്രവേദിയിൽ ശബ്ദിക്കുകയോ ചെയ്തതായി അറിയില്ല. ജർമ്മൻ സർക്കാർ മ്യാൻമർ സർക്കാരിനു നല്കിക്കൊണ്ടിരുന്ന സാമ്പത്തികസഹായം നിർത്തലാക്കി. ക്രിസ്ത്യൻ ന്യൂനപക്ഷത്തെ വിട്ടിട്ട് മുസ്ലീം ന്യൂനപക്ഷത്തോട് എന്തേ ഇത്ര വലിയ ആക്രമണം എന്നു ന്യായമായും ചോദിക്കാം. ക്രിസ്ത്യൻ ന്യൂനപക്ഷത്തിനെതിരേ പട്ടാളം തിരിയില്ലെന്നു പറയാനാവില്ല. ഇന്ത്യ ഉൾപ്പെടെ മിക്ക രാജ്യങ്ങളിലും ന്യൂനപക്ഷങ്ങൾ ഭയത്തിന്റെ നിഴലിലാണല്ലോ.

അളമുട്ടിയ രോഹിംഗ്യർ 2017 ൽ പട്ടാളത്തിനെതിരേ സമരത്തിനിറങ്ങി. സമരത്തിൽ 12 സൈനികർ കൊല്ലപ്പെട്ടു. സൈന്യത്തിന്റെ പ്രത്യാക്രമണം അതിഭീകരമായിരുന്നു. നാലായിരത്തിലധികം രോഹിംഗ്യർ കൊല്ലപ്പെട്ടു. ഉള്ളതെല്ലാം ഉപേക്ഷിച്ച് ലക്ഷക്കണക്കിനാളുകൾ ബംഗ്ലാദേശിൽ അഭയം തേടി. ഇനി ഒരു കൂട്ടക്കൊലയ്ക്കുള്ള രോഹിംഗ്യർ മ്യാൻമറിൽ അവശേഷിച്ചിട്ടില്ല. ലോകത്തിലെ ഏറ്റവും വലിയ അഭയാർത്ഥിക്യാമ്പ് ബംഗ്ലാദേശിലെ രോഹിംഗ്യർ ക്യാമ്പാണ്. കൊറോണവൈറസിന്റെ വ്യാപനം ഈ ക്യാമ്പിൽ ഉണ്ടായാൽ ഒരു മരണവിസ്ഫോടനം ബംഗ്ലാദേശിൽനിന്നു ലോകം കേൾക്കും.

■




ദക്ഷിണഗംഗയെന്നും വൃദ്ധഗംഗയെന്നുമൊക്കെ പേരുള്ള ഗോദാവരി നദിക്ക് 1465 കി.മീറ്റർ നീളമുണ്ട്. ഇന്ത്യയിലെ നീളമേറിയ നദികളിൽ രണ്ടാമത്തേതാണിത്. മഹാരാഷ്ട്രയിലെ നാസിക് ജില്ലയിൽനിന്ന് ഉദ്ഭവിക്കുന്നു. മഹാരാഷ്ട്ര, തെലുങ്കാന, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലൂടെ ഒഴുകി ഒടുവിൽ ബംഗാൾ ഉൾക്കടലിൽ നിപതിക്കുന്നു. പൂർണ, മാനർ, പെൻഗംഗ, വാർധ, വെയ്ൻഗംഗ, പ്രണഹിത, ഇന്ദ്രാവതി, ശബരി എന്നിവയാണ് പ്രധാന പോഷകനദികൾ.

ഒഡീഷയിൽനിന്നാണ് ഇന്ദ്രാവതി (Indravathi) നദിയുടെ ഉദ്ഭവം. ഛത്തീസ്ഗഡിലെ ബസ്താർ ജില്ലയുടെ ഓക്സിജൻ ബെൽറ്റ് എന്നാണ് ഇന്ദ്രാവതി നദി അറിപ്പെടുക. മഹാരാഷ്ട്രയിലെ അജന്തമലനിരകളിൽനിന്ന് പൂർണ ഉദ്ഭവിക്കുന്നു. 373 കി.മീ. നീളം. അജന്തമലനിരകളിൽനിന്ന് ആരംഭിച്ച് മഹാരാഷ്ട്രയുടെ കിഴക്കൻ പ്രദേശത്തുകൂടി ഒഴുകിച്ചെന്നു വാർധ നദിയിൽ വീഴുന്നതാണ് പെൻഗംഗാനദി. ഗതാഗതം ദുഷ്കരമായ നദിയാണിത്. മധ്യപ്രദേശിൽ നിന്നുദ്ഭവിക്കുന്നതാണ് വെയ്ൻഗംഗ എന്ന പോഷകനദി. ഒഡീഷയിൽ ഉദ്ഭവിച്ച് ഒഡീഷയുടെയും ഛത്തീസ്ഗഡിന്റെയും അതിർത്തികളിലൂടെ ഒഴുകി ആന്ധ്രപ്രദേശിൽ വച്ച് ഗോദാവരിയിൽ പതിക്കുന്ന നദിയാണ് ശബരി.

പ്രണയപാഠാവലി (47)

# അണയാത്ത ദീപങ്ങൾ



ഡോ. ആന്റണി ജോസ്



'എത്ര കഴുകിയാലും മീൻ മണം പോവില്ല' എന്നു പറയുന്നതുപോലെയാണ് കുടുംബജീവിതത്തിൽ ചില ഘടകങ്ങൾ ചെലുത്തുന്ന സ്വാധീനം. വിവാഹപൂർവ്വപ്രണയങ്ങൾ ഇതിന്റെ മുൻനിരയിൽ നിൽക്കുന്നു.

വിവാഹപൂർവപ്രണയങ്ങൾക്കു രണ്ടു പരിണതികൾ ഉണ്ടാകാം. ഒന്ന്, വിവാഹത്തിൽ കലാശിക്കുന്നു. രണ്ടാമത്തേതാകട്ടെ, ഒരു ഘട്ടത്തിൽ വേർപിരിയലിലെത്തിച്ചേരുന്നു.

അകൽച്ചയ്ക്കു കാരണമാകുന്ന പ്രണയബന്ധങ്ങളിൽ പൊതുവായ ചില മാതൃകകൾ നിരീക്ഷിക്കപ്പെടാറുണ്ട്.

ഒരാളോട് അനുരാഗം തോന്നുകയും എന്നാൽ വെളിപ്പെടുത്താതെ ഉള്ളിൽ കൊണ്ടുനടക്കുകയും ചെയ്യുന്നവരുണ്ട്. ആത്മവിശ്വാസക്കുറവോ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഭയാശങ്കകളോ ആകാം കാരണം. പിന്നീട് എന്താണു സംഭവിക്കുക?

- പ്രണയസാക്ഷാത്കാരം നടക്കാതെപോകുന്നു.

- വേറൊരാൾക്കൊപ്പം കുടുംബജീവിതം തുടങ്ങേണ്ടിയും വരുന്നു.

ഇതിനർത്ഥം, ആദ്യപ്രണയത്തിന്റെ ഓർമ്മകൾ നിഷ്കാസിതമായി എന്നൊന്നുമല്ല. അതവനോടൊപ്പമുണ്ടാകാം, ഒരു കെടാവിളക്കുപോലെ.

കലയിലും സാഹിത്യത്തിലും ബ്രഹ്മാണ്ഡനിക്ഷേപം നടത്തിയിട്ടുള്ള പ്രണയപർവ്വത്തിലെ മറ്റൊരു ഏടാണ് വിരഹം. ഇരുവരും തങ്ങൾക്കേറ്റവും അഭികാമ്യമായ ജോടിയായി പരസ്പരം കാണുന്നു. 'നീയല്ലാതെ' 'നീയില്ലാതെ' എന്നൊക്കെയേ അവർക്കു സംസാരം തുടങ്ങാൻ കഴിയൂ. പക്ഷേ, ഒരുമിച്ചുജീവിക്കാൻ അവർക്കാവുന്നില്ല. വെല്ലുവിളികൾക്കു മുമ്പിൽ പതറിപ്പോകുന്നു. ഉഭയസമ്മതത്തോടെ അവർ പിരിയുന്നു. അവരും ഹൃദയത്തിൽ സൂക്ഷിക്കുന്നുണ്ട്; ഒരു കെടാവിളക്ക്.

ഇതേ സാഹചര്യംതന്നെ അടിച്ചമർത്തപ്പെടുന്നതും വിരളമല്ല. പിരിയുന്നതിനെക്കുറിച്ച് അവർക്കു ചിന്തിക്കാനേ കഴിയില്ല. മരണത്തിലും ഒരുമിച്ചായിരിക്കുമെന്നവർ പ്രതിജ്ഞയെടുക്കുന്നു. എന്നാൽ, സമുദായത്തിന്റെ/ ബന്ധുക്കളുടെ കടുത്ത നിലപാടും സമ്മർദ്ദങ്ങളും അവരുടെ ഇഴയടുപ്പത്തെ, ബലാൽക്കാരേണ പൊട്ടിച്ചെറിയുന്നു. ഒടുവിൽ വിധിക്കു കീഴടങ്ങി മറ്റൊരു ജീവിതത്തിലേക്കു പിച്ചവയ്ക്കുന്നു. അവരുടെ ഉള്ളിലും കാണും ഒരു കെടാവിളക്ക്.

അനുരാഗം സധൈര്യം വെളിപ്പെടുത്തി തിരസ്കരിക്കപ്പെട്ടവരാണ് വേറൊരു വിഭാഗം. ഏറ്റവും ഇണങ്ങിയ പങ്കാളിയായി സ്വപ്നം കണ്ട വ്യക്തിയിൽനിന്നുമാണ് അവഗണന. അതവർക്ക് നിത്യമായ വേദനയായിത്തീരുന്നു. ദാമ്പത്യജീവിതത്തെക്കുറിച്ചുതന്നെ നിഷേധാത്മകനിലപാടായിരിക്കും അവർക്കുള്ളത്. വിവാഹം വേണ്ടെന്നു വയ്ക്കുകയോ കാലാന്തരത്തിൽ കുടുംബജീവിതം തിരഞ്ഞെടുത്തെന്നോ വരാം. അണയാത്ത ഒരു കനൽ അവരും കൊണ്ടുനടക്കുന്നു.

ഇനിയത്തെ കൂട്ടർ പ്രണയം അഞ്ചിതൾപ്പൂവിൽ കുടികൊള്ളുന്നെന്നോ, അദ്വൈതാവസ്ഥ കൈവരിക്കലാണെന്നോ ഒന്നും വിശ്വസിക്കുന്നില്ല. റൊമാന്റിക്കാണോ, അതേ. അല്ലയോ അല്ല. ഇതാണ് തൽക്കാലം നിലപാട്. ഉന്മാദമിഥുനങ്ങളായി അവർ പാറിനടക്കുന്നു. ഇഷ്ടമുള്ളിടത്ത്, ഇഷ്ടമുള്ളതുപോലെ. 'ബാധ്യതകൾ പാടില്ല' എന്നതു മാത്രമാണ് എഗ്രിമെന്റിലെ ഏക വ്യവസ്ഥ. കാലം ചെല്ലുമ്പോൾ അവരും ഓരോ വഴിക്കു പിരിയുന്നു; ഖേദമൊന്നുമില്ലാതെ. ഇവർ കെടാവിളക്കുകളോ കനലോ കരുതുന്നില്ല. ഹർഷാതിരേകത്തിന്റെ നിരവധിയായ അക്കൗണ്ടുകളാണ് അവരുടെ മൂലധനം.

നാം കണ്ടുമുട്ടിയ വിവാഹപൂർവ്വപ്രണയാനുഭവങ്ങൾ, വിവാഹജീവിതത്തെ മാറ്റിമറിക്കുന്നത് അവിചാരിതമായ സമയത്തോ, അപ്രതീക്ഷിതമായ രീതിയിലോ ആകാം. അതിന്റെ വിവിധ മാനങ്ങളെക്കുറിച്ചാകാം അടുത്ത ചർച്ച.

(തുടരും)

# തുള്ളി തുള്ളിയായി ദുരിതം

1-ാം പേജ് തുടർച്ച

**നികുതി കൂട്ടി തുടരുന്ന കൊള്ള**

പക്ഷേ, ഇക്കാലയളവിൽ രണ്ടു തവണയായി കേന്ദ്രം പെട്രോൾ ലിറ്ററിന് 13 രൂപയും ഡീസലിന് 16 രൂപയുമാണ് എക്സൈസ് തീരുവ കൂട്ടിയത്. ഇതിലൂടെ രണ്ടു ലക്ഷം കോടി രൂപയുടെ അധികവരുമാനമാണ് സർക്കാർ നേടിയത്. സംസ്ഥാനസർക്കാരുകളുടെ നികുതി പുറമേയും. അടിസ്ഥാനപരമായി, ഉപഭോക്താവിന് ആനുകൂല്യങ്ങൾ കൈമാറാതെ കേന്ദ്രസർക്കാർ വിലക്കുറവിന്റെ ഗുണഫലം മുഴുവൻ കവർന്നെടുത്തു.

ഇതിനിടെ 2017 ഒക്ടോബറിൽ രണ്ടു രൂപയും 2018 ൽ ഒന്നര രൂപയും നികുതി കുറച്ചെങ്കിലും 2019 ജൂലൈയിൽ വീണ്ടും രണ്ടു രൂപയും 2020 മാർച്ചിൽ മൂന്നു രൂപയും കൂട്ടി. തുടർന്നുള്ള മാർച്ചിൽ ലിറ്ററിന് മൂന്നു രൂപ കൂട്ടി. ഫലത്തിൽ നികുതി വീണ്ടും ഉയർത്തി. ഡോളർ കണക്കിൽ നോക്കിയാലും നിലവിൽ എക്സൈസ് തീരുവ പെട്രോൾ ലിറ്ററിന് 32.98 ഡോളറും ഡീസലിന് 31.83 ഡോളറുമാണ്.

**ആനുകൂല്യം കൈമാറാതെ പിഴിച്ചിൽ**

നരേന്ദ്രമോദി സർക്കാർ 2014 ൽ അധികാരത്തിലെത്തി അധികം വൈകാതെ പെട്രോളിന് 9.48 രൂപയും ഡീസലിന് 3.56 രൂപയും തീരുവ കൂട്ടിയിരുന്നു. 2016 ജൂലൈ വരെയുള്ള 15 മാസത്തിനിടെ പെട്രോൾ ലിറ്ററിന് 11.77 രൂപയും ഡീസലിന് 13.47 രൂപയുമാണ് നികുതിയിനത്തിൽ മാത്രം കൂട്ടിയത്. ഇതിലൂടെ അന്നുമുതൽ നികുതിവരുമാനത്തിൽ വലിയ കൊള്ളലാഭമാണ് സർക്കാർ നേടിയത്.

2014-15 ൽ എക്സൈസ് വരുമാനം 99,000 കോടിയായിരുന്നത് 2016-17 ൽ 2,42,000 കോടി രൂപയായാണു കുത്തനെ ഉയർന്നത്. പെട്രോളിനും ഡീസലിനും കേന്ദ്രസർക്കാർ പലതവണ നികുതി കൂട്ടിയതാണു പ്രധാന കാരണം. 2013-14 ൽ ഇന്ധനനികുതിയിലൂടെ നേടിയ പണം 46,386 കോടി രൂപയായിരുന്നു. ഇത് 2017-18 ഓടെ 2,23,922 കോടിയായി ഉയർന്നു. സർക്കാർ സ്വരൂപിച്ച മൊത്തനികുതിവരുമാനം മൊത്തആഭ്യന്തര ഉത്പാദനത്തിന്റെ (ജിഡിപി) 9.98 ശതമാനത്തിൽനിന്ന് 2017-18ൽ 11.22 ശതമാനമായി ഉയർന്നു.

അന്താരാഷ്ട്രവിപണിയിൽ എണ്ണവില കുറഞ്ഞപ്പോൾ ഇന്ത്യയിലെ സർക്കാർ ഇന്ധനനികുതി പതിവായി വർധിപ്പിച്ചു. ഈ സമവാക്യം കണ്ടെത്തിയശേഷം, സാമ്പത്തികപ്രവർത്തനവും എണ്ണവിലയും തകർക്കാൻ ഇതു വീണ്ടും വീണ്ടും ഉപയോഗിക്കാൻ തുടങ്ങി. സാധാരണ ജനങ്ങളെ സർക്കാർതന്നെ കൊള്ളയടിച്ചു പണം സമ്പാദിക്കുന്നു.

**പിടിപ്പുകേടും തെറ്റായ നയങ്ങളും**

സർക്കാരിന്റെ തെറ്റായ നടപടികളുടെയും പിടിപ്പുകേടിന്റെയും ഫലമായുണ്ടായ തകർച്ചയാണ് ഇന്ധനവില കൂട്ടി ജനങ്ങളെ പിഴിഞ്ഞ് പരിഹരിക്കാൻ ശ്രമിക്കുന്നത്. നോട്ട് അസാധുവാക്കലും മോശമായി നടപ്പിലാക്കിയ ചരക്കുസേവനനികുതിയും (ജിഎസ്ടി) സാമ്പത്തികത്തകർച്ചയിലേക്കു രാജ്യത്തെ നയിച്ചു. പൊതുവേ ദുർബല, ഇപ്പോൾ ഗർഭിണിയുമെന്നപോലെയായിരുന്നു കോവിഡ്-19 എത്തിയത്. അശാസ്ത്രീയമായി തിരക്കിട്ട് മാർച്ച് 24 മുതൽ നടപ്പാക്കിയ ലോക്ഡൗൺ സ്ഥിതി വഷളാക്കുകയും ചെയ്തു.

കൊറോണവൈറസ്വ്യാപനം തടയാനുള്ള നടപടികൾക്കു പ്രാമുഖ്യം നൽകാതെ രാഷ്ട്രീയക്കളികളിൽ കേന്ദ്രസർക്കാരും കേന്ദ്രത്തിലെ ഭരണകക്ഷിയും മുഴുകിയെന്നതാണു സ്ഥിതിഗതികൾ അതീവ ഗുരുതരമാക്കിയത്.

**പ്രതിസന്ധിയിലും രാഷ്ട്രീയക്കളികൾ**

ചൈനയിലെ വുഹാനിൽനിന്ന് കേരളത്തിലെത്തിയ ആൾക്ക് ജനുവരി 30ന് കോവിഡ് സ്ഥിരീകരിച്ചതാണ്. പക്ഷേ, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് ഫെബ്രുവരി അവസാനം ഗുജറാത്തിൽ വൻ സ്വീകരണം ഒരുക്കാനായിരുന്നു പ്രധാനമന്ത്രിയും കേന്ദ്രവും സമയവും പണവും ചെലവിട്ടത്. തുടർന്ന് മധ്യപ്രദേശിലെ കോൺഗ്രസ് സർക്കാരിനെ അട്ടിമറിക്കാനായുള്ള രാഷ്ട്രീയകുതിരക്കച്ചവടമായിരുന്നു. തിരഞ്ഞെടുപ്പിൽ തോറ്റ ബിജെപിയുടെ സർക്കാരിനെ മാർച്ച് 24ന് മധ്യപ്രദേശിൽ അധികാരത്തിലേറ്റി.

തുടർന്ന് മേയ്മാസത്തിൽ ബീഹാർ തിരഞ്ഞെടുപ്പിനുള്ള പ്രചാരണത്തിനും ഗുജറാത്തിൽ കോൺഗ്രസ് എംഎൽഎമാരെ കൂറുമാറ്റി രാജ്യസഭാ തിരഞ്ഞെടുപ്പിലെ കളികൾക്കുമായിരുന്നു ബിജെപിയുടെ ശ്രദ്ധ. ജൂണിലും ബീഹാറിൽ ആർജെഡി എംഎൽഎമാരെ ചാക്കിട്ടുപിടിച്ചു.

രാജ്യത്ത് കോവിഡ്വ്യാപനം ആറു ലക്ഷത്തോട് അടുക്കുകയാണ്. ലഡാക്ക് അതിർത്തിയിൽ ചൈന ഇന്ത്യൻ മണ്ണിലേക്കു കടന്നുകയറിയ ഭീഷണി ഒഴിയുന്നില്ല. സാമ്പത്തികമേഖലയിലെ തകർച്ച ദൂരവ്യാപകദുരിതമാകും സമ്മാനിക്കുക. ഇതിനിടയിലും ഇന്ധനവില തുടർച്ചയായി കൂട്ടി ജനത്തെ പിഴിയാൻ ശ്രമിക്കുന്ന സർക്കാരുകൾക്കെതിരേ ശക്തമായ പ്രതിഷേധം ഉയരേണ്ടതുണ്ട്.

കാർഷികം

ജോഷി മുഞ്ഞനാട്ട്

## ഔഷധ-പോഷകഗുണങ്ങളുടെ കലവറ

# കാരറ്റ്



ഒട്ടനവധി ഔഷധഗുണങ്ങളുടെയും പോഷകഗുണങ്ങളുടെയും കലവറയാണ് കാരറ്റ്.

പ്രോട്ടീൻ, കാൽസിയം, ഇരുമ്പ്, തയാമിൻ, വിറ്റാമിൻ എ, സി എന്നിവ വിവിധ അളവിൽ കാരറ്റിൽ അടങ്ങിയിരിക്കുന്നു. ഇരുമ്പിന്റെ കുറവ് പരിഹരിക്കുവാൻ ഏറെ ഉത്തമം.

കാരറ്റ് ദിവസം ഒന്നെങ്കിലും കഴിക്കുന്നത് ആരോഗ്യത്തിനു വളരെ നല്ലതാണ്. വൈറ്റമിൻ എ ധാരാളമായി അടങ്ങിയിരിക്കുന്നതിനാൽ നേത്രരോഗികൾക്കും ഗുണപ്രദം.

കിഴങ്ങുവർഗ്ഗങ്ങളുടെ റാണിയായും കാരറ്റ് അറിയപ്പെടുന്നു. കരൾസംബന്ധമായ രോഗങ്ങൾക്കും കാരറ്റ് നല്ലതാണ്. പച്ചക്കറികളുടെ കൂട്ടത്തിൽ സമുന്നതമായ സ്ഥാനമാണ് കാരറ്റിനുള്ളത്. ഇതിലെ പോഷകഗുണം, വേവിക്കുമ്പോൾ കുറയുവാൻ ഇടയുള്ളതിനാൽ പച്ചയ്ക്കു തിന്നുന്നതാണ് കൂടുതൽ നല്ലത്. നന്നായി കഴുകി വൃത്തിയാക്കി പുറംതൊലി ചീകി മാറ്റിയശേഷം പച്ചയ്ക്കു ഭക്ഷിക്കാം.

കാരറ്റ് കറികൾക്കും പലഹാരങ്ങൾക്കും ഗുണമേന്മ ഉണ്ടാക്കും. മുടികൊഴിച്ചിൽ, ചൊറി, ചിരങ്ങ്, ത്വഗ്രോഗങ്ങൾ തുടങ്ങിയവയ്ക്കൊപ്പം മുഖസൗന്ദര്യത്തിനും ശരീരസൗന്ദര്യത്തിനും നല്ലതാണിവ. രക്തശുദ്ധിക്കും കാരറ്റ് ഫലപ്രദം തന്നെ. കാരറ്റ് ജ്യൂസ് ഒരു ടോണിക്കിന്റെ ഫലം ചെയ്യും. കുടൽരോഗങ്ങൾക്കും ദഹനേന്ദ്രിയരോഗങ്ങൾക്കും വളരെ നല്ലതാണിവ. കാരറ്റിൽ കരോട്ടിന്റെ അംശം കൂടുതലായി അടങ്ങിയിരിക്കുന്നു.

ഭക്ഷണം കഴിച്ചയുടനെ ഒരു കാരറ്റ് ചവച്ചുതിന്നാൽ വായിലുള്ള ഉപദ്രവകാരികളായ അണുക്കളെ നിർജീവമാക്കുകയും പല്ലുകളെ ശുചിയാക്കുകയും പോടുകളിൽ തങ്ങിനിൽക്കുന്ന ഭക്ഷ്യാംശങ്ങളെ നീക്കിക്കളയുകയും മോണയ്ക്കും മറ്റും കരുത്തു നൽകുകയും ചെയ്യുന്നു. കരളിന്റെ ഉത്തേജനത്തിനും സന്ധിസംബന്ധമായ പ്രശ്നങ്ങൾക്കും കാരറ്റ് നല്ലതാണ്. കാരറ്റുനീര് കഴിക്കുന്നത് ഓർമ്മശക്തിയും ചിന്താശക്തിയും കൂട്ടുമെന്നും പറയപ്പെടുന്നു.

പുകവലിക്കാർക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കും കാരറ്റ് നല്ലതാണ്. ഭക്ഷ്യവസ്തുക്കൾക്കു സുഗന്ധവും നിറവും സ്വാദും നൽകുവാനും ഭക്ഷ്യവസ്തുക്കൾ അലങ്കരിക്കുവാനും കാരറ്റ് ഉപയോഗിക്കുന്നു.

കാരറ്റ് തോരനായും മെഴുക്കുപുരട്ടിയായും ഭക്ഷണത്തോടൊപ്പം ഉപയോഗിച്ചുവരുന്നു. ഇവ സൂപ്പായി ഉപയോഗിക്കുന്നതും ആരോഗ്യരക്ഷയ്ക്കു നല്ലതുതന്നെ. കാരറ്റ് അച്ചാർ ഇടുവാനും ജാം, ഹലുവ എന്നിവ ഉണ്ടാക്കുവാനും നല്ലതാണ്.




## പിന്നെയും പൂക്കുന്ന വിപിനങ്ങൾ

**ചാ**ത്തംകഴിഞ്ഞ് കുഞ്ഞച്ചനും കൂട്ടരും മടങ്ങുമ്പോഴേക്കും വെയിൽ ചായാനൊരുങ്ങുകയായിരുന്നു. കപ്യാരും കുഞ്ഞച്ചനും പാടവരമ്പിലൂടെ തെങ്ങിൻതോപ്പിലേക്കു കയറി. തെങ്ങിൻതോപ്പിലെ ഒറ്റയടിപ്പാതയിലൂടെ കതിരന്റെ വീട്ടിലേക്കു നടന്നു.

ഇത് എത്രാമത്തെ തവണയാണു കതിരന്റെ വീട്ടിലേക്കെത്തുന്നതെന്നു കുഞ്ഞച്ചൻ ചിന്തിച്ചു. നിശ്ചയമില്ല. എട്ടോ പത്തോ... ഒരുപക്ഷേ, അതിലുമേറെയായിക്കാണും.

പലപ്പോഴും കൂരയിലെത്തിയാൽ കതിരനെയും കുടുംബത്തെയും കാണാറില്ല. ഒന്നുകിൽ അവർ ജോലിസ്ഥലത്തായിരിക്കും. അല്ലെങ്കിൽ കുഞ്ഞച്ചനെ അകലെനിന്നു കാണുമ്പഴേ കുടിലിൽനിന്ന് ഇറങ്ങിമാറും.

ഇന്ന് ഏതായാലും കതിരനെയും കുടുംബത്തെയും കണ്ടിട്ടുതന്നെ കാര്യമെന്ന് കുഞ്ഞച്ചൻ തീരുമാനിച്ചു. എത്ര മിനക്കെട്ടാലും ശരി അവരെ കാണാതെ മടക്കമില്ല.

പക്ഷേ, തെങ്ങിൻപുരയിടത്തിലൂടെ നടന്നുവരുന്ന കുഞ്ഞച്ചനെയും കപ്യാരെയും കതിരൻ അകലെനിന്നേ കണ്ടു. അയാൾ ഭാര്യയോടു പറഞ്ഞു:

"എടീയേ, ദേ ആ കത്തനാര് പിന്നേം വരുന്നുണ്ട്."

വാതിൽപ്പഴുതിലൂടെ കതിരന്റെ ഭാര്യ എത്തിനോക്കി. എന്നിട്ടു ചോദിച്ചു:

"ഇനീപ്പോ എന്നാ ചെയ്യും..."

"വഴീണ്ട്. നീ വാ..."

അവർ കൂരയുടെ പിൻവാതിലിലൂടെ പുറത്തേക്കിറങ്ങി. അതായിരുന്നു അവരുടെ പതിവ്. കുഞ്ഞച്ചനെ കാണുമ്പഴേ പിൻവാതിലിലൂടെ എവിടേക്കെങ്കിലും രക്ഷപ്പെടും.

പക്ഷേ, ഇത്തവണ അവർക്കു രക്ഷപ്പെടാൻ പറ്റിയില്ല. വീടിന്റെ പിൻപുറത്ത് ഉപദേശിയെക്കണ്ട് അവർ ഞെട്ടിപ്പോയി. ഉപദേശിയുടെ മുഖം അത്ര പ്രസന്നമല്ലെന്നു കതിരൻ കണ്ടു.

രക്ഷപ്പെടാൻ പറ്റാത്തതിലുള്ള ജാള്യത്തോടെ അവർ കൂരയിലേക്കു തിരിച്ചുകയറി.

അപ്പോഴേക്കും കുഞ്ഞച്ചനും കപ്യാരും കുടിലിനു മുൻപിലെത്തിക്കഴിഞ്ഞിരുന്നു. ഗത്യന്തരമില്ലാതെ കതിരൻ ഇറങ്ങിവന്നു. കുഞ്ഞച്ചൻ എന്തെങ്കിലും ചോദിക്കുന്നതിനുമുൻപേ കതിരൻ പറഞ്ഞു: "ഈ കുഞ്ഞച്ചനെക്കൊണ്ട് ഏങ്കള് മടുത്തല്ലോ. ഏങ്കള് നാളെ പള്ളീ വന്നേക്കാവേ..."

കുഞ്ഞച്ചൻ പിന്നീടൊരക്ഷരം മിണ്ടിയില്ല. തിരിച്ചുനടന്നു. ഒപ്പം കപ്യാരും ഉപദേശിയും. ഉപദേശിക്ക് അപ്പോഴും സംശയമുണ്ടായിരുന്നു. കതിരനും കുടുംബവും നാളെ പള്ളിയിൽ വരുമോ? ഇതിനു മുൻപും കതിരൻ അങ്ങനെ പറഞ്ഞിട്ടുള്ളതാണ്. പക്ഷേ, പള്ളിയിൽ വന്നില്ല. ഇക്കുറിയും അവൻ വാക്കുപാലിക്കാനിടയില്ല.

"കതിരൻ നാളെ പള്ളിയിൽ വരുമെന്ന് എനിക്കു വിശ്വാസമില്ലച്ചോ..." ഉപദേശി പറഞ്ഞു.

"എനിക്ക് വിശ്വാസമുണ്ട്." കുഞ്ഞച്ചൻ പറഞ്ഞു.

അവർ തെങ്ങിൻപുരയിടവും പാടവും കടന്ന് പ്രധാനനിരത്തിലെത്തിയപ്പോഴാണ് രണ്ടു ചെറുപ്പക്കാർ കുഞ്ഞച്ചന്റെ സമീപത്തേക്ക് ഓടിവന്നത്.

"കുഞ്ഞച്ചനെ കാണാൻ ഞങ്ങള് പള്ളീലേക്കു വരികയായിരുന്നു. ഇടയ്ക്കുവച്ച് കണ്ടതു ഭാഗ്യമായി."



"എന്താ കാര്യം...?"

"ഞങ്ങളൊരു മൂരിയെ വാങ്ങീതാ കുഞ്ഞച്ചാ. ഇടയ്ക്കു വച്ച് അവനൊരു വെകിളി. കൊണ്ടുപോരാൻ പറ്റുന്നില്ല. എടഞ്ഞുനിൽക്കുവാ..."

ചെറുപ്പക്കാർ വിരൽ ചൂണ്ടിയ ഭാഗത്തേക്കു കുഞ്ഞച്ചൻ നോക്കി. നിരത്തിന്റെ അങ്ങേത്തലയ്ക്കൽ മൂരി നില്പുണ്ട്. രണ്ടുമൂന്നു ചെറുപ്പക്കാരും.

"അതിനിപ്പോ ഞാനെന്തു ചെയ്യാനാ..."

"കുഞ്ഞച്ചൻ വിചാരിച്ചാലവ നടങ്ങും. അല്ലേല് ഞങ്ങള് വിഷമിക്കും. വെല്യ വില കൊടുത്തു വാങ്ങീതാ കുഞ്ഞച്ചാ..."

കുഞ്ഞച്ചൻ മൂരിയുടെ അടുത്തേക്കു ചെന്നു. ഒരു കെടാകണ്ടൻ മൂരി. ഒരു കാട്ടുപോത്തിന്റെ വലിപ്പമുണ്ട്. അവൻ ഇടച്ചിലോടെ മുക്രയിട്ട് വഴിയോരത്തെ പൊന്തയുടെ അടുത്തു നില്പുണ്ട്. അതിന്റെ കഴുത്തിൽ കെട്ടിയ കയറിൻതുമ്പിൽ പിടിച്ച് രണ്ടു മൂന്നു ചെറുപ്പക്കാരും...

ഒരുനിമിഷം കുഞ്ഞച്ചൻ ശങ്കിച്ചുനിന്നു. അവന്റെ കാറ്റടിച്ചാൽ മതി ആരും തെറിച്ചുപോകും. അത്രയ്ക്കു കരുത്തനാണവൻ.

ചെറുപ്പക്കാർ നിസ്സഹായതയോടെ കുഞ്ഞച്ചനെ നോക്കി. എന്തു ചെയ്യും? കുഞ്ഞച്ചൻ ചിന്തിച്ചു. ഈ കാളക്കൂറ്റനെ എങ്ങനെ മെരുക്കും...?

കുഞ്ഞച്ചന്റെ മുൻപിൽ ഒരു വഴി മാത്രമാണുണ്ടായിരുന്നത്. അത് അചഞ്ചലമായ വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും വഴിയായിരുന്നു.

കുഞ്ഞച്ചൻ അകലെനിന്ന് ആ കാളക്കൂറ്റനെ ആശീർവദിച്ചു. എന്നിട്ട് ചെറുപ്പക്കാരോടു പറഞ്ഞു: "പേടിക്കേണ്ട. അവനെന്റെ പിന്നാലെ പോരട്ടെ."

കുഞ്ഞച്ചൻ തിരിഞ്ഞുനടന്നു. കാള ഒന്നടങ്ങിയതുപോലെ തോന്നി. അവൻ തലകുലുക്കി വാലൊന്നു വീശി അനങ്ങിനിന്നു.

ഛ്... ഛ്... ചെറുപ്പക്കാർ അവന്റെ പിന്നിൽനിന്നു ശബ്ദം വച്ചു. കാള അനുസരണയുള്ള കുട്ടിയെപ്പോലെ കുഞ്ഞച്ചനെ അനുഗമിച്ചു.

രാമപുരത്ത് എത്തുമ്പോഴേക്കും പടിഞ്ഞാറേതിൽ ചെമ്മാനം പൂത്തിരുന്നു. ഉപദേശി രാവിലെ എത്തിക്കോളാമെന്നു പിരിഞ്ഞു. കപ്യാരും കുഞ്ഞച്ചനും പള്ളിയിലേക്കു നടന്നു.

പള്ളിമുറ്റത്ത് എത്തുമ്പോഴുണ്ട് രണ്ടുമൂന്നു പേർ കാത്തുനില്ക്കുന്നു. എല്ലാവരും പരിചയമുള്ളവർ. എന്തോ പ്രശ്നമുണ്ടെന്നു കുഞ്ഞച്ചനു മനസ്സിലായി. ആരുടെയെങ്കിലും മരണമോ ആർക്കെങ്കിലും അസുഖമോ എന്നു കണക്കുകൂട്ടി കുഞ്ഞച്ചൻ.

പക്ഷേ, അതൊന്നുമായിരുന്നില്ല. റോസമ്മ എന്ന സ്ത്രീയെ ആരൊക്കെയോ ചേർന്ന് തട്ടിക്കൊണ്ടുപോയിരിക്കുന്നു. അമ്പരപ്പുളവാക്കുന്നതായിരുന്നു ആ വാർത്ത.

പിഴകുകാരിയായിരുന്നു റോസ. ഹരിജൻസമുദായത്തിൽ നിന്നു പരിവർത്തനം ചെയ്യപ്പെട്ടവൾ. ഭർത്താവ് പൗലോസ് രാമപുരത്തുകാരൻ. അവനും പരിവർത്തിതൻ.

പക്ഷേ, എന്താണ്, എങ്ങനെയാണ് ഇതു സംഭവിച്ചതെന്ന് ആർക്കും ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. അത് അന്വേഷിച്ചറിയുന്നതിനായി കുഞ്ഞച്ചനും സംഘവും ഒരുമ്പെട്ടിറങ്ങി.

അപ്പോഴാണ് കാര്യങ്ങൾ വ്യക്തമായി മനസ്സിലായത്. കല്യാണംകഴിഞ്ഞ നാളുകൾമുതൽത്തന്നെ റോസമ്മയും പൗലോസും ഇഷ്ടക്കേടിലായിരുന്നു. അത് മണത്തറിഞ്ഞ ഒരു ചെറുപ്പക്കാരൻ അവളെ കെണിയിൽ വീഴ്ത്തുകയായിരുന്നു. അവളെ പറഞ്ഞുമയക്കി കൂട്ടുകാർ ചേർന്ന് തട്ടിക്കൊണ്ടുപോയി ഏറ്റുമാനൂർ ഒരു സ്ഥലത്തു പാർപ്പിച്ചിരിക്കുന്നു.

കാര്യങ്ങളറിഞ്ഞപ്പോൾ കുഞ്ഞച്ചനു വിഷമമായി. കർത്താവിന്റെ നാമത്തിൽ ഒന്നായവരാണ്. ശാശ്വതമായ, സ്നേഹനിബദ്ധമായ ഒരു കുടുംബജീവിതത്തിന് അടിത്തറ പണിയേണ്ടവർ. അത് ലോകത്തിന്റെ ചതിക്കുഴികളിൽപ്പെട്ടു തകർന്നുകൂടാ. തകരുന്നത് ദൈവസഭയുടെ അസ്തിവാരംകൂടിയാണ്.

റോസമ്മ സുന്ദരിയായിരുന്നു. എണ്ണക്കറുമ്പി. മദാലസ. അവളുടെ വടിവൊത്ത ശരീരം യൗവനത്തുടിപ്പുകളാൽ സമൃദ്ധമായിരുന്നു. അവളുടെ നീണ്ടിടംപെട്ട മിഴികളിൽ അഭിലാഷങ്ങളുടെ ഒരു കടൽ കിടന്നിളകിയിരുന്നു.

അവൾ വെടിപ്പായി വസ്ത്രം ധരിക്കുന്നവളും വൃത്തിയുള്ളവളും ആയിരുന്നു. അവൾ നടക്കുമ്പോൾ സുഗന്ധം പ്രസരിക്കും. വാസനസോപ്പും ചാന്തും പൗഡറും അവളുടെ ശരീരത്തിനു സുഗന്ധം ചേർത്തു. കരിമഷിയെഴുതിയ കണ്ണുകളിൽ കാമത്തിന്റെ ഒരു കൊടി പാറിയിരുന്നു സദാനേരവും. അവൾ അവളുടെ ശരീരത്തെയും അവളുടെ കാമനകളെയും സ്നേഹിച്ചു. ലോകത്തിന്റെ പ്രലോഭിതസ്വപ്നങ്ങളിൽ അവളുടെ മനസ്സ് പാറിനടന്നു.

ഭർത്താവ് പൗലോസ് നേരേ വിപരീതവും. മുതലാളന്റെ പണിയിടങ്ങളിൽ വല്ലപ്പോഴും വേലയ്ക്കുപോകും. കിട്ടുന്ന നാമമാത്രമായ കാശിന് കള്ളുകുടിക്കും. അലക്കും കുളിയും വല്ലപ്പോഴും മാത്രം. അവൻ ചിരിക്കുമ്പോൾ മുറുക്കാൻകറ വീണ പല്ലുകൾ കാണാനാവും. പൗലോസ് അടുത്തുവരുമ്പോൾ കള്ളിന്റെയും വിയർപ്പിന്റെയും പുകയിലയുടെയും നാറ്റമുണ്ടാകും. റോസമ്മയ്ക്ക് അതൊന്നും ഇഷ്ടമായിരുന്നില്ല.

റോസമ്മയെ കൊണ്ടുപോയി പാർപ്പിച്ചിരുന്ന സ്ഥലം ഇഞ്ചുതെറ്റാതെ ഒന്നുകൂടി അന്വേഷിച്ചറിഞ്ഞ കുഞ്ഞച്ചൻ ഒരു പകൽകൂടി കാത്തു. രാത്രി എന്തിനും പോന്ന നാലഞ്ചു ചെറുപ്പക്കാരോടൊപ്പം ഏറ്റുമാനൂർക്കു തിരിച്ചു.

ഉദ്വേഗജനകമായിരുന്നു ആ നിമിഷങ്ങൾ. വണ്ടി ഏറ്റുമാനൂർ അടുക്കുംതോറും ചെറുപ്പക്കാരിൽ ഭയം കൂടുകെട്ടാൻ തുടങ്ങിയിരുന്നു.

പക്ഷേ, ഇത്തിരിപ്പോന്ന കുഞ്ഞച്ചന് ഒരു കുലുക്കവുമില്ല. ഒരു വിനോദയാത്രയിലെന്നവണ്ണം പുറത്തെ ഇരുൾക്കാഴ്ചയിൽനോക്കി ജീപ്പിന്റെ പിൻസീറ്റിലിരുന്നു.

ഏറ്റുമാനൂരെത്തിയപ്പോൾ ചെറുപ്പക്കാരിലൊരാൾ ചോദിച്ചു:

"കുഞ്ഞച്ചാ, കാര്യങ്ങൾ കുഴപ്പമാകുമോ..."

"ധൈര്യമായിട്ടിരിക്ക്. നിങ്ങളായിട്ട് കുഴപ്പങ്ങളൊന്നുമുണ്ടാക്കാതിരുന്നാൽ മതി!"

റോസമ്മയെ പാർപ്പിച്ചിരുന്ന വീടിനല്പമകലെ ജീപ്പ് നിറുത്തി കുഞ്ഞച്ചൻ ചെറുപ്പക്കാരോടു പറഞ്ഞു: "റോസമ്മയെയുംകൊണ്ടേ നമ്മൾ മടങ്ങൂ. അതിനുവേണ്ടി ഒരു കയ്യാങ്കളി വേണ്ടി വന്നാലും കുഴപ്പമില്ല. നിങ്ങള് വാ!"

ചെറുപ്പക്കാർ ധൈര്യം സംഭരിച്ചു. കുഞ്ഞച്ചൻ തങ്ങളോടൊപ്പമുണ്ടെന്നുള്ളത് ഒരു ഊർജ്ജവർദ്ധക ഔഷധംപോലെയായിരുന്നു. അവർ ഇരുട്ടിന്റെ മറവിൽ വീടു വളഞ്ഞു. അകത്ത് വെളിച്ചവും ആളനക്കവുമുണ്ടെന്നു ജാലകപ്പഴുതിലൂടെ അവർ കണ്ടു.

കുഞ്ഞച്ചൻ വീടിന്റെ മുൻവാതിലിൽ മുട്ടി. ഒന്നല്ല പലതവണ.

പൊടുന്നനേ അകത്ത് വെളിച്ചമണഞ്ഞു. അകത്തുള്ളവർ കാതുകൂർപ്പിച്ചു. പുറത്ത് പതുങ്ങിയ പാദപതനശബ്ദങ്ങൾ. അടക്കിപ്പിടിച്ച സംസാരം. അവർ അപകടം മണത്തു. പൊടുന്നനേ പിൻവാതിൽ തുറന്ന് അവർ ഇരുട്ടിന്റെ മറവിലേക്ക് ഓടിമറഞ്ഞു.

കുഞ്ഞച്ചന്റെ യോദ്ധാക്കൾ അകത്തു കയറി. ടോർച്ചുവെളിച്ചത്തിൽ അവർ കണ്ടു. വിറച്ചുവിറങ്ങലിച്ച് വിളറിയ മുഖവുമായി റോസമ്മ നില്ക്കുന്നു. അവൾ മരണത്തെ മുഖാമുഖം നോക്കിക്കാണുന്നതുപോലെ തോന്നി.

ശേഷം 13-ാംപേജിൽ

# അതിർത്തിയിലെ സംഘർഷം ആശങ്കയുടെ നാളുകൾ

*ശേഷം 1-ാംപേജ് തുടർച്ച*

ചൈനയുടെ ആക്രമണത്തെ അപലപിച്ച പ്രതിരോധമന്ത്രി രാജ്നാഥ്സിംഗ് ട്വിറ്ററിൽ ഇങ്ങനെ കുറിച്ചു:

“ലഡാക്ക് അതിർത്തിയിലെ സംഘർഷത്തിൽ കൊല്ലപ്പെട്ട സൈനികരുടെ ജീവത്യാഗം രാജ്യം മറക്കില്ല. മരിച്ച സൈനികരുടെ കുടുംബാംഗങ്ങൾക്കൊപ്പം രാജ്യം ഒന്നടങ്കം നിലകൊള്ളും. ഇന്ത്യ എക്കാലവും സമാധാനമാണ് ആഗ്രഹിച്ചിട്ടുള്ളത്.

**ഷീ ചിൻപിംഗിന്റെ നിഗൂഢലക്ഷ്യങ്ങൾ**

തന്റെ രാജ്യത്തിന്റെ പടിഞ്ഞാറും തെക്കുമുള്ള ഭൂപ്രദേശത്തെ ഇന്ത്യൻ മഹാസമുദ്രവുമായി ബന്ധിപ്പിക്കാനുള്ള നിഗൂഢനീക്കങ്ങളാണ് ചൈനീസ് പ്രസിഡന്റ് ഷീ ചിൻ പിംഗിന്റെ മനസ്സിലുള്ളത്. റഷ്യയുമായി അതിരിടുന്ന വടക്കുകിഴക്കുഭാഗത്തുള്ള ജപ്പാൻകടൽമുതൽ തെക്കോട്ട് പൂർവ/ദക്ഷിണ ചൈനാ കടലുകളും കടന്ന് വിയറ്റ്നാം വരെയുള്ള സുദീർഘമായ കടൽത്തീരം പസഫിക് സമുദ്രത്തിലേക്കുള്ള തുറന്ന വാതായനമാണ്. ഇന്ത്യൻ മഹാസമുദ്രത്തിലേക്കുള്ള ഒരു എളുപ്പവഴി ചൈനീസ് ഭരണാധികാരികളുടെ സ്വപ്നമാണ്. 1949 ലെ ടിബറ്റൻ അധിനിവേശവും 1962 മുതൽ നമ്മുടെ രാജ്യത്തിനുമേലുള്ള കടന്നുകയറ്റങ്ങളും ഈ ലക്ഷ്യം വച്ചുകൊണ്ടാണ്. പാംഗോഗ് തടാകം മുതൽ ദൗളത്ത്ബെഗ് ഓൾഡി വരെയുള്ള നിയന്ത്രണരേഖയോടു ചേർന്നുകിടക്കുന്ന അര ഡസനോളം ചുരങ്ങളും കാരക്കോറം ചുരവും ഗാൽവാൻ താഴ്വരയും ഭൂട്ടാന്റെ അതിർത്തിയിലുള്ള ദോക്‌ലയിലെ നാഥുലാചുരവും കൈവശപ്പെടുത്തിയാൽ തങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കാമെന്ന് ഷീ കണക്കുകൂട്ടുന്നു. വിദേശരാജ്യങ്ങളിൽ പ്രചാരത്തിലുള്ള ചൈനയുടെ ഭൂപടങ്ങളിലെല്ലാം അക്സായ്ചിന്നിന്റെയും ഡെംചോക്കിന്റെയും അരുണാചൽപ്രദേശിന്റെയും പേരിനു താഴെ ബ്രാക്കറ്റിൽ കുറിച്ചിരിക്കുന്നതിങ്ങനെ: ഇന്ത്യയുടേതെന്ന് അവകാശവാദം, പക്ഷേ, ചൈനയുടെ ഭരണത്തിൽ (Clained by Indians, but administered by China).

പാക്കിസ്ഥാൻ, നേപ്പാൾ, ബംഗ്ലാദേശ്, മ്യാൻമർ, ശ്രീലങ്ക തുടങ്ങിയ അയൽരാജ്യങ്ങളുമായി സാമ്പത്തികവും സൈനികവുമായ വിവിധ കരാറുകളിലൂടെ നമ്മുടെ രാജ്യത്തെ ചുറ്റിവരിഞ്ഞു ശ്വാസംമുട്ടിക്കാനുള്ള തന്ത്രപരമായ നീക്കങ്ങളിൽ ചൈന വിജയിച്ചുകഴിഞ്ഞു. ഉദാഹരണമായി പാക്കിസ്ഥാനുമായി ചേർന്ന് നിർമ്മാണം പുരോഗമിക്കുന്ന ‘ഓബോർ’ (O.B.O.R. One Belt, One Road – ഒരു മേഖല, ഒരു പാത) എന്ന പദ്ധതി. പൗരാണിക ‘പട്ടുപാത’യോടു (Silk route) ബന്ധപ്പെടുത്തിയാണ് പാക്കിസ്ഥാനിലൂടെയുള്ള ഈ ‘സാമ്പത്തിക ഇടനാഴി’ (C.P.E.C. - China - Pak Economic Corridor) വികസിപ്പിക്കുന്നത്. രാജ്യത്തിന്റെ പടിഞ്ഞാറുഭാഗത്തുനിന്ന് കാരക്കോറം ഹൈവേയിലൂടെ പാക് അധിനിവേശ കാശ്മീരിൽക്കടന്ന് പാക്കിസ്ഥാന്റെ തെക്കൻ പ്രവിശ്യയായ ബലൂചിസ്ഥാനിലെ ഗ്വാദർ തുറമുഖത്തെത്തുന്ന സ്വപ്നപദ്ധതിയാണിത്. അറബിക്കടൽവഴിയുള്ള സുഗമമായ വാണിജ്യമാർഗ്ഗം ഇതോടെ തുറന്നുകിട്ടും. ടൗൺഷിപ്പുകളും വ്യവസായശാലകളും നിർമ്മിച്ച് ഇടനാഴിയുടെ ഇരുവശങ്ങളും വികസിക്കുന്നതോടെ ലോകത്തെ ഏറ്റവും വലിയ സാമ്പത്തികശക്തിയായി ചൈന ഉയരും. ഈ ബൃഹദ്പദ്ധതി പൂർത്തിയാകുമ്പോഴേക്കും ഇന്ത്യയും പാക്കിസ്ഥാനും ചൈനയുമായുള്ള തർക്കങ്ങൾ കൂടുതൽ സങ്കീർണ്ണമാകും. രണ്ടു രാജ്യങ്ങളുടെയും അതിർത്തിയിൽനിന്നുള്ള ഭീഷണിക്കുപുറമെ, സാമ്പത്തികഇടനാഴിയുടെ സുരക്ഷയ്ക്കെന്നപേരിൽ വിന്യസിച്ചേക്കാവുന്ന സുരക്ഷാഭടന്മാരും നമ്മുടെ രാജ്യത്തിനു തലവേദന സൃഷ്ടിക്കും.

സൈനികപരമായി നോക്കുമ്പോൾ, ഇന്ത്യയ്ക്ക് അതീവപ്രാധന്യമുള്ള സ്ഥലമായ ദോക്‌ലാ. കൈവശമാക്കിയാൽ ബംഗ്ലാദേശിലൂടെ ബംഗാൾ ഉൾക്കടലിൽ എത്താനാകും. ആസാം, മേഘാലയ, ത്രിപുര, മിസോറാം, മണിപ്പൂർ, നാഗാലാൻഡ്, അരുണാചൽപ്രദേശ് തുടങ്ങിയ ഏഴു സംസ്ഥാനങ്ങളെ ഒറ്റപ്പെടുത്താനും കഴിയും. ഇതിനെക്കുറിച്ചു ചിന്തിക്കാൻപോലും നമുക്കാവില്ല.

ചുരുക്കത്തിൽ, ഒരേ സമയം രണ്ടു ദിക്കിൽ രണ്ടു പോർമുഖങ്ങൾ തുറക്കാനുള്ള എല്ലാ തയ്യാറെടുപ്പുകളും ചൈന നടത്തിയിട്ടുണ്ട്. വടക്കുപടിഞ്ഞാറൻ യുദ്ധമുഖത്ത് പാക്കിസ്ഥാൻ പട്ടാളം കൂട്ടിനുണ്ട്. ശത്രുവിന്റെ ‘ശത്രുവിനെ മിത്ര’മാക്കുന്ന തന്ത്രമാണിവിടെ ചൈന പയറ്റുന്നത്. ശക്തരായ സുഹൃദ്‌രാജ്യങ്ങളൊന്നും നമ്മുടെ അയൽവക്കങ്ങളിൽ ഇല്ല. നമ്മോട് അടുപ്പമുണ്ടെന്നു കരുതിയ നേപ്പാളും ബഹുദൂരം അകന്നിരിക്കുന്നു. ഉത്തരാഖണ്ഡ് സംസ്ഥാനത്തിന്റെ ഏതാനും ഭാഗങ്ങൾ ഉൾപ്പെടുത്തിയ ഒരു ഭൂപടം നേപ്പാൾ പ്രസിദ്ധീകരിച്ചതാണ് നമ്മെ വേദനിപ്പിക്കുന്നത്. ലിപുലേക്ക്, കാലാപാനി, ലിംപിയാധുര എന്നീ പ്രദേശങ്ങൾ നേപ്പാളിന്റേതാണെന്നാണ് അവകാശവാദം. ടിബറ്റിനുള്ളിലെ കൈലാസം, മാനസരോവർ എന്നീ തീർത്ഥാടനകേന്ദ്രങ്ങളിലേക്ക് ലിപുലേക്ക് ചുരംവഴി ഒരു പാത നിർമ്മിച്ചതാണ് നേപ്പാളിനെ ചൊടിപ്പിച്ചത്. 1949 ൽ പിടിച്ചെടുത്ത ടിബറ്റിന്റെ മുഴുവൻ പ്രദേശങ്ങളും ചൈനയോടു ചേർത്തത് 1965 ലാണ്. അവിടെനിന്നു പലായനം ചെയ്ത ദലൈലാമയ്ക്കും അനുയായികൾക്കും ഇന്ത്യ അഭയം നൽകി. ഹിമാചൽപ്രദേശിലെ കുളു താഴ്വരയിലാണ് അവർ അഭയാർത്ഥികളായി താമസിക്കുന്നത്.

ഇപ്പോളുണ്ടായിരിക്കുന്ന പ്രതിസന്ധിയിലേക്കു കാര്യങ്ങളെത്തിച്ചതിന് ഏതാനും കാരണങ്ങളുണ്ടെന്ന് നയതന്ത്രവിദഗ്ധർ വിലയിരുത്തുന്നു:

ഒന്ന്, അക്സായ് ചിന്നിലെ നിയന്ത്രണരേഖയോടു ചേർന്ന് ലഡാക്കിന്റെ തെക്ക് ഡർബുക്കിൽനിന്ന് കാരക്കോറം ചുരത്തിനടുത്തുള്ള ദൗളത്ത് ബെഗ് ഓൾഡി എന്ന സൈനികവ്യോമത്താവളത്തിലേക്ക് പുതിയ ഒരു പാത നിർമ്മിച്ചത്. ലോകത്തെ ഏറ്റവും ഉയർന്ന ഈ വ്യോമതാവളത്തിലേക്കെത്താൻ 255 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പാത മാത്രമേ നമുക്കുള്ളൂ. ജമ്മുവിനെയും ലഡാക്കിന്റെ തലസ്ഥാനമായ ലേ യെയും ഈ പാത വഴി ബന്ധിപ്പിച്ചിട്ടുണ്ട്.

രണ്ട്, ജമ്മു-കാശ്മീർ സംസ്ഥാനത്തിന് പ്രത്യേക പദവി നൽകിയിരുന്ന 370-ാം വകുപ്പ് റദ്ദുചെയ്ത് കാശ്മീരിനെയും ലഡാക്കിനെയും കേന്ദ്രഭരണപ്രദേശങ്ങളാക്കിയ നടപടിയിലുള്ള അമർഷം. പാക്-അധിനിവേശകാശ്മീരും അക്സായ് ചിന്നും ഡെംചോക്കും തിരിച്ചുപിടിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ പ്രഖ്യാപിച്ചത് മറ്റൊരു കാരണമാണ്.

മൂന്ന്, കോവിഡ് മഹാമാരിയുടെ വ്യാപനവുമായി ബന്ധപ്പെട്ട് അമേരിക്കയും മറ്റു പാശ്ചാത്യരാജ്യങ്ങളും ചൈനയെ ഒറ്റപ്പെടുത്തുമ്പോൾ അവരോടു സൗഹൃദം പുലർത്തുന്ന നമ്മുടെ സമീപനം. രോഗവ്യാപനത്തിന്റെ തുടക്കത്തിൽ ചൈന പുലർത്തിയ ഉദാസീനത, വൈറസുകളെ ബോധപൂർവ്വം സൃഷ്ടിച്ചതാണെന്നു തെറ്റിദ്ധരിക്കാൻ കാരണമായി. വുഹാനിലെ വൈറോളജി ലാബിൽനിന്ന് പരീക്ഷണത്തിനിടയിൽ വൈറസുകൾ പുറത്തുചാടിയെന്ന വാർത്ത പ്രചുരപ്രചാരം നേടി. അമേരിക്കയും ചൈനയുമായുണ്ടായ വാണിജ്യയുദ്ധം അവരുടെ കയറ്റുമതിയെയും വ്യവസായമേഖലയെയും സാരമായി ബാധിച്ചത് നമുക്കു നേട്ടമായേക്കുമെന്ന കണക്കുകൂട്ടലും ഒരു കാരണമാണ്.

‘അതിർത്തിയിൽ സമാധാനം പുനസ്ഥാപിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം’ എന്ന് പ്രസിഡന്റ് ഷീ ചിൻപിംഗിന്റെ വാക്കുകൾ വിശ്വാസയോഗ്യമല്ലെന്ന് ഇപ്പോൾ വ്യക്തമായി. ഷീ ചിൻ പിംഗിന്റെ നേരിട്ടുള്ള ഇടപെടൽ ഇപ്പോഴത്തെ കൈയേറ്റത്തിലുമുണ്ട്. മിലിറ്ററി കമ്മീഷന്റെ ചെയർമാൻ സ്ഥാനവും ഷീ കൈയടക്കിയിരിക്കുന്നു. ഇന്ത്യൻ അതിർത്തിയുടെ മൊത്തം സംരക്ഷണച്ചുമതല ചൈനീസ് പട്ടാളത്തിലെ ഏറ്റവും സമർത്ഥനെന്നു ഖ്യാതി നേടിയ ലഫ്. ജനറൽ കി ലിംഗിന് നല്കി. പാംഗോഗ് തടാകംമുതൽ കാരക്കോറം ചുരം വരെയുള്ള പല മേഖലകളിലും രണ്ടു സൈന്യങ്ങളും മുഖാമുഖം നിൽക്കുന്ന ഭീതിദമായ അന്തരീക്ഷമാണ്. രണ്ടു സേനകളിലുമായി 50,000ത്തോളം സൈനികർ. ടാങ്കുകളും കവചിതവാഹനങ്ങളും ഹെലികോപ്ടറുകളും യുദ്ധവിമാനങ്ങളും സജ്ജം. ഇപ്പോഴത്തെ സംഘർഷത്തിനിടയിലും ശത്രുസൈന്യം നേട്ടമുണ്ടാക്കിയതായി റിട്ട. ലഫ്. ജനറൽ എച്ച്.എസ്. പനാഗ് വെളിപ്പെടുത്തിയിരിക്കുന്നു.

‘നമ്മുടെ മണ്ണിൽ ആരും അതിക്രമിച്ചു കയറിയിട്ടില്ല’ എന്നും ‘ഒരിഞ്ചുഭൂമിപോലും നാം വിട്ടുകൊടുക്കില്ല’ എന്നും നേതാക്കൾ വീമ്പിളക്കുമ്പോഴും ഇപ്പോൾ നഷ്ടപ്പെട്ടതും മുൻകാലങ്ങളിൽ ശത്രുരാജ്യങ്ങൾക്ക് അടിയറവച്ചതും എത്ര ഭൂമിയെന്ന് വ്യക്തമായി അറിയാൻ ജനങ്ങൾക്കവകാശമുണ്ട്. ജനങ്ങൾ വിഡ്ഢികളല്ലെന്ന് ഭരണകർത്താക്കൾ ഓർമ്മിക്കണം.

■

# കരുണാർദ്രസ്നേഹത്തിന്റെ പ്രവാചിക



സി. ഇന്നസെന്റ് മാമ്പള്ളിൽ എസ്.എച്ച്.

ദൈവം ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവ്വഹിച്ച് കൃപാവരസമൃദ്ധി ആസ്വദിക്കുന്ന തിരുഹൃദയദാസിയാണ് സി. ഇന്നസെന്റ് മാമ്പള്ളിൽ എസ്.എച്ച്. ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹവും കരുണയും അനേകർക്കായി പങ്കുവച്ച ഇന്നസെന്റമ്മ ഇന്ന് നവതിയിലെത്തിയിരിക്കുന്നു. തിരുഹൃദയ സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ സുകൃതസമ്പന്നമായ ജീവിതത്തിന്റെ ഉറപ്പുള്ള സാക്ഷ്യമാണ് ഇന്നസെന്റമ്മ.

ഇലഞ്ഞി ഇടവക മാമ്പള്ളി പൗലോസിന്റെയും റോസമ്മയുടെയും മൂന്നാമത്തെ സന്താനമായ മേരി 1950-ൽ പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം ഹൈദരാബാദിലുള്ള ഉസ്മാനിയ മെഡിക്കൽ കോളേജിൽ നേഴ്സിംഗ്പഠനം പൂർത്തിയാക്കി. ആതുരസേവന രംഗത്തു മികച്ച മാതൃകയായിരുന്ന ഇന്നസെന്റമ്മ രോഗികളുടെയും അവരുടെ വീട്ടുകാരുടെയും നാട്ടുകാരുടെയും ആദരവിനു പാത്രീഭവിച്ചു.

പാലാരൂപതവക കൊഴുവനാൽ ഫാത്തിമാമാതാ മിഷൻ ഹോസ്പിറ്റലായിരുന്നു ഇന്നസെന്റമ്മയുടെ ആദ്യശുശ്രൂഷാരംഗം. പിന്നീട് മേലുകാവ് ഇടവകയുടെ കീഴിലുള്ള അസംപ്ഷൻ ഹോസ്പിറ്റലിൽ നേഴ്സിങ് സൂപ്രണ്ടായി ചാർജെടുത്തു. 1961-ൽ എസ്.എച്ച്. സന്ന്യാസിനീസമൂഹം ചക്കാമ്പുഴ എസ്.എച്ച്. ഹോസ്പിറ്റൽ ആരംഭിച്ചപ്പോൾ ആദ്യത്തെ നേഴ്സിംഗ് സൂപ്രണ്ടാകാൻ നിയോഗം ലഭിച്ചതും ഇന്നസെന്റമ്മയ്ക്കായിരുന്നു.

പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ചതിനാൽ എല്ലായിടത്തും എല്ലാക്കാര്യത്തിലും സർവ്വശക്തനായ ദൈവത്തിന്റെ കരബലം പ്രകടമായിരുന്നു. ഏതാണ്ട് ഇരുപതു വർഷത്തോളം ചക്കാമ്പുഴയിൽ വിവിധ രംഗങ്ങളിൽ മിഷനറിയായി പ്രവർത്തിച്ചു. അനേകം രോഗികൾക്ക് അത്താണിയും ആശ്രയവുമായി. മഠത്തിന്റെ സുപ്പീരിയറായും രോഗികൾക്കായി ആരംഭിച്ച എസ്.എച്ച്. ഭവന്റെ ആദ്യഡയറക്ടറായും തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ ജനറൽ കൗൺസിലറായും ആതുരശുശ്രൂഷയോടൊപ്പംതന്നെ സേവനമനുഷ്ഠിച്ചു.

മാരകമായ കാൻസർ ബാധിച്ചപ്പോഴും പ്രാർത്ഥനയെന്ന മരുന്നല്ലാതെ മറ്റൊന്നും അമ്മയ്ക്കു കൂട്ടായി ഉണ്ടായിരുന്നില്ല. ഓപ്പറേഷൻ നിർദ്ദേശിക്കപ്പെട്ടപ്പോൾ ദൈവത്തെ പരീക്ഷിച്ച് ഒന്നും ചെയ്യേണ്ട എന്ന തീരുമാനത്തിൽ ഉറച്ചുനിന്നു. ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ മധ്യസ്ഥതയാൽ കാൻസർ സുഖപ്പെട്ടുവെന്നുമാത്രമല്ല, മുപ്പത്തഞ്ചു വർഷം പഴക്കമുള്ള രോഗത്തിന്റെ ലക്ഷണങ്ങൾ പിന്നീടൊരിക്കലും കണ്ടില്ല എന്നതും അദ്ഭുതമായി കണക്കാക്കപ്പെടുന്നു.

‘അനാഥർക്ക് അമ്മയാകുക’ എന്ന സ്ഥാപകപിതവിന്റെ ആഹ്വാനം ഇന്നസെന്റമ്മയെ സംബന്ധിച്ച് അന്വർത്ഥമായത് കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിലെ ശുശ്രൂഷാനാളുകളിലായിരുന്നു. ഒരേ സമയം എട്ടും പത്തും കുഞ്ഞുങ്ങൾ - ജനിച്ചിട്ട് ഒരു ദിവസം മുതൽ ഒരു വയസ്സുവരെയുള്ളവർ - ഇന്നസെന്റമ്മയുടെ സ്നേഹത്തിനും പരിലാളനയ്ക്കും പാത്രീഭൂതരായി. ദൈവമഹത്ത്വവും ആത്മാക്കളുടെ രക്ഷയും സ്വയം വിശുദ്ധീകരണവും ജീവിതലക്ഷ്യമാക്കിയിരുന്ന ഇന്നസെന്റമ്മ താൻ നിയോഗിക്കപ്പെട്ട പ്രേഷിതമണ്ഡലങ്ങളിലൊക്കെ ആത്മാർത്ഥതയോടെ അദ്ധ്വാനിച്ചു.

നേതൃത്വവാസന, സരസമായ സംസാരം, അതിഥിസൽക്കാരപ്രിയം, ആഴമായ ദൈവാശ്രയബോധം, അന്യൂനമായ നിയമപാലനം ഇവയെല്ലാം ഇന്നസെന്റമ്മയുടെ പ്രത്യേകതകളാണ്.

‘മറ്റൊരു മദർ തെരേസ’ എന്നു വിശേഷിപ്പിക്കത്തക്കവിധം ഒരിക്കലും വറ്റാത്ത കാരുണ്യത്തിന്റെ ഒരു കടൽ ഇന്നസെന്റമ്മയുടെ നെഞ്ചിൽ ഇരമ്പിയിരുന്നു. പ്രമേഹവും പ്രായാധിക്യവും മൂലം ചക്കാമ്പുഴ എസ്.എച്ച്. ഭവനിൽ വിശ്രമജീവിതം നയിക്കുമ്പോഴും അനേകരുടെ ആവലാതികൾക്ക് കാവലാളാവുകയാണ് പ്രാർത്ഥനയിലൂടെ ഇന്നസെന്റമ്മ. ദൈവമഹത്ത്വത്തിനായിമാത്രം ജീവിതം സമർപ്പിച്ച ഇന്നസെന്റമ്മ കരുണാർദ്രസ്നേഹത്തിന്റെ പ്രവാചികതന്നെയാണ്.

■

# വഴി തെറ്റിക്കുന്ന മൊബൈൽ



ഫാ. ജോസഫ് നെച്ചിക്കാട്ട്

**തി**രുവനന്തപുരം പോത്തൻകോടു സ്വദേശിനി 23 കാരിക്കാണ് ആ അബദ്ധം പിണഞ്ഞത്. ആൾ ഒരു എം.ടെക് ബിരുദധാരിണിയാണെങ്കിലും മൊബൈൽ ഫോണിലൂടെ പരിചയപ്പെട്ട കൂത്തുപറമ്പുകാരൻ ഹംസയുമായി അങ്ങേയറ്റം അടുപ്പത്തിലായി, പ്രണയത്തിലുമായി. ഒരു വർഷത്തോളം നീണ്ടുനിന്ന കടുത്ത പ്രണയം! അവസാനം അവൻ ആവശ്യപ്പെട്ടതനുസരിച്ച് ഒരു ദിവസം അവൾ വീടുവിട്ടിറങ്ങി കൂത്തുപറമ്പിലെത്തി.

പുലർച്ചെ ഒറ്റയ്ക്കു ദീർഘനേരം കൂത്തുപറമ്പു ടൗണിൽ ക്കണ്ട യുവതിയെ പോലീസ് ചോദ്യം ചെയ്തു. ഹംസ എന്ന യുവാവിനെ പ്രതീക്ഷിച്ചായിരുന്നു ആ കാത്തിരിപ്പ് എന്നു പോലീസിനു വ്യക്തമായി. തുടർന്ന് ഹംസയെ പോലീസ് വിളിച്ചുവരുത്തിയപ്പോഴാണ് ആൾ യുവാവല്ല, എഴുപതു കഴിഞ്ഞ കിഴവനാണ് എന്നു യുവതി മനസ്സിലാക്കുന്നത്. അതോടെ, അവൾ ആകെ തളർന്നുവീണു പോയത്രേ.

മൊബൈൽഫോണിലൂടെയും ഫെയ്സ് ബുക്കിലൂടെയും മറ്റും വഞ്ചിക്കപ്പെടുന്ന എത്രയെത്ര പെൺകുട്ടികൾ! ഫോണിലൂടെ കേൾക്കുന്ന മൃദുലസ്വരം, തന്നെ ജീവനെക്കാളും സ്നേഹിക്കുന്ന ഒരു യുവകോമളന്റേതാണെന്നു ലോകമെന്തെന്നറിയാത്ത നിഷ്കളങ്ക ധരിച്ചുവശാകുന്നു.

കാമുകന്റെ വാക്കുകേട്ട് ഇതു തന്നെ സന്തുഷ്ടജീവിതം എന്നു കരുതി ആരോടും പറയാതെ അവൾ വീടുവിട്ടിറങ്ങും. പരസ്പരം കണ്ടുമുട്ടി ബന്ധപ്പെട്ടു കഴിയുമ്പോഴാണ് താൻ ചതിക്കപ്പെടുകയായിരുന്നു എന്ന തിരിച്ചറിവു കൈവരുന്നത്. അപ്പോഴേക്കും വളരെ വൈകിയിരിക്കും -എല്ലാം സംഭവിച്ചുകഴിഞ്ഞിരിക്കും.

കബളിപ്പിക്കപ്പെടുന്നതത്രയും പെൺകുട്ടികളാണത്രേ. തന്നെ വിളിക്കുന്നവൻ ഏതു തരക്കാരനാണ്, എന്തായിരിക്കും അവന്റെ ഉള്ളിലിരിപ്പ് എന്നൊന്നും ചിന്തിക്കാതെയാണ് പാവങ്ങൾ എടുത്തുചാടുക.

ഇതാ, തിരുവനന്തപുരംകാരിയെപ്പോലെ അപകടത്തിൽ ചാടിയ ഒരു തരിയോടുകാരി (വയനാട്). പല പ്രാവശ്യം മൊബൈലിലൂടെയും പിന്നീടു നേരിട്ടും പരിചയപ്പെട്ട ഒരു മുഹമ്മദുമായി അവൾ കലശലായ പ്രണയത്തിലായി. ഒരു ദിവസം അവൻ ക്ഷണിച്ചപ്പോൾ എല്ലാം മറന്ന് അവൾ അവനോടൊപ്പം പോയി- നേരേ തിരുനെല്ലിയിലേക്ക്.

വെള്ളമുണ്ട വച്ചു വേറൊരുവൻകൂടി വാഹനത്തിൽ കയറിയപ്പോഴും അവൾ മറ്റൊന്നും ചിന്തിച്ചില്ല. പക്ഷേ, വാഹനം കാട്ടിക്കുളം കഴിഞ്ഞു കാട്ടിലെത്തിയപ്പോൾ അതു സംഭവിച്ചു. രണ്ടുപേരുംകൂടി അവളെ ബലാത്സംഗം ചെയ്തു കൊലപ്പെടുത്തി കാട്ടിലുപേക്ഷിച്ചു!

പുരുഷന്റെയും സ്ത്രീയുടെയും പ്രതീക്ഷകൾക്കു തമ്മിൽ വ്യത്യാസമുണ്ട്. അവൾ കാംക്ഷിക്കുന്നത് ഒരു ജീവിതമാണ്. അവന്റെ സ്നേഹവും സംരക്ഷണവുമാണ്. പക്ഷേ, അവൻ ലക്ഷ്യം വയ്ക്കാറുള്ളത് അവളുടെ ശരീരവും സൗന്ദര്യവുമാണ്-കൂട്ടത്തിൽ സ്വർണ്ണവും. എല്ലാം കഴിയുമ്പോഴാണ് അവൾക്കു സുബോധമുണ്ടാവുക (ലൂക്കാ. 15:17). പെൺകുട്ടികൾ ഒരിക്കലും മറന്നുപോകരുതാത്ത ഒരു പഴമൊഴിയുണ്ട്.

ഇല മുള്ളിൽ വീണാലും
മുള്ള് ഇലയിൽ വീണാലും,
പരുക്ക് ഇലയ്ക്കു തന്നെ.

നിർഭാഗ്യകരമായ ചില വിവാഹബന്ധങ്ങളിലേക്കു വലിച്ചിഴയ്ക്കപ്പെടുന്നിടത്തും മൊബൈൽ ഫോണിനു പങ്കുണ്ട്.

വടക്കേ വയനാടിന്റെ തലസ്ഥാനത്തു വച്ചുനടന്ന ഒരു കല്യാണം ഒന്നാന്തരം ഉദാഹരമാണ്. ഒരു യുവാവിന് ഒരിടത്തുനിന്നും ഒരു കല്യാണവും ശരിയാകുന്നില്ല. സ്ഥിരം മദ്യപാനവും അത്യാവശ്യം ദുർന്നടപ്പും ഉള്ളവനുമായി ഒരു വിവാഹബന്ധത്തിന് ആരും തയ്യാറല്ലെന്നതാണു കാരണം. വർഷങ്ങൾ അങ്ങനെ നീണ്ടുപോയി.

ഒരിക്കൽ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പെൺകുട്ടിയുടെ വീട്ടിൽ അവൻ ചെന്നു. സൗന്ദര്യവും കുടുംബപാരമ്പര്യവുമുള്ള നല്ലൊരു പെൺകുട്ടി. പക്ഷേ, പതിവുപോലെ അവളും അവളുടെ കുടുംബാംഗങ്ങളും പിൻവാങ്ങി. യുവാവിന്റെ മദ്യപാനവും ദുർന്നടപ്പും അവരുടെയും ശ്രദ്ധയിൽപ്പെട്ടിരുന്നു.

ചിലരുടെയൊക്കെ പ്രേരണപ്രകാരം രണ്ടാം പ്രാവശ്യവും അവൻ അവളെ കാണാൻ ചെന്നു, പുതിയൊരു തന്ത്രവുമായി. അവൾക്കും കുടുംബാംഗങ്ങൾക്കും യാതൊരു മാറ്റവുമില്ലെന്നറിഞ്ഞ യുവാവ് ഒരു മൊബൈൽഫോൺ അവൾക്കു സമ്മാനിച്ചു. അവൾ വാങ്ങാതിരുന്നതുകൊണ്ട് അത് അവിടെ വച്ചിട്ടുപോന്നു. കുറെക്കഴിഞ്ഞപ്പോൾ ബല്ലടിക്കുന്ന ശബ്ദം -പിന്നെയും പിന്നെയും... അവൾ ഫോൺ കൈയിലെടുത്തു: "എന്റെ ഓമനേ, നിനക്കെന്താണ് എന്നോട് ഇത്ര ഇഷ്ടക്കുറവ്? കൺമണി നീയെന്റെ കരളാണ്...!"

അതു പല പ്രാവശ്യമായപ്പോൾ അവൾക്ക് ചെറിയൊരു അടുപ്പം! ക്രമേണ അതു വളർന്നു. പക്ഷേ, മാതാപിതാക്കൾ വിലക്കി: "അതു പാടില്ല; അവൻ മോശമാണ്..."

"ഈ മാതാപിതാക്കൾക്ക് ഇന്നത്തെ ജീവിതത്തെക്കുറിച്ച്, സുഖങ്ങളെക്കുറിച്ച് എന്തറിയാം?" അവൻ തിരുത്തിക്കൊടുത്തു. വീണ്ടും ക്ഷണം: "നീ എന്റെ കൂടെ വാ." മാതാപിതാക്കളുടെ സർവ്വ എതിർപ്പുകളെയും അവഗണിച്ചുകൊണ്ട് അവൾ അവനെ വിവാഹം കഴിച്ചു; അവനോടൊപ്പം പോയി.

അധികം താമസിയാതെ അവൾ ഗർഭിണിയായി - അതോടെ അവന്റെ മട്ടു മാറി. മൊബൈൽ ഫോൺ അവൻ തിരികെ വാങ്ങി. അവന്റെ പെരുമാറ്റം പഴയതിനെക്കാൾ പിഴയായി. 'എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാ'മെന്നു പറഞ്ഞു പിണങ്ങി സ്വന്തം വീടുവിട്ടിറങ്ങിയവൾ ഇനി എവിടെപ്പോകും?



ഇങ്ങനെ പെട്ടുപോകുന്ന എത്രയെത്ര ജീവിതങ്ങൾ! കുഴിയിൽ വീണുകഴിയുമ്പോഴാണ് ഇനി കയറാനാവില്ല എന്നു മനസ്സിലാവുന്നത്. പറഞ്ഞിട്ടെന്തു കാര്യം? -എല്ലാം കഴിഞ്ഞു!

മൊബൈൽഫോണുകൾ ഇത്രയേറെ അപകടകാരികളാണെന്ന് അധികംപേരും തിരിച്ചറിയുന്നില്ല. ജീവിതത്തിന്റെ നടുമുറ്റത്തേക്കു കാലൂന്നിയിറങ്ങുന്ന കാലഘട്ടങ്ങളിൽ വമ്പൻപ്രതീക്ഷകളോടെ മാതാപിതാക്കൾ വളർത്തിക്കൊണ്ടുവരുന്ന പലരും മൊബൈൽഫോണുകളിൽ, ഇന്റർനെറ്റിന്റെ വലക്കണ്ണികളിൽ കുടുങ്ങിപ്പോകുന്ന രംഗങ്ങൾ! ഇവിടെയാണ് തിരുവചനം പ്രസക്തമാകുന്നത്:

"മകനേ, നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക; മാതാവിന്റെ ഉപദേശം തിരസ്കരിക്കരുത്" (സുഭാ. 1:8-9)

'കൗമാരത്തിന്റെ ചക്രവാള'ങ്ങളിലേക്കു കടക്കുന്നവർ ഒരിക്കലും മറക്കരുതാത്ത ഒരു കാര്യമുണ്ട്:

"മിന്നുന്നതെല്ലാം പൊന്നല്ല."

☐

# അഗസ്ത്യായനം

11-ാം പേജ് തുടർച്ച

അവർ മുൻവാതിലിന്റെ ഓടാമ്പൽ നീക്കി. കുഞ്ഞച്ചൻ അകത്തുകടന്നു.

"വന്നു വണ്ടിയിൽ കേറ്." കുഞ്ഞച്ചൻ അത്രമാത്രം റോസമ്മയോടു പറഞ്ഞു.

റോസമ്മ ശബ്ദിച്ചില്ല. വിസമ്മതിച്ചില്ല. അനുസരണയോടെ ജീപ്പിൽ കയറി.

മടക്കയാത്രയിൽ ആരും ഒന്നും സംസാരിച്ചില്ല. വണ്ടിയുടെ മുരൾച്ചയും റോസമ്മയുടെ തേങ്ങലുകളും മാത്രം ഉയർന്നുതാണു.

രാത്രി സാന്ദ്രമായിരുന്നു. ആകാശം മേഘാവൃതമായിരുന്നു. അത് ഉഷ്ണം പെയ്തുകൊണ്ടിരുന്നു. ഒരു കാറ്റുപോലും എവിടെനിന്നും വീശിയില്ല.

റോസമ്മ ആകെ കലങ്ങിമറിഞ്ഞിരുന്നു. കൊലമരത്തിലേക്ക് എന്നപോലെയായിരുന്നു അവൾക്ക് ആ യാത്ര. തന്നെ എവിടേക്കാണു കൊണ്ടുപോകുന്നതെന്നോ എന്താണ് കുഞ്ഞച്ചനും കൂട്ടരും തന്നോടു ചെയ്യുകയെന്നോ റോസമ്മയ്ക്കു നിശ്ചയമുണ്ടായിരുന്നില്ല.

ഭയം ഒരു നിശാവസ്ത്രംപോലെ അവളെ ഗ്രസിച്ചിരുന്നു. അവൾ വിറങ്ങലിച്ച ശരീരത്തോടും ആശങ്കകൾ തിരമറിയുന്ന മനസ്സോടും ജീപ്പിൽ നിശ്ശബ്ദം ഇരുന്നു.

എവിടെയോ വണ്ടി നിന്നു. അത് എവിടെയാണെന്നു നിശ്ചയമുണ്ടായിരുന്നില്ല.

"റോസമ്മ ഇറങ്ങ്." കുഞ്ഞച്ചൻ പറഞ്ഞു.

ചെറുപ്പക്കാർക്കു പിന്നാലെ റോസമ്മ ഇറങ്ങി. കുഞ്ഞച്ചൻ ടോർച്ച് മിന്നിച്ച് മുൻപിൽ നടന്നു. കുഞ്ഞച്ചനു പിന്നാലെ റോസമ്മയും ചെറുപ്പക്കാരും.

താമസംവിനാ ഒരു ഒറ്റമുറി വീടിന്റെ വാതിൽ തുറന്ന് കുഞ്ഞച്ചൻ അകത്തുകയറി വെട്ടം തെളിച്ചു.

"ഇന്ന് റോസമ്മ ഇവിടെ കെടന്നുറങ്ങ്...." കുഞ്ഞച്ചൻ പറഞ്ഞു. റോസമ്മ അമ്പരന്നു. അവളുടെ ഭയം ഇരട്ടിച്ചു. അവൾ വിളറി. വിറച്ചു.

"പേടിക്കണ്ട. വെളുക്കുംവരെ ഇവർ പുറത്തു കാവലുണ്ടാകും." പിന്നെ പുറത്തുനിന്നു വാതിൽ പൂട്ടി ചെറുപ്പക്കാരിൽ രണ്ടു പേരോട് കുഞ്ഞച്ചൻ പറഞ്ഞു:

"പുറത്ത് നിങ്ങൾ കാവലുണ്ടാകണം. നാളെ ഞങ്ങളു വരുന്നതു വരെ."

അവർ സമ്മതിച്ചു. ബാക്കി രണ്ടുപേരെയും കൂട്ടി കുഞ്ഞച്ചൻ പള്ളിയിലേക്കു തിരിച്ചു. രാമപുരത്ത് പള്ളിമൈതാനത്തിനു താഴെ ജീപ്പ് നിറുത്തി.

"രാവിലെ നിങ്ങൾ പള്ളിയിലേക്കു വരണം കാര്യമുണ്ട്." ചെറുപ്പക്കാർ എന്തിനും തയ്യാറായിരുന്നു. അവർ പറഞ്ഞു: "ഞങ്ങള് വരാം കുഞ്ഞച്ചാ." പിന്നെ അവർ ഇരുട്ടു നീന്തി. അവരവരുടെ വീടുകളിലേക്ക്.

കുഞ്ഞച്ചൻ പള്ളിമുറിയിലെത്തി. ചെറുതായൊന്നു കുളിച്ചു. ശരീരത്തിന് ഒരു തണുപ്പ്. ഒരു കുളിർമ്മ. ഒരു ഗ്ലാസ് കാപ്പിയുണ്ടാക്കിക്കുടിച്ചു. നേരിയൊരു ഉന്മേഷം.

ഇനി ഉറങ്ങാനുള്ള നേരമില്ല. ശരീരത്തിന്റെ സന്ധിബന്ധങ്ങളിൽ നൊമ്പരമനുഭവപ്പെടുന്നു. ജീപ്പിലിരുന്ന് കുണ്ടുംകുഴിയും ചാടി യാത്ര ചെയ്തതുകൊണ്ടാവാം. നേരിയ തലവേദന തോന്നുന്നു.

എങ്കിലും കുഞ്ഞച്ചൻ ഇത്തിരിനേരം കിടക്കാമെന്നു കരുതിയില്ല. ജപമാലയെത്തിക്കാനാരംഭിച്ചു. ഒരു വട്ടമല്ല. രണ്ടുമൂന്നുവട്ടം. അപ്പോഴേക്കും കിഴക്കൻചക്രവാളത്തിൽ പുലരി പൂത്തു.

കുഞ്ഞച്ചൻ പള്ളിയിലേക്കു നടന്നു. കുമ്പസാരവും കുർബാനയും കഴിഞ്ഞിറങ്ങുമ്പോഴേക്കും ചെറുപ്പക്കാർ രണ്ടുപേരും പള്ളിമുറ്റത്തെത്തിയിരുന്നു. അവരോടു കുഞ്ഞച്ചൻ പറഞ്ഞു:

"നമുക്ക് പൗലോസിന്റെ മാടം വരെ ഒന്നു പോകണം."

ചെറുപ്പക്കാരോടൊപ്പം ഉപദേശിയും ചേർന്നു. അവർ പൗലോസിന്റെ കൂരയ്ക്കു മുൻപിലെത്തി വിളിച്ചു:

"പൗലോസേ..."

ഭാഗ്യം, പൗലോസ് അവിടെയുണ്ടായിരുന്നു. അയാൾ ഇറങ്ങിവന്നു. പിന്നാലെ അയാളുടെ അപ്പനും അമ്മയും.

പൗലോസ് ആകെ മുഷിഞ്ഞിരുന്നു. അശരണനായ ഒരാത്മാവായിരുന്നു അവനപ്പോൾ. ചിറകുകൾ തളർന്നുപോയ, ആകാശം നഷ്ടപ്പെട്ട ഒരു പക്ഷി. അവൻ വല്ലാതെ വ്യഥിതനാണെന്ന് കുഞ്ഞച്ചൻ കണ്ടു. എങ്കിലും കുഞ്ഞച്ചൻ ചോദിച്ചു: "എവിടെ നിന്റെ കെട്ടിയോള്...?"

ഒരു വാൾ വന്ന് അവന്റെ ഹൃദയത്തെ പിളർന്നുകളഞ്ഞു. അമർത്തിപ്പിടിച്ച ഒരു തേങ്ങൽ ചുണ്ടുകൾക്കിടയിലൂടെ പുറത്തേക്കു തൂവിപ്പോയി. എങ്കിലും അതടക്കിപ്പിടിക്കാൻ അവൻ വൃഥാ പണിപ്പെട്ടു.

പൗലോസിന് റോസമ്മയെ ഇഷ്ടമായിരുന്നു. ആദ്യമായി കണ്ടപ്പോൾത്തന്നെ അയാൾക്ക് അവളെ ഇഷ്ടമായി. പൗലോസിനു മാത്രമല്ല ആർക്കും റോസമ്മയെ ഇഷ്ടമാകും. അത്രയ്ക്കുണ്ടായിരുന്നു അവളുടെ ചന്തം.

കല്യാണം കഴിഞ്ഞ് ഓരോ ദിവസം കഴിയുംതോറും അവനു ബോധ്യം വന്നുകൊണ്ടിരുന്നു. താൻ റോസമ്മയ്ക്കു ചേർന്നവനല്ലെന്ന്. റോസമ്മയുടെ ആഗ്രഹത്തിനനുസരിച്ചുള്ള ഒരു ഭർത്താവാകാൻ തനിക്കു കഴിയുകയില്ലെന്ന്.

മേടയിലെ കൊച്ചുതമ്പ്രാട്ടിയുടെ മട്ടും ഭാവവുമായിരുന്നു റോസമ്മയ്ക്ക്. അവൾ വേലയ്ക്കു പോകാറില്ല. ദേഹത്തു മണ്ണുപുരളുന്നത് റോസമ്മയ്ക്ക് ഇഷ്ടമായിരുന്നില്ല.

ദിവസവും രണ്ടുനേരം റോസമ്മ കുളിക്കും. തോട്ടിറമ്പിലെ കൈതോലക്കടവിൽ അരമുണ്ട് മാത്രം ചുറ്റി അവൾ മുങ്ങിനിവരും. കുളിക്കുമ്പോഴും കുളികഴിഞ്ഞും റോസമ്മയിൽനിന്നു വാസനസോപ്പിന്റെ സുഗന്ധം പ്രസരിക്കും. ചാന്ത്കുത്തി, കണ്ണെഴുതി, സുഗന്ധം വിതറി റോസമ്മ പകൽനേരങ്ങളിൽ കുന്നിൻ ചെരുവിലെ ഇടവഴികളിലൂടെ നടക്കും.

അവളുടെ സുഗന്ധത്തിൽ, അവളുടെ മെയ്യഴകിൽ, അവളുടെ കണ്ണേറിൽ താഴ്‌വര മയങ്ങി. താഴ്‌വരയിലെ ചെറുപ്പക്കാരും.

*(തുടരും)*



ജൂലൈ 12
ശ്ലീഹാക്കാലം
ഏഴാം ഞായർ



നിയ 4:10–14
ഏശ 5:8–20
1 കോറി 16:1–14
ലൂക്കാ 13:22–30

ഡോ. സെബാസ്റ്റ്യൻ
കുറ്റിയാനിക്കൽ

# ആരാധന സത്യദൈവത്തിനുമാത്രം



**വാ**ഗ്ദത്തനാട്ടിലേക്കു പ്രവേശിക്കാൻ തയ്യാറായി മൊവാബ് താഴ്‌വരയിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഇസ്രായേൽജനത്തിന്റെ പക്കൽ തങ്ങൾ മരുഭൂമിയിലൂടെ കടന്നുപോന്ന സംഭവങ്ങൾ വിവരിക്കുന്ന മോശ, പുറപ്പാടു പുസ്തകം: 19,16–25 വചനങ്ങളിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ അനുസ്മരിക്കുന്നതാണ് ഇന്നത്തെ ആദ്യവായന (നിയമ. 4:10–24). കല്പനകൾ നല്കുന്നതിനായി സീനായ്മലയിൽ ദൈവം പ്രത്യക്ഷപ്പെടുന്നതാണ് പ്രതിപാദ്യം. പുറപ്പാടു പുസ്തകത്തിൽ സീനായ്മല (19:14) എന്നു വിളിക്കുന്നതുതന്നെയാണ് നിയമാവർത്തനഗ്രന്ഥത്തിൽ ഹോറെബ് എന്നു പറഞ്ഞിരിക്കുന്നത്. വ്യത്യസ്ത പാരമ്പര്യത്തിൽ ഒരേ മലയെക്കുറിച്ചു പറയുന്നതാണ് രണ്ടു പേരുകളും.

ഇസ്രായേൽജനത്തിനു കല്പനകൾ നല്കുന്നതിനുവേണ്ടിയാണ് ദൈവം ഇറങ്ങിവരുന്നത്. ദൈവത്തിന്റെ സാന്നിധ്യത്തെ അവതരിപ്പിക്കുന്നതാണ് അഗ്നിയും അന്ധകാരവും ഇരുണ്ട കാർമേഘങ്ങളുമെല്ലാം. ദൈവം നേരിട്ടെത്തി കല്പനകൾ നല്കുന്നതിലൂടെ അതിന്റെ പ്രാധാന്യമാണ് എടുത്തുകാണിക്കുന്നത്. അദൃശ്യനും അരൂപിയുമായ ദൈവത്തെയാണ് ഇവിടെ വെളിപ്പെടുത്തുന്നത്. അതിനാൽത്തന്നെ ദൈവത്തിന്റെ സ്ഥാനം നല്കി എന്തെങ്കിലും വിഗ്രഹങ്ങൾ ഉണ്ടാക്കുന്നത് ശക്തമായി എതിർക്കുന്നു. അദൃശ്യനായ ദൈവത്തിനു ദൃശ്യമായ രൂപം നല്കുവാൻ ആർക്കും സാധിക്കുകയില്ലാത്തതിനാൽത്തന്നെ ദൈവത്തിന്റെ സ്ഥാനം നല്കി എന്തെങ്കിലും വിഗ്രഹങ്ങൾ ഉണ്ടാക്കുന്നത് വചനം വിലക്കുന്നു. സൂര്യൻ, ചന്ദ്രൻ, ആകാശഗോളങ്ങൾ, സ്ത്രീ, പുരുഷൻ തുടങ്ങി എന്തിന്റെയെങ്കിലും വിഗ്രഹങ്ങൾ ഉണ്ടാക്കി ദൈവമായി ആരാധിക്കുന്നതു വലിയ തെറ്റാണെന്നു വചനം പറയുന്നു. കത്തോലിക്കാസഭയിലുള്ള രൂപങ്ങളെക്കുറിച്ച് ഇത്തരുണത്തിൽ ചോദ്യങ്ങളുണ്ടാവുക സ്വാഭാവികമാണ്. സഭയിൽ ഒരു രൂപവും ഉണ്ടാക്കുന്നത് ദൈവത്തിന്റെ സ്ഥാനം നല്കിക്കൊണ്ടല്ല. അവയെല്ലാം ഒരു ആശയസംവേദനത്തിനായി ഉപയോഗിക്കുന്ന മാർഗങ്ങൾ മാത്രമാണ്. അവ വിഗ്രഹങ്ങളല്ല. നിയമാവർത്തനപ്പുസ്തകത്തിൽത്തന്നെ ദൈവം പ്രത്യക്ഷനായി എന്ന ആശയം വ്യക്തമാക്കുന്നതിനാണ് അഗ്നിയും മേഘവും അന്ധകാരവുമെല്ലാം അവതരിപ്പിക്കുന്നത്; അവയൊന്നും ദൈവമല്ല. വിഗ്രഹങ്ങൾ എന്നു പറഞ്ഞാൽ “വിശേഷാൽ ഗ്രഹിക്കുവാൻ സാധിക്കുന്നത്” എന്നാണ്. ഈ അർത്ഥത്തിൽ ഒരു രൂപവും കത്തോലിക്കാസഭയിൽ വണങ്ങുന്നില്ല, വണങ്ങുവാൻ പാടുമില്ല. ഏതെങ്കിലും രൂപങ്ങൾ വിശിഷ്യാ ഗ്രഹിക്കുവാൻ സാധിക്കുന്നു എന്നുപറഞ്ഞാൽ അത് കത്തോലിക്കാപ്പഠനങ്ങൾക്കു വിരുദ്ധവുമാണ്. പ്രാചീനമനുഷ്യർ സൂര്യനെയും ചന്ദ്രനെയും ആകാശഗോളങ്ങളെയും മറ്റു പ്രകൃതിശക്തികളെയുമൊക്കെ ദൈവങ്ങളായിക്കരുതി അവയുടെ ബിംബങ്ങൾ ഉണ്ടാക്കി ആരാധിച്ചിരുന്നു. അവയെല്ലാം സൃഷ്ടവസ്തുക്കൾ മാത്രമാണെന്നും ദൈവങ്ങളല്ലെന്നും പഠിപ്പിക്കുകയാണ് ഇസ്രായേലിനു നല്കിയ അതിസ്വാഭാവികമായ വെളിപ്പെടുത്തലുകളിലൂടെ ദൈവം ചെയ്തത്. പഞ്ചഗ്രന്ഥത്തിന്റെ (തോറാ) പ്രധാന ലക്ഷ്യം സത്യദൈവത്തെ വെളിപ്പെടുത്തുകയും ആ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നു പഠിപ്പിക്കുകയും ദൈവമല്ലാത്തവയെ ആരാധിക്കരുത് എന്നു നിഷ്കർഷിക്കുകയുമാണ്.

ഇപ്രകാരം ഇസ്രായേലിനു നിയമം നല്കിയപ്പോൾ ദൈവം അവരിൽനിന്നാവശ്യപ്പെട്ടത് അവർ ആ നിയമങ്ങൾ പാലിക്കണമെന്നും വരുംതലമുറയെ പഠിപ്പിക്കണമെന്നുമായിരുന്നു (നിയമ 4:10). അതിനാൽത്തന്നെ വാഗ്ദത്തനാട്ടിൽ പ്രവേശിച്ചുകഴിയുമ്പോൾ ആ നിയമങ്ങൾ നിഷ്ഠയോടെ പാലിക്കണമെന്നാണ് മോശ ജനത്തെ ഉപദേശിക്കുന്നത്. കാരണം, ഈജിപ്തിലായിരുന്ന ഇസ്രായേൽ ജനം അവിടെ ദൈവമായിക്കരുതിയിരുന്ന കാളക്കുട്ടിയെയും തങ്ങളുടെ ആരാധനാമൂർത്തിയാക്കിത്തുടങ്ങിയിരുന്നു. ഈജിപ്തിൽനിന്നുമുള്ള മോചനം യഥാർത്ഥത്തിൽ അതിൽനിന്നുമുള്ള മോചനം കൂടിയായിരുന്നു. കാനാൻനാട്ടിൽ പ്രവേശിക്കുന്ന ഇസ്രായേൽജനം അവിടെ പ്രവേശിച്ചുകഴിയുമ്പോൾ ആ നാട്ടിലെ രീതിയനുസരിച്ച് ദൈവമല്ലാത്തവയെ ദൈവമായി ആരാധിച്ച് സത്യദൈവത്തിൽനിന്ന് അകന്നുപോകുവാൻ സാധ്യതയുണ്ട്. അതിനാലാണ് പത്തുകല്പനകളിൽ ഒന്നാമത്തെതായി, ‘‘സത്യദൈവത്തെമാത്രമേ ആരാധിക്കാവൂ” എന്ന കല്പന നല്കിയത്.

രണ്ടാമത്തെ വായനയിൽ ജനം അജ്ഞതമൂലം അടിമത്തത്തിലേക്കു പോകുന്നു എന്നാണ് ഏശയ്യാ പ്രവാചകൻ പറയുന്നത്. നിയമം പാലിക്കുവാനും അതു വരുന്ന തലമുറകളെ പഠിപ്പിക്കുവാനുമായിരുന്നു മോശ ആവശ്യപ്പെട്ടത്. എന്നാൽ, പുതുതലമുറയ്ക്ക് അതു പകർന്നുനല്കാതെ വന്നപ്പോൾ ജനം അജ്ഞതമൂലം അടിമത്തത്തിലേക്കു പോകുന്നു. ഇത് ഇസ്രായേൽ നേതാക്കന്മാരുടെ പരാജയമാണ്. ജനത്തിനു വേണ്ട ജ്ഞാനം പകർന്നുനല്കാതെ വന്നപ്പോൾ അവർ സത്യദൈവത്തെ ഉപേക്ഷിച്ച് ദൈവമല്ലാത്തവയുടെ പിന്നാലെ പോയി. ദൈവത്തിൽനിന്നകന്ന് ദൈവത്തെ അറിയാത്ത ജനമായി മാറി. അവർക്കുവരുന്ന നീതിപൂർവകമായ വിധിയെക്കുറിച്ചാണ് ഏശയ്യാ പ്രവാചകൻ പറയുന്നത്. ആ ജനത്തെ വീണ്ടെടുക്കുന്നതിന് കർത്താവിന്റെ പ്രവൃത്തി ആസന്നമായിരിക്കുന്നു എന്ന് അവൻ ഉദ്ബോധിപ്പിക്കുന്നു: “തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും വിളിക്കുന്നവനു ദുരിതം! പ്രകാശത്തെ അന്ധകാരമെന്നും അന്ധകാരത്തെ പ്രകാശമെന്നും ഗണിക്കുന്നവനു ദുരിതം! മധുരത്തെ കയ്പായും കയ്പിനെ മധുരമായും കരുതുന്നവനു ദുരിതം!’’ ജനത്തിന്റെ അജ്ഞതയാണ് ഈ വചനത്തിലൂടെ പ്രകടമാകുന്നത്. നമുക്കു ലഭിക്കുന്ന സത്യവിശ്വാസം ജീവിക്കുകയും അതു വരുന്ന തലമുറകളിലേക്കു കൈമാറി നല്കുകയും ചെയ്യുന്നില്ലെങ്കിൽ അജ്ഞത വളരുകയും ജനം വഴിതെറ്റുകയും ചെയ്യുന്നു. അത് അവരെ ആത്മീയാടിമത്തത്തിലേക്കു നയിക്കും.

ശ്ലീഹാക്കാലം അപ്പസ്തോലന്മാരുടെ പ്രവർത്തനഫലമായുള്ള സഭയുടെ വളർച്ചയെ അനുസ്മരിക്കുന്ന കാലമാണ്. ശ്ലീഹാക്കാലം അഞ്ചാം ഞായറാഴ്ച മൂന്നാമത്തെ വായനയിൽ പരിശുദ്ധാരൂപിയുടെ വിവിധ വരങ്ങളാൽ സഭയെ പണിതുയർത്തുവാനാണ് പൗലോസ് ശ്ലീഹാ ഓർമിപ്പിച്ചത് (1 കോറി. 14:1–12). ഇന്ന് വിശുദ്ധർക്കുവേണ്ടിയുള്ള ഭൗതികധനശേഖരണത്തിൽ ശ്രദ്ധയുണ്ടാകുന്നതിനെക്കുറിച്ചാണ് ശ്ലീഹാ പറയുന്നത്. വിശുദ്ധർ എന്ന് ഇവിടെ ശ്ലീഹാ വിളിക്കുന്നത് വിശ്വാസം സ്വീകരിച്ച ആദിമസഭാസമൂഹത്തെയാണ്. ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതുകയാണ്: “ഗലാത്തിയായിലെ സഭകളോട് ഞാൻ നിർദേശിച്ചതുപോലെ നിങ്ങളും ചെയ്യുക. നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ വരുമാനമനുസരിച്ച് ഒരു തുക കരുതിവയ്ക്കണം.” (1 കോറി. 16:2). അക്കാലത്ത് സഹനമനുഭവിച്ചിരുന്ന ജറുസലേമിലെ സഭയ്ക്കുവേണ്ടിയായിരുന്നു അത്. ആത്മീയവും ഭൗതികവുമായി സഭയുടെ വളർച്ചയ്ക്കുവേണ്ടി യത്നിക്കുന്ന പൗലോസ് ശ്ലീഹായെയാണ് നമുക്കു കാണുവാൻ സാധിക്കുന്നത്. ആത്മീയവസ്തുക്കളുടെ പങ്കുവയ്ക്കൽ നടത്തുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ആവശ്യക്കാരനുമായി ഭൗതികവസ്തുക്കൾ പങ്കുവയ്ക്കുന്നതെന്നും അപ്പസ്തോലൻ പഠിപ്പിക്കുകയാണ്.

വിശുദ്ധ സുവിശേഷഭാഗം ആരംഭിക്കുന്നത് പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് ഈശോ ജറുസലേമിലേക്കു പോകുകയായിരുന്നു എന്നു പറഞ്ഞുകൊണ്ടാണ്. ഈശോയുടെ ആഗമനത്തിന്റെ ലക്ഷ്യം ജറുസലേമാണ്. അവിടന്ന് ജറുസലേമിനെ ലക്ഷ്യം വച്ചാണ് എപ്പോഴും നടന്നിരുന്നത്. അവിടെയാണ് പീഡാനുഭവകുരിശുമരണഉത്ഥാനരഹസ്യങ്ങൾ നിറവേറിയത്. ഈശോ നമ്മോടു പ്രവേശിക്കുവാൻ ആവശ്യപ്പെടുന്നതും ജറുസലേമിലേക്കുള്ള വഴിയാണ്. അത് ഇടുങ്ങിയ വഴിയാണ്. അത് ദൈവപിതാവിന്റെ ഹിതം നിറവേറ്റുന്ന വഴിയാണ്. ആ വഴിയേ യാത്രചെയ്യുവാനാണ് ഈശോ വിളിക്കുന്നത്. ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ. ഇടുങ്ങിയ വാതിൽ ഈശോതന്നെയാണ്. അവിടന്നുതന്നെ പറഞ്ഞിട്ടുണ്ട്: ഞാനാണ് ആടുകളുടെ വാതിൽ. ആ വാതിലിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും (യോഹ 10:9). അവിടുന്നുതന്നെയാണ് വഴിയും സത്യവും ജീവനും (യോഹ 14:6).

ഒഴുക്കിൽപ്പെട്ട രണ്ടുവയസ്സുകാരി തെരേസയെ രക്ഷിച്ച സംഭവം

# കുട്ടിയെ രക്ഷിച്ചവർക്ക് സ്നേഹാദരം



*ഒഴുക്കിൽപ്പെട്ട രണ്ടുവയസ്സുകാരിയെ രക്ഷിച്ച കുട്ടികൾക്ക് പാലാ ബിഷപ്സ് ഹൗസിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ എന്നിവർ ചേർന്ന് ഉപഹാരം സമർപ്പിക്കുന്നു.*

പാലാ: മല്ലികശ്ശേരി പൊന്നൊഴുകുംതോടിനു സമീപം കൈത്തോട്ടിൽ വീണ് ഒഴുക്കിൽപ്പെട്ട കുറുപ്പുന്തറ മറ്റത്തിൽ ജോമിയുടെ മകൾ രണ്ടുവയസ്സുകാരി തെരേസയെ രക്ഷിച്ചത് നാലു വിദ്യാർത്ഥികൾ. എലിക്കുളം പാമ്പോലി കല്ലമ്പള്ളിൽ ആനന്ദ് സുഭാഷ്, മണ്ഡപത്തിൽ നിഖിൽ മാത്യു, കിണറ്റുകര ഡിയോൺ നോബി, സഹോദരൻ റെയോൺ നോബി എന്നിവരാണ് കുട്ടിയുടെ രക്ഷകരായത്.

മുന്നൂറു മീറ്ററോളം ദൂരമാണ് വെള്ളത്തിലൂടെ കുട്ടി ഒഴുകിയത്.



*തെരേസയുടെ ജീവൻ രക്ഷിച്ചവരെ പാലാ മരിയൻ മെഡിക്കൽ സെന്ററും മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷനും ചേർന്ന് ആദരിച്ച ചടങ്ങിൽ ആദരവ് ഏറ്റുവാങ്ങാനെത്തിയവർ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാണി സി. കാപ്പൻ എം.എൽ.എ. എന്നിവരോടൊപ്പം.*

ഇതേത്തുടർന്ന് കുട്ടിയുടെ വയറ്റിൽ വെള്ളവും ചെളിയും കയറിയിരുന്നു. കുട്ടിയെ കണ്ടപ്പോൾത്തന്നെ എടുക്കുകയും പ്രഥമശുശ്രൂഷ കൃത്യമായി നൽകുകയും ചെയ്തതുകൊണ്ടാണ് ആശുപത്രിയിൽ എത്തിച്ചപ്പോൾ രക്ഷിക്കാനായതെന്ന് കുട്ടിയെ ചികിത്സിച്ച മരിയൻ മെഡിക്കൽ സെന്ററിലെ ഡോ. അലക്സ് മാണി പറഞ്ഞു. പൈകയിലുണ്ടായിരുന്ന മാണി സി.കാപ്പൻ എം.എൽ.എ. കുട്ടിയെ ആശുപത്രിയിലെത്തിക്കുമ്പോൾ അനക്കമില്ലാത്ത അവസ്ഥയിലായിരുന്നു. തുടർന്നു ചികിത്സ നൽകി ജീവിതത്തിലേക്കു തിരികെക്കൊണ്ടുവരികയായിരുന്നുവെന്നു ഡോക്ടർ പറഞ്ഞു.

പാലാ സെന്റ് തോമസ് ഹൈസ്കൂളിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിയാണ് ആനന്ദ്. നിഖിൽ വിളക്കുമാടം സെന്റ് ജോസഫ്സ് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയും. ഡിയോണും റെയോണും ആനക്കല്ല് സെന്റ് ആന്റണീസിൽ യഥാക്രമം ആറും നാലും ക്ലാസിൽ പഠിക്കുന്നു.

**‘സൂപ്പർ ബോയ്സി’നെ പാലാ രൂപത ആദരിച്ചു**

രണ്ടുവയസ്സുകാരി തെരേസയെ രക്ഷിച്ച ആനന്ദ് സുബാഷ്, നിഖിൽ മാത്യു, ഡിയോൺ നോബി, സഹോദരൻ റെയോൺ നോബി എന്നിവരെ പാലാ രൂപത ആദരിച്ചു.

ബിഷപ്സ് ഹൗസിൽ നടന്ന ചടങ്ങിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടും സഹായമെത്രാൻ മാർ ജേക്കബ് മുരിക്കനും ചേർന്ന് ഉപഹാരം നൽകി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, പ്രോലൈഫ് പ്രസിഡന്റ് മാത്യു എം. കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് വെട്ടുകാട്ടിൽ, ബ്ര. സെബാസ്റ്റ്യൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെയും പ്രോലൈഫ് സമിതിയുടെയും നേതൃത്വത്തിലാണ് ചടങ്ങ് നടത്തപ്പെട്ടത്.

– ജോയി മുത്തോലി

---

രണ്ടു കവിതകൾ

പുത്തൻവേലിക്കര സുകുമാരൻ

## വിഷമവൃത്തം

കരിമുകിലേ, നിന്റെ കണ്ണീർക്കണങ്ങളിൽ
കവിത നെയ്യും മഴവില്ലെവിടെ?
മിഴികളിൽ നിത്യചൈതന്യത്തിൻ ധന്യമാ-
മഴകു വിടർത്തും വിളക്കെവിടെ?
ഹരിതസ്വപ്നങ്ങളെന്നാത്മാവിലായിരം
സ്വരജതി പാടിയുണർത്തിടുമ്പോൾ,
പുലരിതൻ ചായത്തളികയിൽ വർണ്ണങ്ങൾ
പലതോതിൽ കൂട്ടിക്കലർത്തിടുമ്പോൾ
ഒരു ചിത്രമെഴുതുവാനെൻ ചിത്രശാലയി-
ലൊരുമോഹകന്യയെന്നുള്ളിലെത്തി.
ഒരുപാടു ഞാൻ ശ്രമിച്ചെങ്കിലും മുഗ്ധമാ-
മൊരു ചിത്രം തീർക്കുവാനായിടാതെ
വിഷമവൃത്തത്തിലകപ്പെട്ടു ഞാനൊരു
വിഷയവും കിട്ടാതുഴന്നുപോയി!

## പ്രയാണം

ഈയിടവേളയുടെയർത്ഥം,
ഈയനന്തതയുടെയന്ത്യം
ഇതുവരെയറിഞ്ഞി,ല്ലറിയാൻ സമഗ്രമായ്
തുടരുന്നു ഞാനെന്റെ പ്രയാണം!

ഈ സാന്ദ്രനീലിമയിലൂടെ
ഈയത്യഗാധതയിലൂടെ
ഞാനന്തർവാഹിനിസമാനം കുതിക്കുന്നു
നിർന്നിദ്രവീഥികളിലൂടെ!

കണ്ണുനീർമുത്തിന്നൊളിയിൽ
കണ്ടു ഞാനൊരു തുള്ളിവെട്ടം;
പച്ചക്കൊടികണ്ട തീവണ്ടി പോലെ ഞാൻ
മുന്നോട്ടു പാഞ്ഞൂളിയിട്ടു!

എങ്ങും ദുരൂഹതകൾ മാത്രം!
എങ്ങുമപ്രാപ്യതകൾ മാത്രം;
എന്റെ ചങ്കൊരു ചെമ്പരത്തിച്ചെടിയുടെ-
യാരക്തമാം കനവു മാത്രം!

---

# കോവിഡ് 19 ആശ്വാസപദ്ധതികളുമായി പി.എസ്.ഡബ്ല്യു.എസ്.



ഡാന്റീസ് കൂനാനിക്കൽ

കൊറോണരോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നാടാകെ ലോക്ഡൗണിനു വിധേയമായപ്പോൾ ഏറെ സാമ്പത്തികക്ലേശം അനുഭവിക്കുന്നവർക്കു കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം ചെയ്തു. ഇടവകപ്പള്ളികളുടെ നേതൃത്വത്തിൽ കർഷകദള ഫെഡറേഷൻ, സ്വാശ്രയസംഘം എന്നിവയുടെ ആഭിമുഖ്യത്തിൽ ആയിരത്തോളം വീടുകൾക്ക് 500 രൂപ വിലയുള്ള ഭക്ഷ്യധാന്യക്കിറ്റുകൾ നല്കി. ഭക്ഷ്യധാന്യക്കിറ്റിന്റെ ഔപചാരികമായ വിതരണോദ്ഘാടനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടും ജോസ് കെ.മാണി എം.പി.യും സംയുക്തമായി നിർവഹിച്ചു.

കൊറോണ രോഗവ്യാപനം തടയുവാൻ ലക്ഷ്യം വച്ചുകൊണ്ട് പി.എസ്.ഡബ്ല്യു.എസ്. വിവിധ ഇടങ്ങളിൽ ഹാന്റ് വാഷ് യൂണിറ്റുകൾ ആരംഭിച്ചതു കൂടാതെ സാനിറ്റൈസറുകളും ലിക്വിഡ് സോപ്പുകളും മാസ്കുകളും വ്യാപകമായി വിതരണം ചെയ്തു. വിവിധ ദിവസങ്ങളിലായി നടന്ന ചടങ്ങുകളിൽ മാണി സി കാപ്പൻ എം.എൽ.എ, മന്ത്രി തിലോത്തമൻ, വികാരി ജനറാൾമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ എന്നിവർ സംബന്ധിക്കുകയുണ്ടായി.

കേരളസർക്കാർ പ്രഖ്യാപിച്ച സുഭിക്ഷകേരളം പദ്ധതിയുടെ ചുവടുപിടിച്ചുകൊണ്ട് പാലാ രൂപതയുടെ കർഷകവർഷാചരണത്തിന്റെ ഭാഗമായി ‘സുഭിക്ഷഗ്രാമം സുന്ദരഗ്രാമം’ എന്ന പരിപാടിക്ക് പി.എസ്.ഡബ്ല്യൂ.എസ്. രൂപം കൊടുത്തു.

പച്ചക്കറിത്തൈകൾ, ഫലവൃക്ഷത്തൈകൾ എന്നിവ വിതരണം ചെയ്തതിനൊപ്പം വിവിധയിനം ജൈവവളങ്ങളും പി.എസ്. ഡബ്ല്യു.എസ്. അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിലൂടെ വിതരണം ചെയ്തുവരുന്നു. കൂടാതെ, അടുക്കളമാലിന്യങ്ങളിൽ നിന്ന് അമൂല്യവളം ഉറപ്പുവരുത്താൻ സാധിക്കുന്ന ജൈവഭരണികൾ, ഹൈടെക് കോഴിക്കൂടുകൾ, പൊരുന്നയില്ലാതെ തുടർച്ചയായി 380 മുട്ടകൾ വരെ നൽകുന്ന BV 380 ഇനം ഹൈബ്രീഡ് കോഴിക്കുഞ്ഞുങ്ങൾ, ഗ്രാമശ്രീ, ഗ്രാമപ്രിയ തുടങ്ങിയ വിവിധയിനം നാടൻ കോഴിക്കുഞ്ഞുങ്ങൾ എന്നിവയും ഓർഡർ അനുസരിച്ച് വിതരണം ചെയ്തുവരുന്നു. ഒപ്പം, മത്സ്യം തങ്ങളുടെ വീടുകളിൽത്തന്നെ ഉണ്ടാവണമെന്നാഗ്രഹിക്കുന്നവർക്കായി മത്സ്യക്കൃഷിക്കാവശ്യമാംവിധം മത്സ്യക്കുളങ്ങളും പിഎസ്ഡബ്ല്യുഎസ് നിർമ്മിച്ചു നൽകുന്നുണ്ട്. ഫെറോസ് സിമന്റുകൊണ്ടുള്ള ടാങ്കുകളും, പടുതാക്കുളങ്ങളുമാണ് ഇപ്രകാരം നിർമ്മിക്കുക.

വീടുകളിൽ മത്സ്യം വളർത്താൻ ആഗ്രഹിക്കുന്നവർക്ക് വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ ഓർഡർ അനുസരിച്ച് പി.എസ്.ഡബ്ല്യു.എസ്. വിതരണം ചെയ്തു വരുന്നു.

**അഗ്രിടൂൾസ് പ്രൊമോഷൻ പ്രോഗ്രാം**

കാർഷികരംഗത്ത് നൂതനസാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താനും കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും കർഷകരിലെത്തിക്കാനും ലക്ഷ്യംവച്ചുകൊണ്ട് കേന്ദ്ര, സംസ്ഥാനസർക്കാരുകൾ സംയുക്തമായി ആവിഷ്കരിച്ചിരിക്കുന്ന കാർഷികയന്ത്രവത്കരണ ഉപപദ്ധതി (SUB-MISSION ON AGRICULTURAL MECHANISATION - SMYM) യുടെ ആനുകൂല്യങ്ങൾ കർഷകരിലെത്തിക്കുവാൻ പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി രൂപംകൊടുത്തിരിക്കുന്ന കർഷക സഹായപദ്ധതിയാണ് അഗ്രി ടൂൾസ് പ്രൊമോഷൻ പ്രോഗ്രാം. കാടുവെട്ടുയന്ത്രം, പവർടില്ലർ, നടീൽ യന്ത്രം, ട്രാക്ടർ, സസ്യസംരക്ഷണോപകരണങ്ങൾ, കൊയ്ത്തു മെതിയന്ത്രം, തുടങ്ങി വിവിധ തരത്തിലുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് വ്യക്തിഗതഗുണഭോക്താക്കൾക്ക് 50–90 വരെയും കർഷകദളകൂട്ടായ്മകൾക്ക് 80% വരെയും സർക്കാർ ധനസഹായം ലഭ്യമാകുന്നതാണ്. കർഷകദളകൂട്ടായ്മകൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതാവണം. പി.എസ്.ഡബ്ല്യു.എസിൽ അഫിലിയേറ്റു ചെയ്തിരിക്കുന്ന സ്വയം സഹായസംഘങ്ങൾ, കർഷകദളങ്ങൾ എന്നിവയിൽ അംഗങ്ങളായ എല്ലാവർക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താനാകും. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.ഡബ്ല്യു.എസ് ഓഫീസുമായി ബന്ധപ്പെടുക: 9447601428, 9961668240.

Deepanalam Weekly

RNI No : 16998/68
Vol. 53 No. 10 Date of Publication 2 July 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

48 വർഷത്തെ ചികിത്സാപാരമ്പര്യം

# ശ്രീകൃഷ്ണ ആയുർവ്വേദ കേന്ദ്രം

**ഐങ്കൊമ്പ് – 686 653**

**ഫോൺ: 04822 – 246446, 9349507287**

## മദ്ധ്യകേരളത്തിലെ പ്രമുഖ ആയുർവ്വേദ ആശുപത്രി

**ചങ്ങനാശ്ശേരി ഒ.പി.**

വള്ളിക്കാവ് ജംഗ്ഷൻ, പെരുന്ന, ഫോൺ: 04812–402716

**എല്ലാവിധ രോഗങ്ങൾക്കും ഒ. പി. & ഐ. പി. വിഭാഗങ്ങൾ**




### ചികിത്സാവിഭാഗങ്ങൾ

- കായരോഗവിഭാഗം (General Medicine)
- പഞ്ചകർമ്മചികിത്സ
- ആയുർവ്വേദിക് ഡയബറ്റിക് ക്ലിനിക്
- തിരുമ്മുചികിത്സ
- യോഗ–പ്രകൃതി ചികിത്സ
- സന്ധിവാത ചികിത്സ
- അമിതവണ്ണത്തിനുള്ള ചികിത്സ
- വന്ധ്യതാ ചികിത്സ
- ബാലചികിത്സ (Paediatrics)

**ചീഫ് ഫിസിഷ്യൻ:**
ഡോ. എൻ.കെ. മഹാദേവൻ D.A.M.

**അസിസ്റ്റന്റ് ഫിസിഷ്യൻസ്:**
ഡോ. കെ.എം. കൃഷ്ണപ്രിയ B.H.M.S.
ഡോ. കെ.എം. കൃഷ്ണപ്രീത B.A.M.S, P.G.D.Y.
ഡോ. ശ്രീദേവി B.A.M.S.

### അസ്ഥിതേയ്മാനത്തിന് (OSTEOPOROSIS)

**പ്രത്യേകചികിത്സ ആരംഭിച്ചിരിക്കുന്നു**

കാൽമുട്ടുവേദന, വീക്കം, നടുവേദന, ഡിസ്ക് തള്ളൽ, പിടലിവേദന, ഉരത്തിനു വേദന, മരപ്പ് എന്നിവയൊക്കെ അസ്ഥിതേയ്മാനത്തിന്റെ ലക്ഷണമാകാം. അതിനുള്ള പ്രത്യേക കിഴികൾ, ഉപനാഹം, ബന്ധനം, ലേപനം, ധാര, തൈലസേവ, സൂപ്പു ചേർത്ത ഔഷധങ്ങൾ, ഔഷധഘൃതം എന്നിവ ഫലപ്രദമായി ചെയ്തുവരുന്നു.

### ഞങ്ങളുടെ പ്രത്യേകതകൾ

- പ്രകൃതിരമണീയമായ ഗ്രാമീണാന്തരീക്ഷം
- ചികിത്സയ്ക്കുള്ള ഔഷധങ്ങൾ ആശുപത്രിയിൽത്തന്നെ നിർമ്മിക്കുന്നു
- 42-ൽ പരം വർഷത്തെ പരിചയമുള്ള സ്ത്രീ-പുരുഷ പഞ്ചകർമ്മ ടെക്നീഷ്യൻസ്

ആയുർവ്വേദത്തിന്റെ മൂല്യം കാത്തു സൂക്ഷിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com